ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാധാരണ ജനങ്ങളുടെ ആരോഗ്യത്തിന്റെയും അതുവഴി അവരുടെ ജീവിതത്തിന്റെയും സംരക്ഷണത്തിനായി പ്രവർത്തിക്കേണ്ട ആരോഗ്യവകുപ്പിന്റെ പ്രവർത്തനം തകർച്ചയെ നേരിടുന്ന സന്ദർഭത്തിലാണ് ഈ ധനാഭ്യർത്ഥന ചർച്ച നടക്കുന്നത്. പ്രശ്നങ്ങളുടെ ഈജിയൻ തൊഴുത്തായ ആരോഗ്യവകുപ്പിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതെ നിസ്സഹായനായി മന്ത്രി നിൽക്കുകയാണ്. അദ്ദേഹം ഇതികർത്തവ്യതാമൂഢനായി നിൽക്കുന്നുവെന്ന് ഞാൻ പറയുന്നില്ല. കാരണം അദ്ദേഹം മൂഢനല്ല, "ബുദ്ധിമാൻ" തന്നെയാണ്. അദ്ദേഹം പറയുന്നത് ഉദ്യോഗസ്ഥൻമാർക്ക് മനസ്സിലാകുന്നില്ല. ഉദ്യോഗസ്ഥൻമാർ പറയുന്നത് അദ്ദേഹത്തിനും മനസ്സിലാകുന്നില്ല. ആരോഗ്യവകുപ്പ് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് നേരത്തെ സംസാരിച്ച ബഹുമാനപ്പെട്ട വി. ജെ. പൗലോസ് സൂചിപ്പിച്ചിട്ടുണ്ട്. അത്യാവശ്യ മരുന്നുകളില്ല, ഡോക്ടർമാരില്ല, ഉപകരണങ്ങളില്ല, സർക്കാർ ആശുപത്രികൾ മരണശയ്യയിൽ കിടക്കുകയാണ്. ആ മരണശയ്യയിൽ കിടക്കുന്ന ആശുപത്രിയിൽനിന്ന് സാധാരണക്കാരനെ ആട്ടി ഓടിക്കുന്നതിനാണ് സർക്കാർ വന്നയുടൻ ഒറ്റയടിക്ക് ചികിൽസാ ഫീസ് ഏർപ്പെടുത്തിയത്. ശക്തമായ പൊതുജന സമ്മർദ്ദത്തെത്തുടർന്ന് അത് പിൻവലിക്കേണ്ടിവന്നുവെങ്കിലും ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ഇപ്പോഴും ചികിൽസാ ഫീസിന്റെ വക്താവാണ്. അത് പിൻവലിച്ചതിൽ അദ്ദേഹം ദുഃഖിക്കുകയാണ്. കുറവുകളും, കുറ്റങ്ങളും ഉണ്ടെങ്കിലും പൊതുജനാരോഗ്യസംവിധാനത്തിലൂടെ കേരളം വർഷങ്ങളായി നേടിയെടുത്ത നേട്ടങ്ങളായ ഏറ്റവും കൂടിയ ആയുർദൈർഘ്യം, കുറഞ്ഞ ശിശു മരണനിരക്ക്, കുറഞ്ഞ ജനനനിരക്ക് തുടങ്ങിയവ വികസിത രാജ്യങ്ങൾക്ക് തുല്യമായ നേട്ടങ്ങളാണ്. ആ നേട്ടങ്ങളെയാകെ തകർക്കുന്ന സമീപനമാണ് ഈ സർക്കാർ വന്നതിനുശേഷം എടുത്തുകൊണ്ടിരിക്കുന്നത്. പക്ഷെ, ഒരു കാര്യത്തിൽ പ്രശംസിക്കാതിരിക്കാൻ വയ്യ. അങ്ങനെയൊക്കെയാണെങ്കിലും നല്ല ചിട്ടയോടുകൂടി ഒരു കാര്യം നടക്കുന്നുവെന്ന് സമ്മതിക്കുന്നു; അഴിമതിയും സ്വജനപക്ഷപാതവും. ഡോക്ടർമാരുടെ ട്രാൻസ്ഫറിൽ കോൺഗ്രസ് പ്രവർത്തകൻ കൈക്കൂലി വാങ്ങിയെന്ന് മന്ത്രിതന്നെ പറഞ്ഞതായിട്ട് എല്ലാ പത്രങ്ങളിലും വാർത്ത വന്നിട്ടുണ്ട്. "കോൺഗ്രസ് പ്രവർത്തകൻ ഡോക്ടറുടെ കയ്യിൽനിന്ന് അര ലക്ഷം രൂപ വാങ്ങി. അങ്ങനെ വാങ്ങിയതിന് കെ. പി. സി. സി. പ്രസിഡന്റിനോട് പരാതിപ്പെട്ടിട്ടുണ്ട്" എന്ന് മന്ത്രി കോഴിക്കോട് ഒരു പ്രസംഗത്തിൽ പറയുകയുണ്ടായി. എനിക്ക് പറയാനുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ സ്തുതിപാഠകരേയും കാര്യം സാധിപ്പുകാരായ സിൽബന്ധികളേയും അസ്ഥാനത്ത് കയറ്റിയിരുത്തിയിരിക്കുന്നത് അദ്ദേഹം തന്നെയാണ് എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലും കണ്ണൂർ ജില്ലയിലും പാർട്ടൈം സ്വീപ്പർമാരെ നിയമിച്ചതിൽ കേട്ടു കേൾവിയില്ലാത്ത വിചിത്രമായ ഒരു ഉത്തരവ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽനിന്നും ഇറക്കുകയുണ്ടായി. പാർട്ട്ടൈം സ്വീപ്പർമാരെ നിയമിക്കുമ്പോൾ... ശ്രീ. വി. എം. സുധീരന്റെ കാലത്തായാലും അതിനുശേഷമായാലും ഉള്ള ഉത്തരവിന്റെ കോപ്പി ഇവിടെയുണ്ട്. 50 മാർക്കിൽ ഓരോ മാർക്കും എങ്ങനെ കൊടുക്കണമെന്ന് പഴയ ഉത്തരവിൽ പറയുന്നുണ്ട്. എഡ്യൂക്കേഷണൽ ക്വാളിഫിക്കേഷന് 5 മാർക്ക് age up to 35 years- 5 for every completed year-above 35. ഓരോ വർഷവും ഓരോ മാർക്ക്. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോറിറ്റിക്ക് ഓരോ വർഷത്തേയ്ക്കും 1 മാർക്ക്. സ്പെഷ്യൽ കാറ്റഗറിക്ക് 5 മാർക്ക്. ഇന്റർവ്യൂബോർഡിന് ഒറ്റ മാർക്കും പറഞ്ഞിട്ടില്ല. ഈ സർക്കാർ വന്നതിനുശേഷം 13-11-2001-ൽ വീണ്ടും ഒരു ഉത്തരവ് ഇറക്കി. ആ ഉത്തരവിൽ ആകെയുള്ള 50 മാർക്കിൽ 30 മാർക്ക് ഇന്റർവ്യൂബോർഡിന് നൽകിയിരിക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്. മുഖ്യമന്ത്രികൂടി ഇതു ശ്രദ്ധിക്കണം. സാധാരണക്കാരെ, ചെറുപ്പക്കാരെ ഇന്റർവ്യൂ നടത്തി നിയമിക്കുമ്പോൾ 30 മാർക്ക് ഇന്റർവ്യൂ ബോർഡിന് എന്നത് കേരളത്തിന്റെ ചരിത്രത്തിൽ ഒരു വകുപ്പിലും ഇതേവരെ ഉണ്ടായിട്ടില്ല. എഡ്യൂക്കേഷണൽ ക്വാളിഫിക്കേഷന് മാർക്കില്ല. അതുപോലെ വെയിറ്റേജ് മാർക്ക് 10, ഹെൽത്ത് ആന്റ് ഫിറ്റ്നസ് 10. ഇന്റർവ്യൂബോർഡിന് എന്തിനാണ് 30 മാർക്ക് കൊടുത്തതെന്ന് വളരെ വ്യക്തമാണ്. കണ്ണൂരും കോഴിക്കോടുമുള്ള ഓഫീസുകളിൽ മന്ത്രിയുടെ വകുപ്പിന്റെ ഉത്തരവ് വന്നു. ആ ഉത്തരവിൽ പറയുന്നത് :

Government are pleased to nominate the following persons to inter-district level selection committee for selection of provisional appointment for part-time sweepers through employment exchanges in Kozhikode, Kannur Districts എന്നാണ്.

കണ്ണൂർ ഡിസ്ട്രിക്ടിൽ ആരാണ് ഡി. എം. ഒ-യുടെ ഇന്റർവ്യൂ ബോർഡിൽ ഇരിക്കുന്നത്? ഒരാൾ "ഉപേന്ദ്രൻ", കോൺഗ്രസിന്റെ കണ്ണൂർ ബ്ലോക്ക് പ്രസിഡന്റാണ്. മറ്റൊരാൾ കോൺഗ്രസിന്റെ മറ്റൊരു പ്രവർത്തകനായ വി. കെ. കാഞ്ഞിലേരി. ഈ രണ്ട് ആളുകളാണ് ഇരിക്കുന്നത്. ഡി. എം. ഒ. നടത്തേണ്ട ഇന്റർവ്യൂ നടത്താൻ നേരിട്ട് കോൺഗ്രസ്സുകാരെ തിരുകിക്കയറ്റുകയാണ്. കോഴിക്കോട് പി. സത്യനാഥ്, ടി. വി. രാമചന്ദ്രൻ ഇവർ രണ്ടുപേരും എൻ. ജി. ഒ. അസോസിയേഷൻ പ്രവർത്തകൻമാരായിരുന്നു. റിട്ടയർ ചെയ്ത് ഇപ്പോൾ കോൺഗ്രസിന്റെ സജീവ പ്രവർത്തകരാണ്. കോൺഗ്രസിന്റെ സജീവ പ്രവർത്തകരെ ഇന്റർവ്യൂ ബോർഡിൽ തിരുകിക്കയറ്റി സ്വന്തക്കാരേയും, പാർശ്വവർത്തികളെയും പണംവാങ്ങി നിയമിക്കാനുള്ള നടപടിയാണ് മന്ത്രി സ്വീകരിച്ചത്. ഇത് നഗ്നമായ അഴിമതിയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതേവരെ ആരോഗ്യവകുപ്പിൽ നടന്നിട്ടില്ലാത്ത വിചിത്രമായ ഉത്തരവിലൂടെയാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. കണ്ണൂരിൽ ഡി. വൈ. എഫ്. ഐയുടെ പ്രക്ഷോഭം നടന്നു. ആരോഗ്യവകുപ്പിലെ അഴിമതിയുടെ സാക്ഷ്യപത്രങ്ങളാണ് ഈ രണ്ട് ഉത്തരവുകൾ. ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ട് നടത്തുന്ന അഴിമതി കേരളത്തിലെ ആരോഗ്യ വകുപ്പിൽ എല്ലാ രംഗത്തും ഇന്ന് നടമാടുകയാണ്. സ്വകാര്യവൽക്കരണത്തെ ന്യായീകരിക്കുന്ന മന്ത്രി ഈ സ്ഥാനം ഉപയോഗിച്ചുകൊണ്ട് പാർശ്വവർത്തികളായ, ബന്ധപ്പെട്ടവരെ ഉദ്യോഗത്തിലേക്ക് തിരുകിക്കയറ്റാൻ... മറയില്ലാതെ ശ്രമിക്കുകയാണ്. നിലാവുണ്ടെന്നു കരുതി പുല



LIBRARY ARCHIVES Kerala Legislative Assembly

Page 24 of 94

രുവോളം മോഷ്ടിച്ചാൽ എങ്ങനെയാണ്? ഒരു മറയും ഇല്ലാത്തവിധത്തിൽ ഞെട്ടിപ്പിക്കുന്ന ഓർഡറാണ് ആരോഗ്യവകുപ്പ് ഇറക്കിയത്. ഈ അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. നമ്മുടെ ആരോഗ്യവകുപ്പ് രക്ഷപ്പെടണമെങ്കിൽ അതിന് ഏറ്റവും നല്ല നിർദ്ദേശങ്ങൾ കഴിഞ്ഞ എസ്റ്റിമേറ്റ്സ് കമ്മിറ്റിതന്നെ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്ക് ആരോഗ്യ പരിരക്ഷയ്ക്കുള്ള മെഡിക്കൽ കോളേജ്, താലൂക്ക് ആശുപത്രി, പി. എച്ച്. സി. തുടങ്ങി കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്താൻ ഉള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. മുഖ്യമന്ത്രിതന്നെ ഒരു സമ്മേളനത്തിൽ പറയുകയുണ്ടായി, ഉദാരവൽക്കരണം എന്നു പറഞ്ഞാൽ ജനങ്ങൾക്കുവേണ്ടി ഉള്ള കാര്യങ്ങൾ സ്വീകരിക്കലാണെന്ന്. പക്ഷെ ഇവിടെ ജനങ്ങൾക്ക് ഏറ്റവും പ്രയോജനമുള്ള ആരോഗ്യരംഗത്താണ് മാരകമായ സ്വകാര്യവൽക്കരണം ഗവൺമെന്റ് നടപ്പിലാക്കുന്നത്. സ്വകാര്യവൽക്കരണത്തിന്റെയും, അഴിമതിയുടെയും ഗന്ധം ഗതാഗത വകുപ്പിലേക്കും ആഞ്ഞടിക്കുന്നുണ്ട്. എൽ. ഡി. എഫ്. ഭരണകാലത്ത് തൊഴിലാളി സംഘടനകളുടെ സഹായത്തോടെ ശ്രദ്ധേയമായ നേട്ടങ്ങൾ നേടിയ കെ. എസ്. ആർ. ടി. സി. ഇന്ന് വലിയ പ്രതിസന്ധിയെ നേരിടുകയാണ്. സഭയിൽ മന്ത്രി നൽകിയ മറുപടിയിൽ 3,444 ബസ്സുകൾ ഉണ്ടെന്നാണ് പറഞ്ഞത്. അതിൽ 2192 ബസ്സുകളും എൽ. ഡി. എഫ്. ഭരണകാലത്ത് വാങ്ങിയതാണ്. പുതുതായി ഒരു ബസ്സുപോലും വാങ്ങിയിട്ടില്ല. വാങ്ങും എന്ന് പറയുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. കെ. ചന്ദ്രന്റെ " ഈ സർക്കാരിന്റെകാലത്ത് സർവ്വീസ് നടത്തുന്ന എത്ര ബസ്സുകൾ ഉണ്ട് " എന്ന ചോദ്യത്തിന് 2192 ബസ്സുകൾ എന്നു പറഞ്ഞു. "ഇപ്പോൾ എത്രയെണ്ണം വാങ്ങാൻ ഉദ്ദേശിക്കുന്നു" എന്നതിന് 312 ബസ്സുകൾ. അപ്പോൾ പുതുതായി 312 ബസ്സുകൾ മാത്രം! ധവളപത്രത്തിൽ പറയുന്നതുപോലെ കെ. എസ്. ആർ. ടി. സിയെ ഫ്രീസ്ചെയ്ത് അതിനെ നശിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. അതുപോലെ അഴിമതിയുടെ കാര്യങ്ങൾ ! ഇവിടെ ബഹുമാനപ്പെട്ട മെമ്പർ രാജൻ സംസാരിക്കുമ്പോൾ ഇന്ത്യ ടുഡേ-യിലെ ഒരു വാർത്ത പറഞ്ഞു. ഗതാഗതവകുപ്പിൽ നടക്കുന്ന അഴിമതികളുടെ ചിത്രം രണ്ടു ലക്കങ്ങളിലായിട്ട് ഇന്ത്യ ടുഡേയിൽ വന്നിരിക്കുകയാണ്. ഈ അഴിമതിയുടെ പത്രവാർത്ത മാത്രമല്ല മന്ത്രിയുടെ പ്രസ്താവനയായിത്തന്നെയുണ്ട്. മന്ത്രി പറയുന്നു, ആർ. റ്റി. ഓഫീസിൽ ഏജന്റുമാരെ കയറ്റുകയില്ലെന്ന്. നല്ല കാര്യമാണ്. ഞാൻ പറയുന്നത് ആർ. ടി. ഓഫീസിൽനിന്ന് ഏജന്റുമാരെ ഒഴിവാക്കി, 'ആർ ടി. ഒ-യെത്തന്നെ ഈ മന്ത്രിയുടെ ഏജന്റായി മാറ്റിയിരിക്കുകയാണ്. അതാണ് തൃശ്ശൂരിൽ കണ്ടത്. ഏജന്റുമാരെ മാറ്റി ആർ. ടി. ഒ. തന്നെ ഏജന്റായി മാറുന്നു. ആർ. ടി. ഒ. ഓഫീസിൽനിന്ന് ഏജന്റുമാരെ ഒഴിവാക്കണമെന്ന പ്രഖ്യാപനം നടത്തിയ അതേ ആഴ്ചയിലാണ് തൃശ്ശൂരിൽ കൈക്കൂലിക്കേസിൽ ആർ. ടി. ഒ. പിടിയിലായത്. ആർ. ടി. ഒ. ഓഫീസിൽ ഉദ്യോഗസ്ഥൻമാർ പിടിയിലാകുന്നത് സാധാരണമാണ്. മേയ് 24-ാം തീയതി മനോരമയിൽ വന്ന ഒരു വാർത്ത ഞാൻ വായിക്കാം. "കൈക്കൂലിക്കേസിൽ ആർ. ടി. ഒ. പിടിയിൽ." "പാർട്ടികളുടെ കൂപ്പൺ കണ്ടെടുത്തു". ഗതാഗതവകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെ പാർട്ടിയായ കേരള കോൺഗ്രസ് (ബി) യുടെ പ്രവർത്തക ഫണ്ടിലേക്കുള്ള 500 രൂപയുടെയും 1,000 രൂപയുടെയും കൂപ്പണുകൾ മേശയിൽനിന്നും കണ്ടെടുത്തു. ഞാൻ ഇവിടെ ഉന്നയിക്കുന്നത് ആ ആർ. ടി. ഒ. അഴിമതി നടത്തി, വിജിലൻസ് പിടികൂടി 23-ാം തീയതി അദ്ദേഹത്തെ വിജിലൻസ് അറസ്റ്റുചെയ്തു. 25-ാം തീയതിവരെ ലോക്കപ്പിൽ കിടന്നു. ഞാൻ ചോദി

LIBRARY ARCHIVES Kerala Legislative Assembly

Page 25 of 94

ക്കുന്നത് അങ്ങനെ വിജിലൻസ് പിടികൂടി ലോക്കപ്പിൽ കിടന്ന ആർ. ടി. ഒ. ക്കെതിരെ നടപടി സ്വീകരിക്കാൻ അദ്ദേഹത്തെ സസ്പെന്റ് ചെയ്യാൻ ഈ മന്ത്രി തയ്യാറായോ? തയ്യാറായില്ല. സസ്പെന്റ് ചെയ്യാൻ തയ്യാറായില്ല എന്നുമാത്രമല്ല ആ ഉദ്യോഗസ്ഥനെ ജയിലിൽ നിന്നും വന്നയുടൻ തിരുവനന്തപുരം ട്രാൻസ്പോർട്ട് ഓഫീസിലേയ്ക്ക് സ്പെഷ്യൽ ആർ. ടി. ഒ. ആയി നിയമിക്കുകയാണ് മന്ത്രി ചെയ്തത്. അതാണ് പ്രശ്നം. കുറ്റക്കാരെ ശിക്ഷിക്കുന്നതിനു പകരം അവരെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. ഇന്ത്യ ടുഡേയിൽ വന്ന കാര്യം ഞാൻ ആവർത്തിക്കുന്നില്ല. തലങ്ങും വിലങ്ങും ഉദ്യോഗസ്ഥൻമാരെ ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. അതിനെക്കുറിച്ചുള്ള വിശദമായ രേഖയാണ് 2001 ആഗസ്റ്റ് 1-ന് പുറത്തിറങ്ങിയ ലിസ്റ്റിൽ 85 ആർ. ടി. ഒ.മാരെ ഒറ്റയടിക്ക് മാറ്റിയത്. ഞാൻ ഇന്ത്യടുഡേയിലെ ഒരു പ്രസക്തമായ വാചകം മാത്രം വായിക്കാം. പ്രാധാന്യത്തോടു കൂടി രണ്ടു ലക്കങ്ങളിൽ വന്ന ഒരു വാചകം മാത്രം ഞാൻ വായിക്കാം. "പണം കൊടുത്താൽ ഏത് ഉദ്യോഗസ്ഥനും ഇഷ്ടമുള്ള സ്ഥലത്ത് നിയമനം കിട്ടുമെന്നായി. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്ക് 1 ലക്ഷം രൂപയും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്ക് 2 ലക്ഷം രൂപയും ആർ. ടി. ഒ. മാർക്ക് 3 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപവരെയുമാണ്. സസ്പെൻഷനിലായാൽ തിരിച്ചെടുക്കാൻ 1 ലക്ഷം രൂപയോളം. പുതിയ നിയമനത്തിന് 1 ലക്ഷം രൂപവരെ, കൊട്ടാരക്കരയിലെ ബസ് ഉടമ സ്ഥലംമാറ്റത്തിന് 2 കോടിയോളം രൂപ കൈപ്പറ്റി" എന്ന് രേഖയിൽ പറയുന്നു. ഇതിനെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. കെ. കെ. ബാവ : സർ, ആരോഗ്യംപോലും അവഗണിച്ച് ആരോഗ്യ വകുപ്പ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനത്തിലേർപ്പെട്ട ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ചെറുപ്പക്കാരനായ, നമ്മുടെ പ്രതീക്ഷയായ, ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി ശ്രീ. ഗണേഷ്കുമാറും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. അപ്പുറത്തുള്ളവരുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് തോന്നിയത് സമ്മിശ്രവികാരമാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി അഴിമതിക്ക് വിരുദ്ധമായി നിന്നു. അതിനെതിരായി നിന്നു എന്നുള്ള പരാമർശം അപ്പുറത്തുനിന്നുള്ള രണ്ടു പ്രസംഗങ്ങളിലും പ്രകടമായി കേൾക്കാൻ സാധിച്ചു. പിന്നെ അഴിമതിയാരോപണമുന്നയിച്ചത് ചെറുപ്പക്കാരനായ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിക്കെതിരായിട്ടാണ്. എന്തെങ്കിലും ഉന്നയിക്കുക എന്നുള്ളതുമാത്രമല്ല. ട്രാൻസ്പോർട്ട് കോർപ്പറേഷനെ ജനങ്ങൾ അവരുടെ മനസ്സിൽനിന്നെഴുതിത്തള്ളിയതാണ്. നിങ്ങളൊക്കെ ഭരിക്കുന്നകാലത്ത് ജനങ്ങൾക്ക് ഇതിൽ ഒരു പ്രതീക്ഷയുമുണ്ടായിരുന്നില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷനെ ജനങ്ങൾക്കുപയുക്തമാക്കുമെന്ന ദൃഢനിശ്ചയവുമായി മുന്നോട്ടുപോകുന്ന മന്ത്രിയെ നിരുൽസാഹപ്പെടുത്തുക എന്നുള്ളതാണ് നിങ്ങളുടെ ആരോപണത്തിന്റെ പിന്നിലുള്ള ഉദ്ദേശം. ഈ രണ്ട് വകുപ്പും രാഷ്ട്രീയത്തിനതീതമായി കാണേണ്ട വകുപ്പുകളാണ്. രണ്ടിനും പാർട്ടിയില്ല. രോഗം ആർക്കാണ് വരുന്നതെന്ന് പറയാൻ കഴിയുമോ? കോൺഗ്രസ്സുകാർക്കോ ലീഗുകാർക്കോ മാത്രമാണോ രോഗം വരുന്നത്? ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളവർക്കൊക്കെ രോഗം പിടിപെടുന്നില്ലേ? നമുക്ക് രോഗത്തിൽനിന്ന് രക്ഷപ്പെടേണ്ടേ? അതിനു നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുകയല്ലാതെ മറ്റെന്തു

LIBRARY ARCHIVES Kerala Legislative Assembly

വഴിയാണ് നമ്മുടെ മുൻപിലുള്ളത്? നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്ത് വളരെ മുന്നിലാണ്. അത് എല്ലാവരും സമ്മതിക്കുന്ന ഒരു വസ്തുതയാണ്. എന്നാൽ നമ്മളെ ഈ കാര്യത്തിൽ അങ്ങേയറ്റം പ്രശംസിച്ചുകൊണ്ടിരുന്ന അമാർത്യാസെൻപോലും ഇപ്പോൾ കേരളം രോഗാതുരമാണെന്നു പറഞ്ഞിരിക്കുന്നു. ഇത് നമ്മൾ ഗൗരവമായി കാണേണ്ട ഒരു സംഗതിയാണ്. നമ്മുടെ നാട്ടിൽനിന്ന് നമ്മൾ നിർമ്മാർജ്ജനം ചെയ്തു വെന്നു കരുതിയിരുന്ന സാംക്രമിക രോഗങ്ങൾ വളരെ ഗുരുതരമായ രീതിയിൽ ഇപ്പോൾ തിരിച്ചു വരുകയാണ്. എലിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ രോഗങ്ങൾക്കു പുറമേ പ്രത്യേ കതരം മെനിഞ്ജെറ്റീസ് എന്ന രോഗം മലപ്പുറം പോലുള്ള പ്രദേശങ്ങളിൽ കണ്ടു വരുന്നു. വളരെ പെട്ടെന്ന് ഇതുമൂലം ആളുകൾ മരിച്ചുപോകുന്ന സ്ഥിതിവിശേഷമു ണ്ട്. അതുപോലെ തീരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം പകർച്ചവ്യാധികൾ അവിടെ കൂടിക്കൂടി വരുന്ന സാഹചര്യമുണ്ട്. അതോടൊപ്പംതന്നെ ആരോഗ്യമേഖ ലയിൽ ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ വളരെ അപര്യാപ്തമാണ്. ഒരുപാട് പരിമിതികളുമുണ്ട്. ആശുപത്രികൾക്കാണെങ്കിൽ ചിലയിടത്ത് കെട്ടിടങ്ങളില്ല, ചില സ്ഥലങ്ങളിൽ കെട്ടിടമുണ്ടായിട്ടും ഡോക്ടർമാരില്ല. അവിടെ മറ്റു തസ്തികകളും നമുക്ക് അനുവദിക്കാൻ സാധിക്കുന്നില്ല. ആവശ്യമുള്ള ഫർണീച്ചർ നൽകാൻ സാധിക്കുന്നില്ല. മരുന്ന് കൊടുക്കാൻ സാധിക്കുന്നില്ല തുടങ്ങിയ സ്ഥിതിവിശേഷമൊക്കെയുണ്ട്. ധാരാളം പരിമിതികൾ നമ്മളെ സംബന്ധിച്ചിടത്തോളമുണ്ട് എന്നുള്ളത് സത്യമാണ്. എന്നാൽ അതോടൊപ്പംതന്നെ രാഷ്ട്രീയത്തിന്റെ അതിപ്രസരം കടന്നുകയറുന്നതുകൊണ്ട് നമ്മുടെ ആരോഗ്യമേഖലയെക്കുറിച്ച് വലിയ തെറ്റിദ്ധാരണ ഉണ്ടാകുന്നു. നമ്മൾ മന്ത്രിക്കെ തിരെ ആരോപണം ഉന്നയിക്കണമെന്നുള്ളതുകൊണ്ട്. അല്ലെങ്കിൽ ഗവൺമെന്റിനെ കുറ്റ പ്പെടുത്തണമെന്നുള്ളതുകൊണ്ട് ആരോഗ്യമേഖലയേയും നമ്മുടെ ആശുപത്രിയുടേയും മറ്റു സംവിധാനങ്ങളുടേയും കാര്യങ്ങളെക്കുറിച്ച് ഒന്നായി അടച്ചാക്ഷേപിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഫീസ് വർദ്ധനയുടെ പേരിൽ ഉണ്ടായിട്ടുള്ള കോലാഹലം. അത് തീർത്തും തെറ്റിദ്ധാരണാജനകമായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമി ല്ല. അത് വാസ്തവത്തിൽ നമ്മുടെ ആശുപത്രികളെക്കുറിച്ചുള്ള ധാരണ മാറ്റുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്തൊക്കെയോ സംശയങ്ങൾ ആളുകൾക്കുണ്ടാകാൻ അതു കാര ണമായിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവാ ദിത്വം വളരെ വലുതാണ് എന്നാണ് എന്റെ വിശ്വാസം. നമ്മുടെ സർക്കാർ ആശുപത്രി കളുടെയും മെഡിക്കൽ കോളേജുകളുടേയും വിശ്വാസ്യത നിലനിർത്തുന്നതിന് എന്തു ബുദ്ധിമുട്ട് ഉണ്ടായിരുന്നാലും അതിനെ ആര് എതിർത്തുനിന്നാലും ആശുപത്രിക ളുടെ വിശ്വാസ്യത ഉറപ്പുവരുത്താനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. നമ്മൾ സ്വകാര്യമേഖലയെ എല്ലാ രംഗത്തേയ്ക്കും ആകർഷിക്കുകയാണ്. അപ്പുറത്തുനിന്ന് ആക്ഷേപിച്ചാലും ആക്ഷേപിക്കുന്ന ആളുകൾക്കുപോലും അതിൽനിന്ന് മാറിനിൽക്കാൻ സാധിക്കുകയില്ലായെന്നുള്ളത് ഒരു സത്യമല്ലേ? ബംഗാൾ ഇതിന് ഉദാഹരണമാണ്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും ഉദാഹരണമാണ്. ഞാൻ കൂടുതലായിട്ടൊന്നും വിശദീകരി ക്കാൻ ആഗ്രഹിക്കുന്നില്ല. മറ്റേത് രംഗത്തുമെന്നതുപോലെ ഈ രംഗത്തും നമ്മുടെ സ്വകാര്യമേഖല പ്രശംസനീയമായ സേവനം നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. പക്ഷെ , അതേസമയം അവിടെ ജനങ്ങൾ ചൂഷണം ചെയ്യപ്പെ ടുന്നു. രോഗികൾ ചൂഷണം ചെയ്യപ്പെടുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഉദാഹരണ

LIBRARY ARCHIVES Kerala Legislative Assembly

മായി ചില പ്രൈവറ്റ് ആശുപത്രികളിൽ പോയാൽ അവിടെ രോഗികൾ മരിച്ചുകഴിഞ്ഞാലും വിടുന്നില്ല; അവർ പറയുന്നത്, ഒരു ഡോക്ടർകൂടി വരാനുണ്ട്, അദ്ദേഹംകൂടി വന്ന് പരിശോധിച്ച് നോക്കട്ടെ എന്നാണ്. എന്നിട്ട് ആ ഫീസും കൂടി എഴുതിവാങ്ങിയ ശേഷം ഡെഡ്ബോഡി വിട്ടുകൊടുക്കുന്ന ചില സ്വകാര്യ ആശുപത്രികൾ നമ്മുടെ സംസ്ഥാനത്തുണ്ട് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രി വിസ്മരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ സർക്കാർ ആശുപത്രികളെ തകർക്കുന്നതിനുവേണ്ടി രാഷ്ട്രീയക്കാരുടെ പ്രചരണം മാത്രമല്ല ഉപയുക്തമാക്കുന്നത്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന വലിയവലിയ ആശുപത്രികളുടെ ഏജന്റുമാർ നമ്മുടെ മെഡിക്കൽകോളേജുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിലയുറപ്പിച്ചിരിക്കുന്നു. രോഗികളിൽ ആശയക്കുഴപ്പമുണ്ടാക്കാനും അവരെ മെഡിക്കൽ കോളേജുകളിൽ നിന്ന് പിൻതിരിപ്പിച്ചുകൊണ്ടുപോകാനുമുള്ള ശ്രമങ്ങൾ നടത്തി സ്വകാര്യ ആശുപത്രികളുടെ ഏജന്റുമാർ നമ്മുടെ ആശുപത്രികളിൽ പ്രവർത്തിക്കുന്നു. ഈമാതിരി ഗുരുതരമായിട്ടുള്ള പ്രവണതകളൊക്കെ നമ്മുടെ ആരോഗ്യ മേഖലയിലും ആശുപത്രികളിലും നടമാടുന്ന കാലഘട്ടത്തിൽ ഒരു കാരണവശാലും ആശുപത്രികളുടെ പഴയ വിശ്വാസ്യത നിലനിർത്താൻ സാധിക്കുകയില്ല. അതുകൊണ്ട് ആശുപത്രികളുടെ വിശ്വാസ്യത നിലനിർത്തുന്നതോടൊപ്പംതന്നെ നമുക്ക് ജനങ്ങളെ കൂടുതലായി സർക്കാർ ആശുപത്രികളിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇതിനകം ഒരുപാട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോരോന്നായി പറയാൻ സമയക്കുറവുമൂലം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ഈ സമയത്ത് പ്രശംസിക്കുകയാണ്. അതോടൊപ്പംതന്നെ ഇന്നത്തെ പരിമിതികളും പോരായ്മകളുമൊക്കെ നികത്തുന്നതിന് ഇന്നത്തെ സാമ്പത്തിക സ്ഥിതി വച്ച് സാധിക്കാതെ വരുന്നു. എന്നാൽ മലപ്പുറം ജില്ലാ ആശുപത്രിയിൽ ജനപ്രതിനിധികളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ബന്ധപ്പെട്ട മറ്റാളുകളുടേയും സഹകരണത്തോടുകൂടി ഫലപ്രദമായ ചികിൽസ ലഭ്യമാക്കുന്നതിനുള്ള നടപടികളുണ്ടായിട്ടുണ്ട്. ഈ മാതൃക നമ്മുടെ മറ്റു ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 18 വർഷം മുൻപ് ആരംഭിച്ചതാണ് തൃശ്ശൂർ മെഡിക്കൽ കോളേജ്. ആരംഭിച്ചിടത്തുതന്നെ നിൽക്കുന്നു എന്നുള്ള ദുഃസ്ഥിതി ആ മെഡിക്കൽ കോളേജിനെ സംബന്ധിച്ച് ഉണ്ട്. 250 ഏക്കർ ഭൂമിയുള്ള ഒരേയൊരു മെഡിക്കൽ കോളേജെന്നുള്ള ബഹുമതി തൃശ്ശൂർ മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളമുണ്ട്. 250 ഏക്കർ ഭൂമി അവിടെയുണ്ട്. പക്ഷെ കെട്ടിടങ്ങളുടെ പണിയൊന്നും പൂർത്തിയായിട്ടില്ല; എന്നു മാത്രമല്ല ഒ. പി. വിഭാഗമുൾപ്പെടെ പല ഡിപ്പാർട്ടുമെന്റുകളും ഇന്നും പ്രവർത്തിക്കുന്നത് തൃശ്ശൂർ ടൗണിലാണ്. ഒ. പി.യിൽ ചെല്ലേണ്ട രോഗികളെ പരിശോധന കഴിഞ്ഞ് മുളങ്കുന്നത്തുകാവിലേയ്ക്ക് അയയ്ക്കേണ്ട സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഈ മെഡിക്കൽ കോളേജ് പൂർണ്ണമായ അർത്ഥത്തിൽ പ്രവർത്തിക്കത്തക്ക രീതിയിൽ ഒ. പി. വിഭാഗമുൾപ്പെടെയുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളും മുളങ്കുന്നത്തുകാവിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി അവിടെ വരികയും എം. എൽ. എ. മാരുമായി ചർച്ച നടത്തി ഇക്കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്നുള്ളത് സന്തോഷകരമാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഓങ്കോളജി വിഭാഗത്തിൽ



LIBRARY ARCHIVES Kerala Legislative Assembly

ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിന് ഒരു കോടി എൺപതു ലക്ഷം രൂപ ബഹു മാനപ്പെട്ട മന്ത്രി അനുവദിച്ചു തന്നത് സന്തോഷത്തോടുകൂടി ഇവിടെ രേഖപ്പെടുത്തു കയും ചെയ്യുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് റഫറൽ ആശുപത്രിയാണ്. പക്ഷെ അവിടെ ഒരു സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പണി ആരംഭിച്ചു. ബഹുമാനപ്പെട്ട മന്ത്രി യുടെ ജില്ല കൂടിയാണ്. പത്തു വർഷമായി പണി ഇഴഞ്ഞു നീങ്ങുകയാണ്. അത് എത്രയും വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇപ്പോഴും പഴയ സമ്പ്രദായമാണ് പല രംഗങ്ങളിലും വിശേഷിച്ച് കാർഡിയോളജി വിഭാ ഗത്തിൽ തുടർന്നുകൊണ്ടിരിക്കുന്നത്. ഇത് മാറ്റുന്നതിന്, ആധുനികമായിട്ടുള്ള ഉപക രണങ്ങളും സൗകര്യങ്ങളും സംവിധാനങ്ങളുമൊക്കെ ഏർപ്പെടുത്തുന്നതിന് അടിയ ന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റൊരുകാര്യം എനിക്ക് പറയാനു ള്ളത്, സമഗ്രമായിട്ടുള്ള ഒരു ആരോഗ്യനയം വേണം. ദേശീയനയമുണ്ട്, അതോടൊപ്പം തന്നെ സംസ്ഥാനതലത്തിലും സമഗ്രമായ ആരോഗ്യനയത്തിലൂടെ ജനങ്ങളേയും ഡോക്ടർമാരേയും ബോധവൽക്കരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുകയും വേണം.

എനിക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനു ള്ളത് ഗുരുവായൂർ വളരെ പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമാണ്; ബഹുമാനപ്പെട്ട മന്ത്രി ചുമതല ഏറ്റെടുത്തതിനു ശേഷം അവിടെ വളരെയധികം ബസ്സു

11 a. m.]

കൾ ഓടിത്തുടങ്ങിയിട്ടുണ്ട്. എന്നാലും അന്തർസംസ്ഥാന സർവ്വീസുക ളുടെ കുറവ് അവിടെ വരുന്ന തീർത്ഥാടകരെ സംബന്ധിച്ചിടത്തോളം പ്രയാസമുണ്ടാ ക്കുന്നുണ്ട്. അതുപോലെ ഗുരുവായൂരിൽ നിന്നും അയൽപ്രദേശങ്ങളിലേയ്ക്ക് ആവശ്യമായ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അതുപോലെ എല്ലാ മേഖലയിലും നമ്മൾ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്താൻ ശ്രമിക്കുമ്പോൾ കെ. എസ്. ആർ. ടി. സി. മാത്രം നാഷണലൈസ്ഡ് റൂട്ടുകളെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയാണ്. ഇത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം ഇപ്പോൾ ഏതാണ്ട് 400-ലധികം ട്രിപ്പുകൾ ഓടിക്കൊ ണ്ടിരിക്കുന്ന എറണാകുളം -പറവൂർ-ഗുരുവായൂർ റൂട്ട് നാഷണലൈസ് ചെയ്യുന്നതി നെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുന്നുണ്ട്; അതിന് നോട്ടിഫിക്കേഷനായി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് ഗുരുതരമായ ഒരു സ്ഥിതിയാണ് ഉണ്ടാ ക്കുക. ഇതിങ്ങനെ വന്നുകഴിഞ്ഞാൽ അവിടെ 15 മുതൽ 30 വരെ ബസ്സുകൾ മാത്രമേ ഓടുകയുള്ളൂ. അങ്ങനെവന്നാൽ ആ റൂട്ടിലുണ്ടാകുന്ന യാത്രാക്ലേശവും പ്രയാസവും വളരെ ഗൗരവമായിരിക്കുമെന്നുള്ളതുകൊണ്ട് വളരെ ഗൗരവപൂർവ്വം ആലോചിച്ചുമാ ത്രമേ ഈ റൂട്ട് ദേശസാൽക്കരിക്കുന്ന നടപടികളിലേയ്ക്ക് പോകാവൂ, ധൃതിപ്പെട്ട് ഇത് സംബന്ധിച്ച് ഒരു നടപടിയുമുണ്ടാകരുതെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ രണ്ടുവകുപ്പുകളിലേയ്ക്കുമുള്ള ധനാഭ്യർത്ഥനകളെ സന്തോഷത്തോടുകൂടി, പ്രതീക്ഷയോടുകൂടി, മറ്റെല്ലാ താൽപ്പര്യങ്ങൾക്കും അതീതമായി പൊതുജനങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടിമാത്രം നിലകൊള്ളുന്ന വകുപ്പുകളാണെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ബഹുമാനപ്പെട്ട മന്ത്രിമാരുടെ എല്ലാ ശ്രമങ്ങൾക്കും സർവ്വവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ പിന്തുണയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 29 of 94

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിമാർ രണ്ടുപേരും ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തിക്കൊണ്ട് കഴിഞ്ഞ വർഷം മുന്നോട്ടു പോയിട്ടുണ്ടെന്നുള്ളത് ഒരുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ആർക്കും ബോദ്ധ്യപ്പെടുന്ന കാര്യമാണ്. ചുരുങ്ങിയ കാലംകൊണ്ട് അതിന്റേതായ ചലനങ്ങൾ ഓരോ രംഗങ്ങളിലുമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. അടക്കമുള്ള കാര്യങ്ങൾ നമുക്കറിയാം, ഒരു പരിധിവരെ എല്ലാവരും എഴുതിത്തള്ളിയ കാര്യങ്ങളാണ്. ഇത് നന്നായി നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നുള്ള നിഗമനത്തിലെത്തിയ കെ. എസ്. ആർ. ടി. സി-യെ നിലനിൽക്കാൻ കഴിയുന്ന ഒരു സ്ഥാപനമായി, അങ്ങനെയൊരു വിശ്വാസം വളർത്തിയെടുക്കാൻ ഒരു വർഷംകൊണ്ടു പ്രവർത്തിച്ച ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബി. ഗണേഷ്കുമാറിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഈ രംഗത്തു നടത്തിയ പ്രവർത്തനങ്ങൾ നമുക്കറിയാം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രതിമാസം 65 കോടി രൂപ ചെലവും 50 കോടി രൂപയിൽ താഴെ വരുമാനവുമായിരുന്നു. 15 കോടി രൂപയിലധികം വ്യത്യാസമുണ്ടായിരുന്ന സ്ഥാനത്ത് വളരെ അച്ചടക്കത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ, വളരെ ഭാവനയോടുകൂടിയുള്ള പ്രവർത്തനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ നഷ്ടം 15 കോടിയിൽ നിന്നും 5 കോടി രൂപയായി ചുരുക്കാൻ കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി ഞാനിവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. എഴുതിത്തള്ളിയ ഒരു സ്ഥാപനത്തെ നിലനിർത്താൻ കഴിയുമെന്നും പ്രതീക്ഷാനിർഭരമായി വളർത്തിക്കൊണ്ടുവരാൻ കഴിയുമെന്നും തെളിയിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ നടത്താൻ ഇവിടെ കഴിഞ്ഞു. ഇവിടെ സംസാരിച്ച ആരും ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചില്ല. ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികളടക്കമുള്ള കാര്യങ്ങളെക്കുറിച്ച് പലപ്പോഴും പുറത്ത് വാതോരാതെ സംസാരിക്കുന്ന ആളുകൾ ഈ സ്ഥാപനം നശിച്ചുപോയാലുണ്ടാകുന്ന അപകടത്തെക്കുറിച്ച്, അതുകൊണ്ടുതന്നെ അത് നിലനിർത്താൻ വേണ്ടി നടത്തിയ പരിശ്രമങ്ങൾ..........

ശ്രീ. തോമസ് ചാഴികാടൻ : സർ, കെ. എസ്. ആർ. ടി. സി.യെ ലാഭത്തിൽ കൊണ്ടുവരാനും യാത്രക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാനും അന്തർദ്ദേശീയ തലത്തിലേയ്ക്ക് യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുമുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രമത്തിന്റെ ഭാഗമായി തിരുവനന്തപുരത്തുനിന്നും പാലക്കാട്ടേയ്ക്കുള്ള വോൾവാ സർവ്വീസ് ഉൾപ്പെടെയുള്ള പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി : അതുതന്നെയാണ് ഞാൻ പറഞ്ഞുതുടങ്ങിയത്. ഇത്തരത്തിൽ ഈ രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ വളർത്തിക്കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ടൗൺ ടു ടൗൺ സർവ്വീസുകളടക്കം മലയോരപ്രദേശങ്ങളിലെ പ്രത്യേകമായ താൽപ്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് മിനി ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യങ്ങളടക്കം, അതുപോലെ രാത്രികാല യാത്രാദുരിതം പരിഹരിക്കാൻ വേണ്ടി നിശാ സർവ്വീസുകൾ ആരംഭിക്കുന്നതടക്കം ഓരോ ആവശ്യകതയും മനസ്സിലാക്കിക്കൊണ്ട് കഴിവിന്റെ പരിമിതിയിൽ നിന്നുകൊണ്ട്, സാമ്പത്തികമായ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അവ

പരിഹരിക്കാനുള്ള ഒട്ടേറെ നീക്കങ്ങളുമായി അദ്ദേഹം മുന്നോട്ടുപോകുന്നുവെന്നുള്ളത് നിശ്ചയമായും അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. ഇതേക്കുറിച്ചൊന്നും ഇവിടെ സംസാരിച്ച ആളുകൾ ഒരക്ഷരംപോലും ഉരിയാടിയിട്ടില്ല. കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്ഥമായി ഇത്തരം കാര്യങ്ങൾ നടത്തിയെടുക്കാൻ കഴിഞ്ഞു. ശ്രീ. എൻ. രാജനും ശ്രീ. കെ. പി. സതീശ്ചന്ദ്രനുമടക്കമുള്ള ആളുകൾ ആർ. ടി. ഒ. ഓഫീസിലെ അഴിമതിയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അതിനെക്കുറിച്ച് നമുക്കറിയാം, എല്ലാ കാലഘട്ടത്തിലും ഇതുണ്ടായിട്ടുണ്ട്. നാട്ടിലുള്ള സാധാരണക്കാരായ ആളുകൾപോലും പറയുന്നത് ആർ. ടി. ഓഫീസിലെ തൂണുകൾപോലും കൈക്കൂലി വാങ്ങുന്നു എന്നാണ്. ഇത് കാലങ്ങളായി പറയുന്ന ഒരു കാര്യമാണ്, അതെല്ലാം ഒറ്റയടിക്ക് പരിഹരിച്ചു മുന്നോട്ടു പോകാൻ കഴിയുന്ന കാര്യമല്ലെന്ന് നമുക്കറിയാം. പക്ഷേ അവിടെപ്പോലും ഇതൊക്കെ അവസാനിപ്പിക്കാൻ ഏജന്റുമാരെ ഒഴിവാക്കുകയും കംപ്യൂട്ടർവൽക്കരിക്കുകയും ചെയ്യുന്നതടക്കമുള്ള നടപടികളിലേയ്ക്ക് കടക്കുന്നത് ഇത്തരം അഴിമതിക്കുള്ള പഴുതുകളടച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള ശ്രമങ്ങളുടെ ഭാഗമാണ്. ഇവിടെ ആക്ഷേപമുന്നയിച്ച ആളുകളാരാണ്? കഴിഞ്ഞ ഗവൺമെന്റ് ഭരിക്കുമ്പോൾ പ്രതിപക്ഷത്തുള്ളവരല്ല, അന്ന് ഭരണപക്ഷത്തുനിന്നുള്ള ആളുകൾ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടോ? കെ. എസ്. ആർ. ടി. സി. ഡയറക്ടർ ബോർഡ് അംഗവും അന്നത്തെ ഭരണമുന്നണിയുടെ ഏകോപനസമിതിയിലെ അംഗവുമായ ശ്രീ. പി. സി. ജോർജാണ് അന്നത്തെ ഗതാഗത വകുപ്പുമന്ത്രിക്കെതിരെ കെ. എസ്. ആർ. ടി. സി. ബോഡി വാങ്ങുന്നതിൽ ടാറ്റാ ലയ്ലാൻഡ് അനുപാതം വ്യത്യാസപ്പെടുത്തിയതിൽ അഴിമതിയുണ്ടെന്ന ആക്ഷേപമുന്നയിച്ചത്. അതുപോലെതന്നെ ആ ആക്ഷേപം പുറത്തുവന്നുകഴിഞ്ഞപ്പോൾ ജനതാദളിന്റെ സ്റ്റേറ്റ് ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. ജി. എൻ. വില്യം പറഞ്ഞു, 'ഇതിനെക്കുറിച്ച് അഴിമതി പറയുന്നവർ ഭരിക്കുന്ന പി. ഡബ്ല്യു. ഡി. ഭവനനിർമ്മാണ വകുപ്പുകളിലെ നടപടികളിൽ അഴിമതിയുണ്ട്, അതിനെക്കുറിച്ച് അന്വേഷിക്കണം' എന്ന്. അത് അന്തരിച്ച ജനതാദളിന്റെ നേതാവായ ജി. എൻ. വില്യം പറഞ്ഞതാണ്. ആ മാന്യൻമാരാണ് അഴിമതിക്കെതിരായി ഇന്ന് ഗിരിപ്രഭാഷണങ്ങളുമായി രംഗത്ത് വന്നിട്ടുള്ളത്. അതുപോലെ എത്രയോ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ കെ. എസ്. ആർ. ടി. സി. ഫലപ്രദമായി നടത്തിക്കൊണ്ടു പോകാനും അത്യാവശ്യ സർവ്വീസ് എന്ന നിലയിൽ അത് മുന്നോട്ടു കൊണ്ടുപോകാനുമുള്ള ബാധ്യത നമുക്ക് ഓരോരുത്തർക്കുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ ഞാൻ ഒരു നിർദ്ദേശം വയ്ക്കാൻ ആഗ്രഹിക്കുന്നു. കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ച് മിഡിൽ മാനേജ്മെന്റ് ശക്തിപ്പെടുത്തണം. ഇത് കാലങ്ങളായി പലരും ആവശ്യപ്പെടുന്ന കാര്യങ്ങളാണ്. എ. ടി. ഒ., ഡി. ടി. ഒ. തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനം ഉണ്ടാകണം. പലപ്പോഴും പ്രമോഷൻ കിട്ടി വരുന്നത് പെൻഷൻ പറ്റി പിരിയാൻ അധികം സമയമില്ലാത്തവരായിരിക്കും. അങ്ങ് മുൻപ് ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരുന്ന ആളാണ്. അങ്ങേയ്ക്ക് പ്രത്യേകം താൽപ്പര്യമുള്ള വിഷയങ്ങളാണ് ഞാൻ പറയുന്നത്, അങ്ങേയ്ക്കുവേണ്ടികൂടിയാണ് പറയുന്നത്. അതുകൊണ്ട് പെൻഷൻ പറ്റി പിരിയുന്ന സമയത്ത് ഈ തസ്തികകളിൽ വരുന്ന ആളുകൾക്ക് ഇത് ഫലപ്രദമായി നടത്തിക്കൊണ്ടുപോകണമെന്നുള്ള താൽപ്പര്യമില്ല. അതുകൊണ്ട് മിഡിൽ മാനേ

LIBRARY ARCHIVES Kerala Legislative Assembly

Page 31 of 94

ജ്മെന്റ് ശക്തിപ്പെടുത്തണം. എഞ്ചിനീയറിംഗ്, എം. ബി. എ. കോഴ്സുകൾ പാസ്സായ യോഗ്യതയുള്ള ആളുകളെ ഈ തസ്തികകളിൽ നിയമിക്കാൻ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഒരുവർഷക്കാലത്തെ ഭരണ നേട്ടങ്ങളിൽ ഒട്ടേറെ നടപടികളുണ്ട്, ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടിയടക്കമുള്ള ഒട്ടേറെ കാര്യങ്ങളിൽ തീർപ്പു കൽപ്പിക്കാൻ കഴിഞ്ഞു. തൊഴിലാളികൾക്കുവേണ്ടി സംസാരിക്കുന്ന ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത്, അന്നത്തെ തൊഴിലാളികൾക്കെതിരെ സ്വീകരിച്ച നടപടികളിൻമേൽ ബന്ധപ്പെട്ട ചീഫ് ഓഫീസുകളിലെ സെക്ഷനുകളിൽ കെട്ടിക്കിടന്ന ഫയലുകളിൻമേൽ അദാലത്തുകൾ നടത്തി തീർപ്പാക്കിക്കൊണ്ട് മുന്നോട്ടു പോകാൻ കഴിഞ്ഞു. ഇതെല്ലാം സ്വാഗതാർഹമായ കാര്യങ്ങളാണ്. അതോടൊപ്പം ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രംഗത്തും ധാരാളം മോശമായ കാര്യങ്ങൾ നടക്കുന്നു. അതു തടയാൻ ഫലപ്രദമായ നടപടിയുണ്ടാകണം. എനിക്ക് ഒരു കാര്യം നിർദ്ദേശിക്കാനുള്ളത് വിജിലൻസ് ഇപ്പോൾ കെ. എസ്. ആർ. ടി. സി.യുടെ ഭാഗമായിത്തന്നെയാണ് നടക്കുന്നത്, എസ്. പി. റാങ്കിലോ ഡി. വൈ. എസ്. പി. റാങ്കിലോ ഒരു പോലീസ് സംവിധാനം കൂടി ഏർപ്പെടുത്തിക്കൊണ്ട് കെ. എസ്. ആർ. ടി. സി.യെ സംബന്ധിച്ച പ്രവർത്തനം പരിശോധിക്കാൻ വിജിലൻസ് സമ്പ്രദായം ഫലപ്രദമാക്കണമെന്ന നിർദ്ദേശം അങ്ങയുടെ മുൻപിൽ സമർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ ധൂർത്ത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒഴിവാക്കാൻ ഫലപ്രദമായി ശ്രമിക്കണം . മേൽത്തട്ടുമുതൽ താഴെവരെയുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചുകൊണ്ട് ഡെഡ് മൈലേജ് ഒഴിവാക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ഈ സഭയിൽ പല പ്രാവശ്യം ഇക്കാര്യങ്ങൾ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്, അത് പ്രത്യേകമായി ശ്രദ്ധിക്കണം, മുകളിൽ നിന്നും കാര്യങ്ങൾ തുടങ്ങണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കെ. എസ്. ആർ. ടി. സി.യുടെ ഡയറക്ടർബോർഡിലും നിയമസഭാ കമ്മറ്റിയിലും ഒരേദിവസം പങ്കെടുത്തുകൊണ്ട് രണ്ട് ടി. എ-യും ഒരുമിച്ചുവാങ്ങിയ വീരന്മാർവരെ കെ. എസ്. ആർ. ടി. സി. ഡയറക്ടർബോർഡ് അംഗങ്ങളായിരുന്ന് ഈ വകുപ്പിനെ നിയന്ത്രിച്ചിട്ടുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അതിനെക്കുറിച്ച് അന്വേഷണം നടത്തണം . ശ്രീ. പി. സി. ജോർജ് നിയമസഭാ പെറ്റീഷൻ കമ്മിറ്റിയുടെ ചെയർമാനായും കെ. എസ്. ആർ. ടി. സി.യുടെ ഡയറക്ടർബോർഡ് അംഗമായും ഉള്ള സ്ഥാനമുപയോഗിച്ച് ഒരേ ദിവസം ഒരേ സ്ഥലത്ത് യോഗത്തിൽ പങ്കെടുത്ത് രണ്ട് ടി. എ-യും ഒരുമിച്ചുവാങ്ങി. ആ ആളുകളാണ് അഴിമതിക്കെതിരായി ഗിരി പ്രഭാഷണം നടത്തുന്നത്. അഴിമതിക്കെതിരായി പ്രസംഗിക്കുന്ന ആളുകളുടെ യോഗ്യതയെക്കുറിച്ച് ഞാൻ പറയാം. സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരട് എടുക്കാൻ ഇറങ്ങി പുറപ്പെടുന്നവരാണിവർ എന്നുള്ള കാര്യം ഓർമ്മിപ്പിക്കാൻ വേണ്ടിയാണ് ഞാനിതു പറഞ്ഞത്. അതുപോലെ ഇത്തരത്തിലുള്ള ധൂർത്ത് അവസാനിപ്പിക്കാനും ക്രമക്കേടുകൾക്ക് എതിരെ കർശനമായ നടപടികൾ സ്വീകരിക്കാനും ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെ ആരോഗ്യപരിപാലന രംഗം, ആത്മാർത്ഥമായ പരിശ്രമങ്ങളുമായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. സത്യസന്ധമായി,



LIBRARY ARCHIVES Kerala Legislative Assembly

ആത്മാർത്ഥമായി അദ്ദേഹം ഈ രംഗത്തു നടത്തുന്ന ശ്രമങ്ങളെ ഞാൻ ഹൃദയംഗമമായി അഭിനന്ദിക്കുന്നു. അതുകൊണ്ടുതന്നെ ഈ രംഗത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ഇതു മുന്നോട്ടു കൊണ്ടുപോകാനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തിക്കൊണ്ടിരിക്കുകയാണ്. ആശുപത്രികളുടെ വികസനമടക്കമുള്ള കാര്യങ്ങൾ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഒരു കാര്യംകൂടി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അദ്ദേഹം ആശുപത്രി സന്ദർശിച്ച ഒരു അവസരത്തിൽ ആശുപത്രിയിൽ മൂക്കും പൊത്തിപ്പിടിച്ചുകൊണ്ടു നിൽക്കുന്ന ഒരു ചിത്രം പത്രത്തിൽ വരികയുണ്ടായി. നമ്മുടെ പല ഗവൺമെന്റ് ആശുപത്രികളുടെയും സ്ഥിതി ഇതാണ്. നന്നായി വൃത്തിയായി അതു സൂക്ഷിക്കുവാനുള്ള നടപടിയുണ്ടാകണം. നമ്മുടെ ബഹുമാന്യനായ സ്പീക്കർ വക്കം പുരുഷോത്തമൻ ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹം ഒരു ആശുപത്രിയിൽ സന്ദർശനം നടത്തുമ്പോൾ അവിടെ അദ്ദേഹം വരുന്നുവെന്നറിഞ്ഞ് അവിടമാകെ വെള്ളമൊഴിച്ച് കഴുകിയിരുന്നത്, അദ്ദേഹം നടന്നുപോയപ്പോൾ വെള്ളം കൂടുതൽ കിടന്നുവെന്നതിന്റെ പേരിൽ കാൽതെറ്റി എന്നതിന്റെ പേരിൽ ജീവനക്കാർക്കെതിരെ നടപടിയെടുത്തത് ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുവാനാഗ്രഹിക്കുകയാണ്. ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ശുചിത്വം നമ്മുടെ ആശുപത്രികളിൽ പാലിക്കാനുള്ള നടപടി ഉണ്ടാകണം. അതുപോലെ മെഡിക്കൽ കോളേജാശുപത്രികളെ, സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം അവർ അവലംബിക്കുന്ന ആതുരകേന്ദ്രങ്ങളെന്നുള്ള നിലയിൽ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപാകെ ഒരു നിർദ്ദേശംകൂടി വയ്ക്കാനുണ്ട്. മെഡിക്കൽ കോളേജാശുപത്രികളെ സംബന്ധിച്ച് പലപ്പോഴുമുണ്ടാകുന്ന പ്രശ്നം അഡ്മിനിസ്ട്രേഷനിലുണ്ടാകുന്ന കുറവാണ്. ഡോക്ടർമാരാണ് അഡ്മിനിസ്ട്രേറ്റർമാരായി അവിടെ കടന്നുവരുന്നത്. ആ ഡോക്ടർമാർ വൈദഗ്ദ്ധ്യമുള്ള ആളുകളാണ്. പക്ഷേ ഭരണപരമായി അത്തരം കാര്യങ്ങളിൽ എപ്പോഴും പ്രാപ്തി ഉണ്ടാകണമെന്നില്ല. അതുകൊണ്ട് പ്രൊഫഷണൽ മാനേജ്മെന്റ് ഈ രംഗത്തുണ്ടാകണമെന്നു ഞാനഭ്യർത്ഥിക്കുന്നു. ഡോക്ടർമാരുടെ വൈദഗ്ദ്ധ്യം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയണം. അവിടത്തെ ഭരണപരമായ കാര്യങ്ങൾ പ്രൊഫഷണൽ മാനേജ്മെന്റ് ഉപയോഗിച്ചുകൊണ്ട് ക്രമീകരിക്കാൻ തയ്യാറാകണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. രണ്ടു മന്ത്രിമാർ അവർ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽ ഒരു വർഷക്കാലത്തിനുള്ളിൽ ജനങ്ങളുടെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റുവാൻ സാധിച്ചുവെന്നുള്ള അഭിമാനത്തോടുകൂടിയാണ് ഇന്നു ഈ ധനാഭ്യർത്ഥനകളുമായി നിയമസഭയിൽ വന്നിരിക്കുന്നത്. ഇവിടെ കെ. എസ്. ആർ. ടി. സി.യെ സംബന്ധിച്ച ചർച്ച ആരംഭിച്ചപ്പോൾ ഇടതുപക്ഷ സ്നേഹിതൻമാരുടെ പ്രസംഗം ഞാൻ കേട്ടു. കഴിഞ്ഞ അഞ്ചു വർഷക്കാലം കെ. എസ്. ആർ. ടി. സി.യുടേയും ഗതാഗതവകുപ്പിന്റേയും പ്രവർത്തനങ്ങൾ ആകെ നശിപ്പിച്ച്, ജനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുത്തി, തകർത്തു തരിപ്പണമാക്കിയ ഈ വകുപ്പിനെ ചുരുങ്ങിയ ഒരു വർഷംകൊണ്ട് കന്നിക്കാരനാണെങ്കിലും വളരെ ഭാവനയോടുകൂടി കൈകാര്യം ചെയ്തുവെന്നുള്ള വിശ്വാസം ജനങ്ങളിലു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കിയെടുക്കുവാൻ സാധിച്ച ധീരനായ മന്ത്രിയെ അഭിനന്ദിക്കാൻ തയ്യാറായില്ലെങ്കിലും അദ്ദേഹത്തിന്റെ മനോവീര്യം തകർക്കുവാൻ തെറ്റായ ആരോപണങ്ങളുമായി പ്രതിപക്ഷം ഈ നിയമസഭയിൽ വന്നത് ശരിയായില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. ഒരു വർഷക്കാലം കൊണ്ട് കെ. എസ്. ആർ. ടി. സി.യിൽ ഉണ്ടായിരുന്ന പ്രതിച്ഛായ തന്നെ മാറിയിരിക്കുന്നു. ഞാൻ ബഹുമാനപ്പെട്ട മന്ത്രി ഗണേഷ്കുമാറിനെ അങ്ങേയറ്റം അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. കെ. എസ്. ആർ. ടി. സി.ക്ക് പൈസയില്ല. വാഹനങ്ങൾ പുതിയത് ഇറക്കാത്തതിനെ സംബന്ധിച്ച് അപ്പുറത്തു നിന്നു പറഞ്ഞു. അതിൽ കുഴപ്പമില്ല. വാഹനങ്ങളുടെ കാര്യം അങ്ങേയ്ക്കറിയാമല്ലോ. വാഹനങ്ങളിറക്കാൻ പണമെവിടെ? പണമെല്ലാം നശിപ്പിച്ച് ഇറങ്ങിപ്പോയവരല്ലേ അപ്പുറത്തിരിക്കുന്നവർ? ഈ കേരളം തകർത്ത് ഇറങ്ങിപ്പോയ ആളുകൾ ഇന്ന് പണമില്ലാതെ ബുദ്ധിമുട്ടുന്ന കെ. എസ്. ആർ. ടി. സി. വാഹനങ്ങൾ വാങ്ങിയില്ലെന്ന് പരാതിപ്പെട്ടാൽ മന്ത്രി എവിടെനിന്നു വാങ്ങും? പണം കൊടുക്കാതെ വണ്ടി കിട്ടുമോ? ഇന്നത്തെ കേരളത്തിന്റെ സ്ഥിതി നമുക്ക് എല്ലാവർക്കും അറിയാം. വാഹനങ്ങൾ നമുക്ക് ആവശ്യമാണ്. നല്ല വാഹനങ്ങളിൽ മാത്രമേ ആളുകൾ കയറൂ. ഈ അടുത്ത കാലത്താരംഭിച്ച ലൈറ്റ്നിംഗ് എക്സ്പ്രസ്സിനെ ജനങ്ങൾ വല്ലാതെ സ്വാഗതം ചെയ്യുന്നു. അത് കൂടുതലായി ആരംഭിക്കണം. മൂവ്വാറ്റുപുഴയിൽ ആരംഭിച്ചിരിക്കുന്ന ലൈറ്റ്നിംഗ് എക്സ്പ്രസ്സിൽ നിറയെ ആളുകൾ യാത്ര ചെയ്യുന്നുണ്ട്. എല്ലാ ദിവസവും തിരക്കാണ്. ബസ്സിൽ കയറാൻ ആളുകൾ ക്യൂ നിൽക്കുകയാണ്. കഴിയുമെങ്കിൽ അങ്ങ് എവിടെനിന്നെങ്കിലും കടം വാങ്ങിയിട്ടാണെങ്കിൽപോലും ഈ ലൈറ്റ്നിംഗ് സർവ്വീസുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കണം. മൂവ്വാറ്റുപുഴ പോലുള്ള മലയോരമേഖലകളിൽ ലൈറ്റ്നിംഗ് സർവ്വീസ് ആരംഭിക്കണം. കോതമംഗലത്തുനിന്ന് തിരുവനന്തപുരത്തേയ്ക്ക് ലൈറ്റ്നിംഗ് എക്സ്പ്രസ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കണം. കർണ്ണാടകം ആർ. ടി. സി.യെ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നു. അവിടേയും മറ്റു സംസ്ഥാനങ്ങളിലും നടപ്പാക്കുന്ന നയമെന്താണ്? വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് ഓടിക്കുന്നു. അതിലെന്താണ് കുഴപ്പം ? ധീരനായ മന്ത്രി അദ്ദേഹത്തിന്റെ മനസ്സിലുള്ള ആശയങ്ങൾ എന്നുള്ള നിലയിൽ പറഞ്ഞതാണ്! ഞാൻ പറയട്ടെ, നല്ല വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഓടിക്കുവാനും അത്യാവശ്യ റൂട്ടുകളിലെല്ലാം സർവ്വീസ് നടത്തുവാനുമുള്ള നടപടികളിലേയ്ക്ക് നീങ്ങണം. വാഹനങ്ങൾ വാടകയ്ക്ക് എടുത്താൽ 36,000 രൂപ ഒരു ക്വാർട്ടറിൽ ടാക്സ് ഇനത്തിൽ കേരളത്തിന്റെ ഖജനാവിലേയ്ക്ക് എത്തും. അതിനു പുറമെ ഡ്രൈവറെ അന്വേഷിക്കണ്ട, കണ്ടക്ടറെ അന്വേഷിക്കണ്ട, മറ്റു സൗകര്യങ്ങളൊന്നും നോക്കണ്ട, ഇൻഷ്വറൻസിന്റെ പണം കൊടുക്കണ്ട, മെയിന്റനൻസ് നടത്തണ്ട, ഇതെല്ലാം സ്വകാര്യവ്യക്തിതന്നെ ചെയ്തുകൊള്ളും. കോൺട്രാക്ടറെ അന്വേഷിക്കണ്ട മറ്റു സൗകര്യങ്ങളൊന്നും നോക്കണ്ട. സ്വകാര്യ വാഹനങ്ങൾ, നല്ല വാഹനങ്ങൾ, കാണാൻ കൊതിക്കുന്ന വാഹനങ്ങൾ, കെ. എസ്. ആർ. ടി. സി. വാടകയ്ക്കെടുത്ത് സർവ്വീസ് നടത്താൻ തയ്യാറാകണം. ഗവൺമെന്റിന് ഇന്ന് കഴിയാത്തത് അതുമൂലം കെ. എസ്. ആർ. ടി. സിക്ക് കഴിയണമെന്ന് വിനീതമായി ഞാനഭ്യർത്ഥിക്കുകയാണ്. ഈ ഒരു വർഷംകൊണ്ടു ചെയ്ത എത്രയോ നല്ല കാര്യങ്ങൾ ഇവിടെ പറഞ്ഞു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : കെ. എസ്. ആർ. ടി. സി.യെ ഗവൺമെന്റ് കുറച്ചു കൂടി താൽപ്പര്യമെടുത്തു അതിനെ പുനരുജ്ജീവിപ്പിക്കണമെന്നാണ് പറയേണ്ടത്. അല്ലാതെ കെ. എസ്. ആർ. ടി. സി.യെ തഴയരുത്. അതൊരു ശിങ്കിടിവകുപ്പല്ല.

ശ്രീ. ജോണി നെല്ലൂർ : ഞാൻ ഓർക്കുന്നു. അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലത്ത് ഈ വകുപ്പ് നന്നാക്കാൻ വേണ്ടി ഒത്തിരിയേറെ കഷ്ടപ്പെട്ട ആളാണെന്ന് എനിക്കറിയാം. അതുപോലെ പ്രതിപക്ഷത്തിരുന്നപ്പോഴും ഈ വകുപ്പിനുവേണ്ടി പോരാടിയ കാര്യം ഞാൻ ഓർക്കുന്നു. അത് ഞാൻ മനസ്സിൽ വച്ചുകൊണ്ടു പറയുന്നു, കെ. എസ്. ആർ. ടി. സി.ക്കു ആവശ്യമായ പണം കൊടുക്കാതെ ആ വകുപ്പിനെ തഴയുകയാണ്. അതു മാറണം. ഗതാഗത വകുപ്പ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയുള്ള വകുപ്പാണ്. സാധാരണക്കാരായ ആളുകൾക്കു വേണ്ടിയുള്ളതാണ്. വാഹനത്തിൽ കയറുന്നത് ഇടതുപക്ഷക്കാരോ, യു. ഡി. എഫ്.കാരോ മാത്രമല്ല, സാധാരണക്കാരായ മുഴുവൻ ആളുകളും യാത്ര ചെയ്യുന്ന വാഹനമെന്നുള്ള നിലയിൽ അങ്ങ് പറഞ്ഞ ഈ അഭിപ്രായത്തോട് പൂർണ്ണമായും യോജിച്ചുകൊണ്ട് പറയട്ടെ, ഗവൺമെന്റ് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ തയ്യാറാകണം. അങ്ങനെ തയ്യാറാകാത്ത സാഹചര്യത്തിലാണ് ഞാൻ വാടകയ്ക്കെടുക്കുന്ന കാര്യം പറഞ്ഞത്. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് ഇത്രയേറെ മാറ്റങ്ങൾ വരുത്തിയ ഗവൺമെന്റ് ഗ്രാമീണ മേഖലയ്ക്കുകൂടി വേണ്ടത്ര ഊന്നൽ നൽകണം. കഴിയുമെങ്കിൽ വാഹനങ്ങൾ ഗ്രാമീണ റൂട്ടുകളിലോടിക്കുവാനുള്ള പദ്ധതികൾ ഉണ്ടാക്കണം. ഇന്നിപ്പോൾ മിനി ബസ് വാങ്ങാൻ കെ. എസ്. ആർ. ടി. സി. എടുത്ത തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്നു മിനി ബസ്സിൽ എം. എൽ. എ.മാർ നിയമസഭയിൽ കടന്നു വന്നപ്പോൾ കാണാൻ ഒരു പ്രത്യേക അലങ്കാരമായിരുന്നു. ഗ്രാമീണ റൂട്ടുകളിൽ വാഹനങ്ങൾ ഓടിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. നമ്മുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്ന ഭേദഗതി നിയമമനുസരിച്ച് ഇപ്പോൾ ബസ് റൂട്ടുകൾ അനുവദിക്കുമ്പോൾ ജനങ്ങൾ ആവശ്യപ്പെടുന്ന റൂട്ടിലേയ്ക്കല്ല അനുവാദം കൊടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്ന നിയമമനുസരിച്ച് ആർക്കാണ് പ്രയോജനമുണ്ടാകുക. ബസ് ഉടമയ്ക്കാണ് പ്രയോജനമുണ്ടാകുക. ബസ് ഉടമ ആവശ്യപ്പെടുന്ന റൂട്ടാണ് കൊടുക്കുക. ജനങ്ങൾ ആവശ്യപ്പെടുന്ന റൂട്ട് അനുവദിക്കില്ല. അങ്ങേയ്ക്കറിയാമല്ലോ പണ്ട് ഒരു റൂട്ട് അനുവദിച്ചാൽ, അതിലൂടെ ആ പെർമിറ്റ് കിട്ടിയ വാഹനമോടിയില്ലെങ്കിൽ മറ്റൊരു പെർമിറ്റ് ആ വാഹനത്തിനു കൊടുക്കേണ്ടതില്ല എന്നുള്ള സ്ഥിതിയാണുണ്ടായിരുന്നത്. ഇന്നത് മാറിയിരിക്കുന്നു. റൂട്ട് ഫോർമേഷൻ പദ്ധതി നടപ്പാക്കാൻ പോകുന്നുവെന്ന് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞു. റൂട്ട് ഫോർമുലേറ്റ് ചെയ്യുമ്പോൾ അതാത് പ്രദേശത്തെ ജനപ്രതിനിധികളുമായി ആലോചിക്കുവാൻ അങ്ങ് നിർദ്ദേശം കൊടുക്കണം. വാഹനങ്ങൾ എവിടെയാണ് ആവശ്യമെന്ന് ജനപ്രതിനിധികൾക്ക് അറിയാം. റൂട്ട് നോക്കാൻ പോകുന്നത് ബസ് ഉടമകൾ ആയിരിക്കരുത്. ആർ. ടി. ഒ.-മാരോ വെഹിക്കിൾ ഇൻസ്പെക്ടർമാരോ ആണ് റൂട്ട് നോക്കാൻ പോകുന്നത്. ബസ് ഉടമയുടെ വാഹനങ്ങളിൽ കയറി പോയി ബസ് ഉടമ കാണിക്കുന്ന റൂട്ടിലൂടെയാണ് പെർമിറ്റ് എഴുതിക്കൊടുക്കുന്നത്. അത് പാടില്ല. ജനങ്ങൾക്ക് ആവശ്യമുള്ള സ്ഥലം ഏതാണെന്നും റൂട്ട് ഏതാണെന്നും ജനപ്രതിനിധികളുടെ വിശ്വാസം ഏറ്റുവാങ്ങിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് റൂട്ട് ഫോർമുലേറ്റ് ചെയ്യണം. അതുവഴി പുതിയ പെർമിറ്റുകൾ അനുവദിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കണം. നിലവിലുള്ള പെർമിറ്റുകൾ പുതുക്കിക്കൊടുക്കുമ്പോഴും ഈ റൂട്ട് ഫോർമേഷൻ വ്യവസ്ഥകൾകൂടി പാലിക്കുവാൻ തയ്യാറാകണം. കെട്ടിക്കിടന്ന എം. എ. സി. ടി. കേസുകൾക്ക് നഷ്ടപരിഹാരമായി 11 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. 2350 കേസുകളിൽ ഏതാണ്ട് 870 കേസുകൾ ഇതിനകം അദാലത്തുകൾവഴി ഒതുക്കി തീർക്കുവാൻ കഴിഞ്ഞു. ബാക്കിയുള്ളതിനുകൂടി അടിയന്തിരമായി ഒത്തുതീർപ്പ് ഉണ്ടാക്കാൻ നടപടിയുണ്ടാകണം.

ആരോഗ്യവകുപ്പിനെക്കുറിച്ച് രണ്ട് വാക്ക് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ സ്ഥിതി എന്താണ്? ആളുകളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ള ധാരാളം ഹെൽത്ത് സെന്ററുകൾ നമ്മുടെ ഗ്രാമങ്ങളിൽ ഉണ്ട്. അത് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. ഇവിടെ അധികാരം കൈമാറി. ആശുപത്രി തുറന്നുപ്രവർത്തിപ്പിക്കാനുള്ള അധികാരമെല്ലാം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് കൊടുത്തു. പക്ഷേ അവിടെ ഡോക്ടർമാരെ നിയമിക്കാനോ സ്റ്റാഫിനെ നിയമിക്കാനോ അധികാരം കൊടുത്തിട്ടില്ല. അത് കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. സ്പെഷ്യാലിറ്റി കേഡറിലേക്ക് നമ്മുടെ ആശുപത്രികളെ കൊണ്ടുവരുന്നുവെന്ന് ബഹുമാന്യനായ മന്ത്രി പറയുകയുണ്ടായി. ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ ആ സ്പെഷ്യാലിറ്റി കേഡർ കൊണ്ടുവന്നാൽ മതിയോ? അവിടെ ഡോക്ടർമാർ വേണ്ടേ? 100 ബഡ്ഡിനു പുറത്തുള്ള ആശുപത്രികളെയൊക്കെ ആ കേഡറിൽ കൊണ്ടുവരുന്നു. നല്ല കാര്യം തന്നെ. പക്ഷേ സ്പെഷ്യാലിറ്റി കേഡറിലേക്ക് ആശുപത്രിയെ മാറ്റുമ്പോൾ അവിടെ ടെക്നിക്കൽ പോസ്റ്റ് നിർബന്ധമായും പൂർണ്ണമാക്കാൻ ശ്രദ്ധിക്കണം. ഞാൻ മനസ്സിലാക്കുന്നത് സ്പെഷ്യാലിറ്റി കേഡറിലേക്ക് ആശുപത്രികളെ മാറ്റുമ്പോൾ 282 ഡോക്ടർമാർ പുതിയതായി വേണ്ടിവരും. സ്പെഷ്യാലിറ്റി കേഡറിലേക്ക് ആശുപത്രികളെ മാറ്റുമ്പോൾ 282 ഡോക്ടർമാരെയും നിയമിക്കുവാൻ, അടിയന്തിരമായി അവിടെ അഡീഷണൽ പോസ്റ്റ് ഉണ്ടാക്കുവാൻ ബഹുമാന്യനായ മന്ത്രി പരിശ്രമിക്കണം എന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഗ്രാമങ്ങളിൽ ജോലി ചെയ്യാൻ ഇന്ന് ഡോക്ടർമാർ തയ്യാറല്ല. ഇവിടെ ഒട്ടേറെ പ്രാവശ്യം ചർച്ച ചെയ്ത കാര്യമാണ്. ഗ്രാമങ്ങളിൽ ജോലിചെയ്യാൻ തയ്യാറാകാത്ത ഡോക്ടർമാരുടെ പേരിൽ നടപടിയെടുക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെന്റും മന്ത്രിയും മുൻകൈ എടുക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പാരാമെഡിക്കൽ രംഗത്ത് കൂടുതൽ കോഴ്സുകൾ തുടങ്ങുവാൻ ഗവൺമെന്റ് തയ്യാറാകണം. ഇന്ന് നമ്മുടെ ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി "ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻ ബോംബെ" എന്ന സ്ഥാപനം കേരളത്തിൽ നടത്തുന്ന വലിയ ഒരു വെട്ടിപ്പിനെക്കുറിച്ച് പറയാതെ പോകാൻ കഴിയില്ല. ഗവൺമെന്റ് കൊടുത്ത അംഗീകാരത്തിന്റെ മറവിൽ അവിടെ നടക്കുന്ന ഒരു കോഴ്സ് ഉണ്ട്. നമ്മുടെ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിന് തത്തുല്യമായ ഒരു കോഴ്സാണ്. സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്. ആ കോഴ്സിന്റെ കാലാവധി 10 മാസമാണ്. 7600 രൂപയാണ് കുട്ടികൾക്ക് ഫീസ് എന്ന് പറയുന്നത്. പ്രോസ്പെക്ടസിൽ അത് പറയുന്നുണ്ട്. വാങ്ങുന്നത് 30,000 രൂപയാണ്. നമ്മുടെ



LIBRARY ARCHIVES Kerala Legislative Assembly

Page 36 of 94

കുട്ടികളിൽനിന്ന് 30,000 രൂപ വാങ്ങുന്നു. ഗവൺമെന്റിന് യാതൊരു ആനുകൂല്യവും കിട്ടുന്നില്ല. നമ്മുടെ ഗവൺമെന്റ് അംഗീകാരം കൊടുത്ത് 10 മാസം എന്ന് പറഞ്ഞ് കോഴ്സ് ആരംഭിച്ചിട്ട് ആറുമാസം തികയുന്നു. പി. ഡി. സി. അടിസ്ഥാന യോഗ്യത വേണമെന്നുള്ളപ്പോൾ എസ്. എസ്. എൽ. സിക്കാരെ പഠിപ്പിക്കുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നമ്മുടെ കുട്ടികൾ വഞ്ചിക്കപ്പെടുന്ന ഒരു സാഹചര്യം ഉണ്ടാകരുത്. 330 കുട്ടികളെ കഴിഞ്ഞ ബാച്ചിൽ ചേർത്തുകൊണ്ട് ആ കോഴ്സ് നടത്തുന്നു. അനേകം കുട്ടികളെ വഞ്ചിക്കുന്ന ഈ കോഴ്സിന് അംഗീകാരം കൊടുക്കാൻ കഴിയുമോ? ഗവൺമെന്റ് ആലോചിക്കണം. കേരളത്തിൽ തത്തുല്യമായ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ച് നമ്മുടെ കുട്ടികൾക്ക് ഇവിടെ പഠിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കാൻ തയ്യാറാകണം. ഒരു സിനിമാ നടൻ ഭരണ രംഗത്തേയ്ക്ക് വന്നാൽ എങ്ങനെയാകുമെന്ന് നമ്മളൊക്കെ സംശയിച്ചു. വളരെ അഭിമാനത്തോടെ പറയട്ടെ, സിനിമാ രംഗത്ത് എത്രമാത്രം ശോഭിച്ചോ അതിനെക്കാൾ ഏറെ ഈ ഒരു വർഷക്കാലംകൊണ്ട് ഈ വകുപ്പ് കൈകാര്യം ചെയ്ത് ജനങ്ങളുടെ മനസ്സിൽ ശുഭപ്രതീക്ഷ നേടാൻ കഴിഞ്ഞ ശ്രീ. ഗണേഷ്കുമാറിനേയും അതുപോലെതന്നെ പാവപ്പെട്ട രോഗികളുടെ വിശ്വാസം ആർജിക്കാൻ കഴിഞ്ഞ ബഹുമാന്യനായ മന്ത്രി ശ്രീ. പി. ശങ്കരനേയും അഭിനന്ദിച്ചുകൊണ്ടും ഈ രണ്ടുപേരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണ മനസ്സോടെ പിൻതാങ്ങിക്കൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. യു. സി. രാമൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. തകർന്നു തരിപ്പണമായ ആരോഗ്യരംഗത്തെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള തീവ്രശ്രമവുമായി മുന്നോട്ടുപോകുന്ന എന്റെ ജില്ലയിൽനിന്നുള്ള മന്ത്രിയായ ബഹുമാനപ്പെട്ട ശ്രീ. ശങ്കരൻ അവർകളെ ഞാൻ ആദ്യമായി അഭിനന്ദിക്കുകയാണ്. ഈ മേഖലയിൽ ഒട്ടേറെ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമകരമായ പ്രവർത്തനങ്ങളാണ് അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നത്. പിന്നെ എന്റെ മണ്ഡലത്തിലുള്ള രണ്ട് പ്രധാനപ്പെട്ട ആശുപത്രികൾ (ഒന്ന് മുക്കത്തും മറ്റൊന്ന് മാവൂരിലെ ചെറൂപ്പയും) മതിയായ ജീവനക്കാരുടെ അഭാവംമൂലം പ്രവർത്തനം തടസ്സപ്പെട്ട് നിൽക്കുന്ന അവസ്ഥയുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിന് അടിയന്തിരമായി പരിഹാരം ഉണ്ടാക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ കെടുകാര്യസ്ഥതകൊണ്ട് നഷ്ടത്തിൽ നിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുന്ന കെ. എസ്. ആർ. ടി. സിയെ കരകയറ്റാനും അത് ലാഭകരമാക്കാനും ഇച്ഛാശക്തിയുള്ള ഒരു ഭരണാധികാരിയായിട്ട് മുന്നോട്ടുപോകുന്ന ബഹുമാന്യനായ ഗതാഗത വകുപ്പു മന്ത്രിയേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കെ. എസ്. ആർ. ടി. സിയെ സംബന്ധിച്ച് ജനമനസ്സുകളിൽ ഉള്ള ധാരണ എന്നു പറയുന്നത് നടുറോഡിൽ പഞ്ചറായി കിടക്കുന്ന ബസ്സുകളാണ്. കയറിയാൽ ലക്ഷ്യസ്ഥാനത്ത് എത്താത്ത ബസ്സുകൾ, കരി പുരണ്ട് ചെളി പിടിച്ച് തുരുമ്പു പിടിച്ച ബസ്സുകൾ, വൃത്തിയുള്ള വസ്ത്രം ധരിച്ചവർക്ക് കയറാൻ പറ്റാത്ത ബസ്സുകൾ എന്നിങ്ങനെയുള്ള ധാരണകളാണ് കെ. എസ്. ആർ. ടി. സിയെ സംബന്ധിച്ച് ജനങ്ങൾക്കുള്ളത്. കഴിഞ്ഞ 5 വർഷത്തെ എൽ. ഡി. എഫ്. ഭരണത്തിന്റെ പരിണിത ഫലമായിട്ടാണ് കെ. എസ്. ആർ. ടി. സിക്ക് ഈ ഗതി വന്നത്. അത് മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

Page 37 of 94

യെടുക്കുന്നതിനുള്ള ശ്രമകരമായ ദൗത്യവുമായിട്ടാണ് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി മുന്നോട്ടു നീങ്ങുന്നത്. ഏതാണ്ട് 26,000-ൽപ്പരം തൊഴിലാളികൾ ജോലിചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ ഒരു പൊതുമേഖലാ സ്ഥാപനമാണ് കെ. എസ്. ആർ. ടി. സി. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റ് ഭരിച്ച കാലത്ത് മാസംതോറും 15 കോടി രൂപയുടെ നഷ്ടത്തിലേയ്ക്ക് എത്തിയത് ഇപ്പോൾ ഏതാണ്ട് 7 കോടി രൂപ യിലേയ്ക്ക് കുറച്ചു കൊണ്ടുവരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പെട്രോളി ന്റേയും, ഡീസലിന്റേയും വില വർദ്ധനവുകൊണ്ടാണ് ഇത്രയും തുക ഉണ്ടായത്. യഥാർത്ഥത്തിൽ 5 കോടി രൂപയേ നഷ്ടം വരുകയുള്ളൂ. ഈ സ്ഥിതിക്ക് ഇനിയും മാറ്റം ഉണ്ടാക്കാൻ ഈ സർക്കാരിന് കഴിയും. വൃത്തിയിലും വെടിപ്പിലും കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. വൃത്തിയുള്ള വസ്ത്രം ധരിച്ച് യാത്രചെയ്യാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് ഈ ബസ്സുകളെ മാറ്റിയെടുക്കണം. ദിവസവും ബസുകൾ കഴുകി വൃത്തിയാക്കാനുള്ള സംവിധാനം ഉണ്ടാക്കണം. അതുപോലെ സ്റ്റേഷനുകളിൽ മൂക്ക് പൊത്താതെ കയറിച്ചെല്ലാനുള്ള ഒരു അവസ്ഥ ഉണ്ടാകണം. കോഴിക്കോടൊക്കെ ഒരുപാട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ബാക്കിയുള്ള ഭാഗങ്ങളിലും ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സ്വകാര്യ വ്യക്തികളു ടേയോ സന്നദ്ധസംഘടനകളുടേയോ സഹായം ഇതിന് സ്വീകരിക്കാം. ഏതു വിധ ത്തിലാണെങ്കിലും ഇത് പെട്ടെന്ന് മാറ്റിയെടുക്കാൻ ആവശ്യമായ നടപടിയാണ് ഉണ്ടാകേണ്ടത്. ബസ്സുകൾ വൃത്തിയും ഭംഗിയും ആക്കുന്നത് ഒരു പ്രധാന ഘടക മാണ് എന്നതിന്റെ മികച്ച ഉദാഹരണമാണ് വോൾവ ബസ്സുകളുടെ വിജയം. ഈ ബസ്സുകൾ ദീർഘദൂര-അന്തർ സംസ്ഥാന റൂട്ടുകളിൽ ഓടിക്കാനുള്ള നടപടിയുണ്ടാ കണം. കെ. എസ്. ആർ. ടി. സി.-യിലുള്ള 4377 ബസ്സുകളിൽ ഏതാണ്ട് 3500-ഓളം ബസ്സുകളാണ് ഇന്ന് സർവ്വീസ് നടത്തുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇത് നേട്ട മാണെങ്കിൽപ്പോലും 800 ബസ്സുകൾ ഇന്നും കട്ടപ്പുറത്താണ്. ഈ ബസ്സുകൾ അടിയ ന്തിരമായി സർവ്വീസ് നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. 800 ബസ്സു കൾ ഇനിയും കട്ടപ്പുറത്ത് ഉള്ളതുകൊണ്ട് നഷ്ടത്തിന്റെ കണക്ക് വീണ്ടും കൂടി വരുകയാണ്. ഇത് വളരെ ഗൗരവത്തോടെ കാണുകയാണ്. വിവിധ വിഭാഗക്കാരുടെ യാത്രാ ഇളവ് ഇനത്തിൽ വർഷത്തിൽ 150 കോടി രൂപയുടെ ചെലവ് വരും എന്നാണ് നേരത്തെ ഇവിടെ മന്ത്രി സൂചിപ്പിച്ചത്. അതും നഷ്ടത്തിന്റെ മറ്റൊരു ഘടകമാണ്. അതുപോലെ ഷെഡ്യൂളിന്റെ ശാസ്ത്രീയത പരിശോധിക്കേണ്ടതാണ്. ആദായകരമായ റൂട്ട് കണ്ടെത്തിക്കൊണ്ട് ആ ഭാഗത്തുകൂടി സർവ്വീസ് നടത്താൻ ആവശ്യമായ സൗകര്യം ഉണ്ടാക്കണം. അതുപോലെ ആർ. ടി. ഓഫീസുകൾ ഇന്നും അഴിമതിയുടെ കൂടാര മായി മാറിയിരിക്കുന്നു എന്ന പരാതി നിലനിൽക്കുന്നു. അതിൽ യാതൊരു മാറ്റവും കാര്യമായി ഉണ്ടായിട്ടില്ല. വാഹന ഉടമകൾക്ക് ഏജന്റുമാർ മുഖേനയല്ലാതെ ഓഫീ സിൽ കയറിച്ചെല്ലാനോ അവരുടെ കാര്യങ്ങൾ പൂർത്തിയാക്കാനോ ഉള്ള സംവി ധാനം, ഉണ്ടാക്കണം. പല ഓഫീസുകളിലും ജീവനക്കാർ ചെയ്യേണ്ട ജോലികൾ ഏജന്റുമാർ ആണ് ചെയ്യുന്നത്. ഈ അവസ്ഥ മാറ്റാൻ ആവശ്യമായ നടപടിയുണ്ടാ കണം. കോഴിക്കോട്, വയനാട് റൂട്ടിൽ ഏതാണ്ട് 42 സർവ്വീസുകളാണ് കട്ട് ചെയ്തത്. അവിടെ അതിരൂക്ഷമായ യാത്രാപ്രശ്നം നിലനിൽക്കുകയാണ്. വിദ്യാർത്ഥികളും, സാധാരണ യാത്രക്കാരും, ഉദ്യോഗസ്ഥരും ഒക്കെ കഷ്ടപ്പെടുകയാണ്. ഇതിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

പരിധിവരെ പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി രാവിലെ 9 മണിക്ക് പടനിലത്തു നിന്ന് കോഴിക്കോട്ടേയ്ക്കും, 5 മണിക്ക് കോഴിക്കോട്ടുനിന്ന് പടനിലത്തേയ്ക്കും ഒരു സർവ്വീസ് ആരംഭിക്കണം. അതുപോലെ എന്റെ മണ്ഡലത്തിന്റെ അതിർത്തി പ്രദേശമായ പടനിലത്ത് T. T. ബസ്സിന് ഒരു സ്റ്റോപ്പ് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ട് വകുപ്പ് മന്ത്രിമാരേയും അഭിനന്ദിച്ചുകൊണ്ട് ,ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. എൻ. ശക്തൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ രംഗത്തും ഗതാഗത രംഗത്തും ദീർഘവീക്ഷണത്തോടുകൂടി നിരവധി നല്ല കാര്യങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്, അതുകൊണ്ടാണ് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 5 സ്വകാര്യ മെഡിക്കൽ കോളേജുകളും, 19 നഴ്സിംഗ് കോളേജുകളും, 3 ആയുർവേദ കോളേജുകളും അനുവദിക്കുകയുണ്ടായി. 5 മെഡിക്കൽ കോളേജുകളിലൂടെ 500 വിദ്യാർത്ഥികൾക്ക് ഈ സംസ്ഥാനത്ത് കൂടുതലായി മെഡിസിന് പഠിക്കാൻ കഴിയും. 500 വിദ്യാർത്ഥികളിൽ 375 പേർക്ക് മെറിറ്റിലാണ് അഡ്മിഷൻ കിട്ടുന്നത്. സംസ്ഥാന എൻട്രൻസ് എക്സാമിനേഷൻ എഴുതി റാങ്ക് വാങ്ങി വരുന്ന 375 പേർക്ക് അധികമായി ഒരു പൈസപോലും കോഴ കൊടുക്കാതെ ഈ സംസ്ഥാനത്ത് പഠിക്കുവാനുള്ള സംവിധാനം ഉണ്ടാക്കിയിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽ പോയി 25-ഉം, 30-ഉം ലക്ഷം രൂപ കോഴ കൊടുത്ത് മെഡിസിന് അഡ്മിഷൻ വാങ്ങിക്കൊണ്ടിരുന്ന സ്ഥിതിവിശേഷം അവസാനിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തുതന്നെ, ഒരു പൈസപോലും കോഴ കൊടുക്കാതെ പഠിക്കുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയ ബഹുമാനപ്പെട്ട ഈ ഗവൺമെന്റിനെ, പ്രത്യേകിച്ച് ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നുണ്ടെങ്കിൽ 300 കോടി രൂപ ആവശ്യമുണ്ട്. 5 മെഡിക്കൽ കോളേജുകൾക്കും കൂടി 1,500 കോടി രൂപയുടെ ആവശ്യമുണ്ട്. സർക്കാർ ഖജനാവിൽ നിന്ന് ഒരു പൈസപോലും ചെലവഴിക്കാതെ 1500 കോടി രൂപ മുതൽ മുടക്കി ഈ സംസ്ഥാനത്ത് 500 പേർക്ക് പഠിക്കുവാനുള്ള അന്തരീക്ഷം ഉണ്ടാക്കിയത് ഒരു ചെറിയ നേട്ടമായിട്ടല്ല, വലിയ നേട്ടമായിട്ട് ഞാൻ കാണുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എന്താണ് ഇവിടെ നടന്നത് ? ഒരു പ്ലസ് ടു സ്കൂൾ അനുവദിക്കണമെന്നുണ്ടെങ്കിൽ 20 ലക്ഷവും 25 ലക്ഷവും രൂപ കോഴ കൊടുക്കണം. 25 ലക്ഷം രൂപ കോഴ കൊടുക്കാതെ ഒരൊറ്റ പ്ലസ് ടു സ്കൂൾ പോലും ഇവിടെ കിട്ടിയില്ല. ഞാൻ പ്രതിപക്ഷത്തോട് ചോദിക്കട്ടെ, ഇന്നൊരു മെഡിക്കൽ കോളേജ് സ്വകാര്യ മേഖലയിൽ കൊടുത്താൽ 10 കോടി രൂപ കോഴ കൊടുക്കുവാൻ ഇവിടെ ആളുകൾ ക്യൂ നിൽക്കുകയാണ്. അഞ്ച് മെഡിക്കൽ കോളേജിലും കൂടി 50 കോടി രൂപ കൈക്കൂലി വാങ്ങാൻ ഒരൽപ്പം പോലും താമസം ഉണ്ടാകുമായിരുന്നില്ല, അത് കിട്ടുമായിരുന്നു. പക്ഷേ അഭിമാനത്തോടുകൂടി പറയാൻകഴിയും 10 പൈസ പോലും കൈക്കൂലി വാങ്ങാതെ ഒരു കപ്പ് ചായ പോലും വാങ്ങി കുടിക്കാതെ 5 മെഡിക്കൽ കോളേജുകൾ സ്വകാര്യ മേഖലയിൽ കൊടുത്തു എന്നു പറഞ്ഞാൽ അതൊരു വലിയ നേട്ടമായി കാണുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 10 കോടി കൊടുക്കാൻ തയ്യാറായിട്ട് നിന്ന ആളാരാണെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

Page 39 of 94

ശ്രീ. എൻ. ശക്തൻ : നിങ്ങൾക്കറിയുമല്ലോ ! ഒരു പ്ലസ് ടു സ്കൂളിന് 25-ഉം, 30-ഉം ലക്ഷം രൂപ കൊടുക്കാൻ കഴിവുള്ളവർ ആരാണെന്ന് അറിയാവുന്ന നിങ്ങൾക്ക് മെഡിക്കൽ കോളേജിനും 10 കോടി കൊടുക്കാൻ കഴിവുള്ളവർ ആരാണെന്ന് അറിയില്ലേ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, പ്ലീസ്, അങ്ങ് വഴങ്ങരുത്, അങ്ങ് സമയം നഷ്ടപ്പെടുത്തുന്നു.

ശ്രീ. പി. ടി. തോമസ് : ഇടതുപക്ഷ ഭരണകാലത്ത് പ്ലസ് ടു സ്കൂളുകൾക്ക് 5 ലക്ഷവും, 10 ലക്ഷവുമൊക്കെ കൊടുക്കാൻ തയ്യാറായ ആളുകൾ തന്നെയാണ് മെഡിക്കൽ കോളേജും എഞ്ചിനീയറിംഗ് കോളേജും ഉണ്ടെങ്കിൽ കൊടുക്കാൻ തയ്യാറായി നിൽക്കുന്നതെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. എൻ. ശക്തൻ : രൂപ വാങ്ങിക്കൊണ്ട് കൊടുക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ കെ. പി. സി. സി. ഓഫീസിനു മുമ്പിൽ 10 കോടി രൂപയുടെ ബാഗുമായി ആളുകൾ ക്യൂനിൽക്കും എന്നുള്ള കാര്യത്തിൽ സംശയം വേണ്ട. ബഹുമാനപ്പെട്ട കോടിയേരിയോട് ഞാൻ ഒന്ന് പറയട്ടെ, ഞങ്ങൾക്ക് കെ. പി. സി. സി. ഓഫീസിനോട് അനുബന്ധിച്ച് ഒരു കെട്ടിടം നിർമ്മിക്കണമായിരുന്നു, എന്താണ് ചെയ്തത് എന്ന് അറിയില്ലേ ? 25 രൂപയും 50 രൂപയും 100 രൂപയും വീടുകൾതോറും കയറിയിറങ്ങി കളക്ട് ചെയ്ത് ഞങ്ങളുടെ കെ. പി. സി. സി. പ്രസിഡന്റ് കാസർഗോഡ് മുതൽ പാറശ്ശാല വരെ യാത്ര ചെയ്ത് പരസ്യയോഗങ്ങളിൽ വച്ച് ആ സംഭാവനകൾ വാങ്ങിക്കൊണ്ടാണ് ഞങ്ങൾ ആ കെട്ടിടം നിർമ്മിക്കുന്നത്. നിങ്ങളുടെ കാലത്ത് എന്തായിരുന്നു സ്ഥിതി ? എ. കെ. ജി. സെന്ററിൽ നിങ്ങൾ എയർ കണ്ടീഷൻ ചെയ്ത ഒരു ഹാൾ പണിതു, കറങ്ങുന്ന കസേര വാങ്ങി, നിങ്ങൾ ചാനൽ തുടങ്ങി. അതുപോലെ കാസർകോഡു മുതൽ പാറശ്ശാല വരെ നിങ്ങൾ നിരവധി പാർട്ടി ഓഫീസുകൾ നിർമ്മിച്ചു. എവിടെ നിന്ന് കിട്ടി നിങ്ങൾക്ക് ഈ പൈസ ? നിങ്ങൾ എന്താ പറഞ്ഞത് പാട്ട കുലുക്കി ഉണ്ടാക്കി എന്ന്, കുലുക്കിയാൽ എത്ര കിട്ടുമെന്ന് എല്ലാവർക്കും അറിയാം. ഈ രാജ്യത്ത് മണിച്ചൻമാരെയും, താത്തമാരേയും സൃഷ്ടിച്ചുകൊണ്ട്, അബ്കാരി മുതലാളിമാരുടെ പൈസ വാങ്ങിക്കൊണ്ടാണ് നിങ്ങൾ ഇതെല്ലാം നിർമ്മിച്ചത്. നിങ്ങളുടെ പാർട്ടി ഓഫീസിന് മദ്യത്തിന്റെ ഗന്ധമുണ്ട്, എ. കെ. ജി. സെന്ററിലെ കറങ്ങുന്ന കസേരയ്ക്കും, ആ എയർ കണ്ടീഷൻ ഹാളിനും മദ്യത്തിന്റെ ഗന്ധമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ധനാഭ്യർത്ഥനയെക്കുറിച്ച് പറയണം, ഞാൻ കേൾക്കട്ടെ, പ്ലീസ്, പ്ലീസ്.

ശ്രീ. എം. വി. ജയരാജൻ : വീക്ഷണം പത്രത്തിന്റെ കുടിശ്ശിക വീട്ടാൻ വേണ്ടി 8 കോടി രൂപ അടച്ചത് കെ. പി. സി. സി. ഓഫീസിൽ ഇങ്ങനെ ക്യൂ നിന്ന രണ്ട് ആളുകൾ കൊടുത്തതാണ് എന്ന വാർത്ത അങ്ങേയ്ക്ക് നിഷേധിക്കാൻ പറ്റുമോ ?

ശ്രീ. എൻ. ശക്തൻ : എന്റെ ബഹുമാനപ്പെട്ട ജയരാജൻ, ദേശാഭിമാനി പത്രം തുടങ്ങിയതും, അതിന്റെ പുതിയ എഡിഷൻ തുടങ്ങിയ കാര്യവുമൊന്നും ഞാൻ പറഞ്ഞില്ല. ഞങ്ങളുടെ വീക്ഷണം പത്രത്തിന് അത്രയെന്നും രൂപ അടയ്ക്കാൻ ഇല്ലായിരുന്നു. വീക്ഷണം പത്രത്തിന്റെ കടം തീർക്കുന്നതിനുവേണ്ടി കൂടിയാണ് ഞങ്ങൾ ഈ ഫണ്ട് കളക്ഷൻ നടത്തിയത്, അക്കാര്യത്തിൽ നിങ്ങൾക്ക് ഒരു സംശയവും വേണ്ട. ഫണ്ട് കളക്ഷൻ നടത്തിയാണ് ഞങ്ങൾ അതിന്റെ കടം തീർക്കുന്നത് എന്നുള്ള കാര്യം



LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഓർമ്മിക്കണം. ഇന്ന് നമ്മുടെ ആരോഗ്യരംഗത്ത് 73 ശതമാനം രോഗികളും പ്രൈവറ്റ് ആശുപത്രികളിലാണ് പോകുന്നത്. 27 ശതമാനം രോഗികൾ മാത്രമേ സർക്കാർ ആശുപത്രികളിൽ വരുന്നുള്ളൂ. അവർക്ക് ഇന്ന് ആവശ്യമായ സംവിധാനം ഇല്ല. അടുത്തകാലത്ത് മെഡിക്കൽ കോളേജിലെ ഒരു വാർഡിനെപ്പറ്റി പത്രത്തിൽ ഒരു വാർത്തവന്നു. 15-ാം വാർഡ്, 40 രോഗികൾക്ക് കിടക്കാൻ ബെഡ് സൗകര്യമുള്ള ആ വാർഡിൽ ഇന്ന് 222 രോഗികൾ കിടക്കുകയാണ്. ഞാൻ ഒരു രോഗിയെ അന്വേഷിച്ച് ആ വാർഡിൽ പോയി, ഒന്നു നടക്കാൻ പോലും നിവർത്തിയില്ല. വഴിയിൽ മുഴുവൻ രോഗികൾ കിടക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് മുഴുവൻ ഇതാണ് അവസ്ഥ. ഒരു കോടി ജനങ്ങൾ ഉണ്ടായിരുന്നപ്പോൾ ഉണ്ടാക്കിയ ആ സൗകര്യങ്ങൾ മാത്രമേ ഇന്നും നമ്മുടെ ആശുപത്രികളിലുള്ളൂ. ജനസംഖ്യ ഏതാണ്ട് മൂന്നേകാൽ കോടി കഴിഞ്ഞിരിക്കുകയാണ്. അതിനനുസരിച്ച് രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ആവശ്യമായ സംവിധാനം ഉണ്ടാക്കിയിട്ടില്ല. അതിന് സൗകര്യം ഉണ്ടാക്കണം. നമ്മുടെ പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജ് ഇങ്ങനെ മുഴുവൻ ആശുപത്രികളിലും ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുമാത്രമല്ല, രോഗികൾക്ക് ഇതിനുമുമ്പ് ആശുപത്രിയിൽ നിന്ന് ഭക്ഷണം കൊടുത്തിരുന്നു, ഉച്ചയ്ക്ക് ചോറും, വൈകുന്നേരം കഞ്ഞിയും കൊടുത്തിരുന്നു. ഇന്ന് ചോറും കഞ്ഞിയും രോഗികൾക്കില്ല. ഇന്ന് കൊടുക്കുന്നത് പച്ച പാലും, ബ്രെഡ്ഡും, മുട്ടയുമാണ്. ഇന്നെന്നു പറയുമ്പോൾ നിങ്ങളുടെ കാലത്തും ഇതുതന്നെയായിരുന്നു. അപ്പോഴാ തുടങ്ങിയത്. നിങ്ങളുടെ കാലത്താ ചോറും കഞ്ഞിയും കൊടുത്തിരുന്നത് അവസാനിപ്പിച്ചത്. പച്ച പാൽ കാച്ചിയാൽ മാത്രമേ കുടിക്കാൻ സാധിക്കൂ, അതിനുപോലും സംവിധാനമില്ല. ഉച്ചയ്ക്ക് കേരളീയന് ചോറ് ആവശ്യമാണ്. നമ്മുടെ സർക്കാർ ആശുപത്രികളിൽ പാവപ്പെട്ട രോഗികൾക്ക് മുഴുവൻ ഉച്ചയ്ക്ക് ചോറും വൈകുന്നേരം കഞ്ഞിയും കൊടുക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇത് പറയുമ്പോൾ ഇന്ന് സർക്കാർ ഖജനാവിൽനിന്ന് ഇതിനുവേണ്ടി ചെലവാക്കാൻ പണമില്ല എന്ന് അറിയാം, അതറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നത്. അതേ സമയത്ത് നമുക്ക് സൗകര്യം വേണം, അതുകൊണ്ട് ഞാൻ ഒരു കാര്യം പറയട്ടെ, സർക്കാർ ആശുപത്രികളിൽ പൂർണ്ണമായി, സൗജന്യമായി എല്ലാ ചികിൽസയും പാവപ്പെട്ടവർക്ക് മാത്രമായി ചുരുക്കിക്കൊണ്ട്, സാമ്പത്തികശേഷിയുള്ളവരിൽ നിന്ന് അതിനുള്ള പൈസ വാങ്ങിക്കൊണ്ട് പാവപ്പെട്ടവർക്ക് സൗകര്യം ഏർപ്പെടുത്തിക്കൊടുക്കണം എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവർക്ക് സർക്കാർ ഹോസ്പിറ്റലുകളിൽ ചികിൽസ മുഴുവൻ സൗജന്യമായി കൊടുക്കണം. അവർക്ക് ഭക്ഷണവും കൊടുക്കണം. ഇടത്തരക്കാർക്ക് ഭക്ഷണം ഒഴിവാക്കിക്കൊണ്ട് പകുതി ഫീസ് ഈടാക്കി ചികിൽസ കൊടുക്കണം. അതേസമയം ശേഷിയുള്ള ആളുകളിൽ നിന്ന് മുഴുവൻ പൈസയും ഈടാക്കണം. അങ്ങനെ ഈടാക്കിയാൽപോലും ഇന്ന് പ്രൈവറ്റ് ആശുപത്രിയിൽ കൊടുക്കുന്നതിന്റെ പകുതി തുകപോലും കൊടുക്കേണ്ടിവരില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. എന്റെ നിയോജകമണ്ഡലത്തിലെ നേമം ആശുപത്രിയുടെ കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാഷണൽ ഹൈവേയുടെ തൊട്ടടുത്തുള്ള നേമം ആശുപത്രിയിൽ ട്രോമ കെയറിന്റെ ഒരു യൂണിറ്റ് അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അപകടങ്ങൾ സംഭവിച്ച ആളുകളെ തിരുവനന്തപുരത്ത് കൊണ്ടെത്തിക്കുമ്പോൾ രോഗി പലപ്പോഴും മരിച്ചുപോകാറുണ്ട്. നാഷണൽ ഹൈവേയുടെ സമീപത്തുള്ള ആ ആശുപത്രി വിപുലപ്പെടുത്തിയാൽ അത് ഒഴിവാക്കാൻ കഴിയും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാഷ്വാലിറ്റി ആ ആശുപത്രിയിൽ അനുവദിക്കണം, ഒരു താലൂക്ക് ആശുപത്രിയുടെ എല്ലാവിധ സൗകര്യങ്ങളും അവിടെ അനുവദിക്കണം എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

സർ, മെഡിക്കൽ കോളേജുകളിൽ ഇന്ന് നടക്കുന്ന സ്ഥിതിവിശേഷം ഞാൻ പറയട്ടേ. അവിടെ ഒരു രോഗിയെ അത്യാസന്ന നിലയിൽ കൊണ്ടുപോകുന്ന സമയത്ത് മരിച്ചുപോയാൽ, ശവശരീരമാണ് മെഡിക്കൽ കോളേജിലെ കാഷ്വാലിറ്റിയിൽ എത്തിക്കുന്നതെങ്കിൽ, ആ ശവശരീരം ബന്ധുക്കൾക്ക് തിരിച്ച് കൊടുക്കില്ല. പോസ്റ്റ്മോർട്ടം ചെയ്തു മാത്രമേ കൊടുക്കൂ. അപകടം സംഭവിച്ച് ഒരാളിനെ കൊണ്ടുപോയി മരിച്ചാൽ പോസ്റ്റ്മോർട്ടം ചെയ്യണം. ആത്മഹത്യ ചെയ്തു മരിച്ചാൽ അത് പോസ്റ്റ്മോർട്ടം ചെയ്യാം. ഹാർട്ട് അറ്റാക്ക് പോലുള്ള അസുഖങ്ങൾ വന്ന് അവിടെ കൊണ്ടുചെല്ലുമ്പോൾ മരിച്ചാൽ ആ ബോഡിയും പോസ്റ്റ്മോർട്ടം ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ഇതിന് മാറ്റം വരുത്തണം. യഥാർത്ഥത്തിൽ അസുഖംമൂലമാണ് മരിക്കുന്നതെങ്കിൽ അങ്ങനെയുള്ള ബോഡി പോസ്റ്റ്മോർട്ടം ചെയ്യുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ബന്ധുക്കൾക്ക് വിട്ടുകൊടുക്കാനുള്ള സംവിധാനം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ നമ്മുടെ മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റിയിൽ പോയാൽ ഒരിക്കലും സീനിയർ ഡോക്ടർമാർ കാണില്ല. അവിടെ ഉള്ളത് പി. ജി. സ്റ്റുഡൻറ്സാണ്. ഈ സ്റ്റുഡന്റ്സിന് വളരെ സീരിയസായി വരുന്ന രോഗികളെ പരിശോധിച്ച് ചികിൽസ കൊടുക്കാൻ കഴിയില്ല. രാത്രി കാലങ്ങളിലും പകൽ സമയങ്ങളിലും സീനിയർ ഡോക്ടർമാരുടെ സേവനം മെഡിക്കൽ കോളേജുകളിലെ കാഷ്വാലിറ്റിയിൽ ഉണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. തിരുവനന്തപുരം ആയുർവേദ കോളേജ്, കേരളത്തിലെ തന്നെ, ഇൻഡ്യയിലെതന്നെ, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ആയുവേദ കോളേജാണ്. ഏതാണ്ട് 600 രോഗികൾ ഒ. പി. ആയി ദിവസവും അവിടെ വരുന്നുണ്ട്. 500 രോഗികൾ അവിടെ കിടന്ന് ചികിൽസനടത്തുന്നുണ്ട്. ഈ ആശുപത്രിയിൽ കഴിഞ്ഞ കുറെ മാസങ്ങളായി കുടിക്കാനുള്ള പച്ചവെള്ളം കിട്ടുന്നില്ല എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കണം. കുടിക്കുന്നതിനുള്ള വെള്ളം വാങ്ങിയതിന് മാത്രം കഴിഞ്ഞ രണ്ട് മാസത്തിനിടയ്ക്ക് 50,000 രൂപ കൊടുത്ത സംഭവം ഉണ്ട്. ദിവസവും 1,000 രൂപ വെള്ളത്തിന് കൊടുക്കുകയാണ്. ആയുർവേദ കോളേജിൽ അടിയന്തിരമായി ശുദ്ധജലം എത്തിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. അമേരിക്കയിൽ അടുത്ത കാലത്ത് നടത്തിയ കണ്ടുപിടുത്തത്തിൽ ക്യാൻസറിന് ആയുർവേദത്തിൽ പച്ചമരുന്നിലൂടെ നല്ല ചികിൽസ ഉണ്ടെന്ന് കണ്ടെത്തിയിരിക്കുന്നു. തിരുവനന്തപുരം ആയുർവേദ കോളേജിൽ ആയുർവേദ ഗവേഷണത്തിന് ഉള്ള റിസർച്ച് സെന്റർ അനുവദിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളം പച്ചില മരുന്നുകൾ സുലഭമായി കിട്ടുന്ന സംസ്ഥാനമാണ്. മറ്റൊരു സംസ്ഥാനത്തും കിട്ടാത്ത പച്ചമരുന്നുകൾ ഈ സംസ്ഥാനത്ത് കിട്ടുന്ന സാഹചര്യത്തിൽ ആയുർവേദ കോളേജിൽ ഒരു റിസർച്ച് സെന്റർ ആരംഭിച്ചാൽ അത് വളരെയധികം പ്രയോജനം ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും ഇല്ല. പേ വാർഡ്

LIBRARY ARCHIVES Kerala Legislative Assembly

കെട്ടാൻ അവിടെ ഇഷ്ടം പോലെ സ്ഥലമുണ്ട്. അവിടെ 15 പേ വാർഡ് മുറികൾ മാത്രമേ ഉള്ളൂ. കൂടുതൽ പേ വാർഡുകൾ നിർമ്മിച്ച് ആശുപത്രിയിൽ സൗകര്യം വർദ്ധിപ്പിക്കണം.

ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ശ്രദ്ധേയമായ ഒരു കാര്യം പെടുത്തുകയാണ്. നെയ്യാറ്റിൻകര താലൂക്ക് അങ്ങയുടെകൂടെ താലൂക്കാണ്. ആ താലൂക്കിലെ നാല് നിയോജക മണ്ഡലങ്ങളിലും യാത്രക്കാർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എത്രതന്നെ പറഞ്ഞാലും മതിയാകില്ല. ഇന്നുള്ളതിന്റെ 50 ശതമാനം ബസ്സുകൾ കൂടി അധികമായി അവിടെ നൽകിയാൽപോലും ഇന്നുള്ള യാത്രാക്ളേശം പൂർണ്ണമായും പരിഹരിക്കാൻ കഴിയില്ല. അത്രമാത്രം ആളുകൾ വിഷമിക്കുകയാണ്. ബൈറൂട്ടുകളിൽ രാവിലെ തന്നെ കോളേജുകളിൽ പോകുന്ന വിദ്യാർത്ഥികൾ, അതുപോലെതന്നെ ഉദ്യോഗസ്ഥൻമാർ; നിലവിൽ ഉള്ള ബസ്സുകൾപോലും ഓടിക്കാത്തതിന്റെ ഫലമായി അവർ വിഷമിക്കുന്ന ഒരു സ്ഥിതി വിശേഷം ഉണ്ട്. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു, നെയ്യാറ്റിൻകര താലൂക്കിലെ നാല് നിയോജകമണ്ഡലങ്ങളിലും ഇന്നുള്ളതിന്റെ 50 ശതമാനം ബസ്സുകൾ കൂടി കൂടുതൽ അനുവദിക്കുന്നതിന് തയ്യാറാകണം. എങ്കിൽ മാത്രമേ അവിടുത്തെ യാത്രാക്ളേശം ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ കഴിയൂ. അങ്ങനെ കൂടുതൽ ബസ്സുകൾ അനുവദിക്കാൻ കഴിയുന്നില്ല എങ്കിൽ തിരുവനന്തപുരം സിറ്റി ഉൾപ്പെടെ കേരളത്തിലെ മിക്കവാറും എല്ലാ ഭാഗത്തും ഇന്ന് പ്രൈവറ്റ് ബസ്സുകൾ ഉണ്ട്. നെയ്യാറ്റിൻകര താലൂക്കിലും പ്രൈവറ്റ് ബസ്സുകൾ കൊടുത്ത് ആളുകളുടെ യാത്രാ ക്ളേശത്തിന് പരിഹാരം ഉണ്ടാക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ബസ്സ് വിട്ടാൽമതി. പ്രൈവറ്റ് ബസ്സ് വേണ്ട.

ശ്രീ. എൻ. ശക്തൻ : സർ, ബസ്സ് അനുവദിക്കാൻ കെ. എസ്. ആർ. ടി. സി. ക്ക് കഴിയില്ല എന്നുണ്ടെങ്കിൽ പ്രൈവറ്റ് ബസ്സ് കൊടുത്ത് ആ മേഖലയിലെ യാത്രാ ക്ളേശത്തിന് പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പാപ്പനംകോട് ഡിപ്പോയിൽ നിന്നും അടുത്തകാലത്ത് 28 ബസ് സർവ്വീസുകൾ നിർത്തലാക്കുകയുണ്ടായി. അതിന്റെ ഫലമായി നേമം നിയോജകമണ്ഡലത്തിലെ ആളുകൾ അനുഭവിക്കുന്ന യാത്രാക്ളേശം പറഞ്ഞറിയിക്കാൻ കഴിയുന്നതല്ല. പാപ്പനംകോട് ഡിപ്പോയിൽ നിന്നും ഇപ്പോൾ ക്യാൻസൽ ചെയ്തിരിക്കുന്ന 28 ബസ്സ് സർവ്വീസുകളും അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റിന് വേണ്ടി ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരും അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒന്നുകൂടി പിന്താങ്ങുന്നു ; ഞാൻ നിർത്തുന്നു.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കേരള നിയമസഭയിലേക്ക് ആദ്യമായിട്ട് തെരഞ്ഞെടുക്കപ്പെടുകയും മന്ത്രിമാരാകുകയും ചെയ്ത ഈ രണ്ട് പേരും കഴിഞ്ഞ 14 മാസത്തെ ഭരണം കൊണ്ട് അവരുടെ മികവ് പ്രകടിപ്പിച്ചിരിക്കുകയാണ്. സാധാരണ ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ രണ്ട് വകുപ്പുകളാണ് ഈ മന്ത്രിമാർ കയ്യാളുന്നത്. ജനങ്ങളുടെ പ്രതീക്ഷ അനുസരിച്ചുതന്നെ അവർ മുന്നോട്ടുപോകുന്നു എന്നത് സന്തോഷകരമാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇന്ന് ഏറെ ശ്രദ്ധേയനായിരിക്കുന്നത് സ്വാശ്രയ കോളേജുകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങാൻ കാണിച്ച ധീരമായ നടപടികൾകൊണ്ടാണ്. പ്ലസ് ടു കഴിഞ്ഞാൽ തുടർന്നുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കാൻ കോടിക്കണക്കിന് രൂപയാണ് മറ്റ് സംസ്ഥാനങ്ങളിലേക്ക് പോയിക്കൊണ്ടിരുന്നത്. പുല്ലൂട്ടിലെ പട്ടിയെപ്പോലെ പുല്ലു തിന്നുകയുമില്ല, പശുവിനെ തീറ്റുകയുമില്ല എന്ന് പറഞ്ഞ നയമായിരുന്നു നമുക്ക് കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്നത്. ഗവൺമെന്റിന് പ്രൊഫഷണൽ കോളേജ് തുടങ്ങാൻ പണമില്ല. എന്നാൽ സ്വകാര്യവ്യക്തികളെ അത് തുടങ്ങാൻ അനുവദിക്കുകയുമില്ല. വിദ്യാഭ്യാസ കച്ചവടമെന്ന ആരോപണം പറഞ്ഞ് നമ്മുടെ കുട്ടികൾക്ക് കേരളത്തിൽ പഠിക്കാൻ അവസരങ്ങൾ നഷ്ടപ്പെടുത്തുന്ന ഒരു അവസ്ഥയാണ് നമുക്ക് ഉണ്ടായിരുന്നത്. കോഴയോ ക്യാപ്പിറ്റേഷനോ എന്ന പേരിൽ, കോടിക്കണക്കിന് രൂപ അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകിയിട്ടും ഒരുതരം നിസ്സംഗതാഭാവത്തോടെ നാം നോക്കിനിൽക്കുകയായിരുന്നു. പഠിക്കാനാഗ്രഹമുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കേരളത്തിൽ തന്നെ പഠിക്കാൻ അവസരം ഉണ്ടാക്കുമെന്ന് ശ്രീ. എ. കെ. ആന്റണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോകുന്നതനുസരിച്ച് ഒത്തിരിയേറെ കോളേജുകളാണ് ഈ തവണ ആരംഭിച്ചിട്ടുള്ളത്. ഈ വർഷം 5 മെഡിക്കൽ കോളേജുകളും 3 ആയുർവേദ കോളേജുകളും ഒരു സിദ്ധ മെഡിക്കൽ കോളേജും 19 നഴ്സിംഗ് കോളേജുകളും മറ്റ് ഫാർമസി പാരാമെഡിക്കൽ കോളേജുകളും തുടങ്ങാൻ നടപടികൾ സ്വീകരിച്ച ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിക്ക് ഈ നാട്ടിലെ മുഴുവൻ രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും പേരിൽ നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നൂറ് കണക്കിന് വിദ്യാർത്ഥികൾക്കാണ് ഇതുമൂലം നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന് വേദി ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് പ്ലസ് ടു അനുവദിക്കുന്നതിലുണ്ടായ അഴിമതികളുടെ കഥകളും കോടതിയുടെ ഇടപെടലുമെല്ലാം നമ്മുടെ മുമ്പിലുണ്ട്. എന്നാൽ അഴിമതിയുടെ കറ പുരളാത്ത തികച്ചും സുതാര്യമായ രീതിയിലാണ് കോളേജുകൾ ഇന്ന് അനുവദിച്ചിട്ടുള്ളത്. കേരളത്തിൽ പ്രമേഹ രോഗത്തിന്റെ ആധിക്യം കണക്കിലെടുത്ത് അവ തടയുന്നതിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിക്സ് എന്ന സ്ഥാപനം ആരംഭിച്ച് ചികിൽസയ്ക്കും ഗവേഷണത്തിനും മുന്തിയ പരിഗണന നൽകിയ മന്ത്രിയുടെ നടപടിയെ ഞാൻ പ്രത്യേകം പ്രശംസിക്കുകയാണ്. കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് മൊത്തത്തിൽ പരിശോധന നടത്താനും നല്ല ചികിൽസ ലഭ്യമാക്കാനും സാധ്യമല്ലാത്ത ഈ കാലഘട്ടത്തിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് വേണ്ടി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ പോകുന്ന ബഹു: മന്ത്രി ശ്രദ്ധേയമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. കേരളത്തിലെ ജനങ്ങളുടെ ഭക്ഷണക്രമത്തിലും ജീവിത രീതിയിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾമൂലം കേരളത്തിലെ ഹൃദ്രോഗ നിരക്കുകൾ വർദ്ധിച്ചിരിക്കുകയാണ്. ഇത് മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി തിരുവനന്തപുരത്ത് ആരംഭിക്കാൻ പോകുന്ന ഹാർട്ട് ഫൗണ്ടേഷൻ പോലൊരു സ്ഥാപനം തൃശ്ശൂർ മെഡിക്കൽ കോളേജിലും ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ട് 18 വർഷങ്ങൾ കഴിഞ്ഞു. ഇന്നും അതിന്റെ ബാലാരിഷ്ടതകൾ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജിന് വേണ്ടി പ്രത്യേകം പണം നീക്കിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തന്റെ വിദ്യാഭ്യാസകാലത്ത് തൃശ്ശൂർ ജില്ലയിൽ വളരെയേറെ ചെലവഴിച്ചിട്ടുള്ളതാണ്. ആ



LIBRARY ARCHIVES Kerala Legislative Assembly

പഴയ ബന്ധം വച്ചെങ്കിലും തൃശ്ശൂർ ജില്ലയ്ക്ക് പ്രത്യേക പരിഗണന കൊടുക്കണമെന്ന് ഞാൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു. ഫൈവ് സ്റ്റാർ ഹോട്ടലുകൾ പോലെ ഫൈവ് സ്റ്റാർ ഹോസ്പിറ്റലുകൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് കൂണുകൾ പോലെ പൊട്ടിമുളക്കുകയാണ്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി എന്നൊക്കെ പേരുകളിൽ ജനങ്ങളെ കൊള്ളയടിക്കുകയാണ്. ഇതിനെതിരെ ഫലപ്രദമായ നിയന്ത്രണ നടപടികൾ സ്വീകരിക്കണം. സർക്കാർ ആശുപത്രി കോമ്പൗണ്ടുകളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി അങ്ങ് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ കൊണ്ട് ഒരു പരിധിവരെ ഇവയെ നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. 175 ലക്ഷം രൂപ ചെലവാക്കി എറണാകുളത്ത് ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതും, ഗ്രാമപ്രദേശങ്ങളിലും വനപ്രദേശങ്ങളിലും കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ച് ഒഴിവുകൾ നികത്തുന്നതും, ശബരിമലയിൽ മുമ്പ് എങ്ങുമില്ലാത്ത വിധത്തിൽ കാർഡിയോളജി യൂണിറ്റുകളും ഓക്സിജൻ പാർലറുകളും സ്ഥാപിച്ച് ശബരിമല തീർത്ഥാടകരെ സഹായിച്ചതുമെല്ലാം അങ്ങയുടെ ഭരണനൈപുണ്യത്തിന്റെ പ്രത്യേകത വിളിച്ചോതുന്നവയാണ്. അതുപോലെ ഹോമിയോയ്ക്ക് പ്രത്യേകം പ്രാധാന്യം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പാർശ്വഫലങ്ങളില്ലാത്തതും ചെലവ് കുറഞ്ഞതുമായ ഹോമിയോ സിസ്റ്റം നമ്മുടെ സംസ്ഥാനത്ത് വളർത്തിയെടുക്കേണ്ടതാകുന്നു. ഞാൻ ഇതു പറയുമ്പോൾ തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ കോളേജിൽ ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യംപോലും ഇല്ല. അതിനുള്ള സൗകര്യം അങ്ങുണ്ടാക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പാവറട്ടി, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകളിലെ രണ്ട് ഹോസ്പിറ്റലുകളിൽ 10 ബഡ്ഡുകളോടുകൂടിയ വാർഡുകൾ ഏർപ്പെടുത്തിയിട്ട് 10 വർഷമായി. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ ഇക്കാര്യം പറഞ്ഞപ്പോൾ പാവറട്ടി ആശുപത്രിയിൽ ചികിൽസയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും ബഹുമാനപ്പെട്ട മന്ത്രി തന്നെ അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വെങ്കിടങ്ങ് പഞ്ചായത്തിലും ഒരു ആശുപത്രിയിൽ 10 വർഷമായി വാർഡ് പണിത് കിടക്കുകയാണ്. അവിടെയും കിടത്തി ചികിൽസയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സ്റ്റാഫിനെ പൂർണ്ണമായി നിശ്ചയിച്ച് അതനുവദിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ കെ. എസ്. ആർ. ടി. സി. ഇന്ന് വളരെയേറെ വിവാദം ഉണ്ടാക്കുന്ന ഒരു സ്ഥാപനമാണ്. ഞാൻ ധരിച്ചത് കെ. എസ്. ആർ. ടി. സി. യുടെ ചർച്ചയിൽ പ്രതിപക്ഷം എതിരാവുകയില്ല എന്നാണ്. കാരണം അവരുടെ കാലഘട്ടത്തിൽ തകർന്നുപോയ സ്ഥാപനമായിരുന്നു അത്. ഒരു മാസം 15 കോടിയോളം രൂപ നഷ്ടം സഹിക്കുന്ന വലിയ സ്ഥാപനമായിരുന്നു കെ. എസ്. ആർ. ടി. സി. പക്ഷേ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ പരിഗണനകൊണ്ട് ഇന്ന് നഷ്ടം 5 കോടി രൂപയാക്കി കുറയ്ക്കാൻ നമുക്ക് സാധിച്ചു. ബഹുമാന്യനായ കെ. പി. സതീശ് ചന്ദ്രൻ സംസാരിച്ചപ്പോൾ ഈ ഗവൺമെന്റ് പുതിയ ബസ്സുകൾ വാങ്ങിയില്ല എന്ന് പറയുകയുണ്ടായി. ബസ്സുകളെല്ലാം മുൻ ഗവൺമെന്റിന്റെ കാലത്തേതാണെന്നു പറഞ്ഞു. ഒരു കാര്യം നമുക്കറിയാം. കഴിഞ്ഞ ഗവൺമെന്റിന്റെ കണക്കിൽ ബസ്സുകളുണ്ടായിരുന്നു എങ്കിലും ഒട്ടുമുക്കാൽ ബസ്സുകളും കട്ടപ്പുറത്തായിരുന്നു. പലതും ഡീസലില്ലാതിരുന്നതിനാൽ ഓടി

യിരുന്നില്ല. പലതിനും സ്പെയർ പാർട്സ് ഉണ്ടായിരുന്നില്ല. കണക്കിൽ മാത്രമായി രുന്നു ഈ ബസ്സുകൾ ഉണ്ടായിരുന്നത്. അത് മാത്രമല്ല മാസം 15 കോടി രൂപയാണ് നഷ്ടമുണ്ടായിരുന്നത്. ഈ നഷ്ടം നികത്താൻ ഭാവനാപൂർണ്ണമായ പ്രവർത്തനങ്ങൾ കാഴ്ചവെച്ചുകൊണ്ട് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ഒത്തിരിയേറെ മുന്നോട്ടുപോകുന്ന ഒരു സാഹചര്യം ഉണ്ടായി. പ്രതികൂലമായ സാഹചര്യങ്ങൾ ഉണ്ടായിട്ടുപോലും കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചത് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയുടെ പ്രത്യേകമായ ഭാവനപൂർണ്ണമായ പ്രവർത്തനമായി ഞാൻ കാണുകയാണ്.

അതുപോലെ തന്നെ എല്ലാ ജില്ലകളിലും ടൗൺ ടു ടൗൺ ചെയിൻ സർവ്വീസുകൾ ആരംഭിച്ചതും ആദായകരമല്ലാത്ത ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചതും പേപ്പർ ഷെഡ്യൂളുകൾ നിർത്തലാക്കിയതും അതുവഴി ഒരു കോടിയോളം രൂപ ഡീസൽ ചെലവിൽ മാത്രം ലാഭം ഉണ്ടാക്കിയതും അദ്ദേഹത്തിന്റെ പ്രത്യേകമായ കഴിവ് ആണെന്ന് എടുത്ത് പറയാതിരിക്കാൻ നിവൃത്തിയില്ല. മുൻപെങ്ങും ഇല്ലാത്തവിധം ബസ് സ്റ്റേഷനുകളിൽ സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ വാട്ടർ കൂളർ, ടോയ്‌ലറ്റ്, തുടങ്ങിയ എല്ലാ സജ്ജീകരണങ്ങളും യാത്രക്കാർക്കുവേണ്ടി ഒരുക്കിയത് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേകമായ ഭരണപാടവമായി ഞാൻ കാണുകയാണ്. മലയോര പ്രദേശങ്ങളിൽ മിനി ബസ് ഓടിക്കാൻ തീരുമാനിച്ചതും നിശാസർവ്വീസുകൾ ആരംഭിച്ചതുമൊക്കെ യാത്രക്കാർക്ക് ഏറ്റവും അധികം ആശ്വാസം നൽകുന്ന നടപടികളായി ഞാൻ കാണുന്നു. കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ 100 കണക്കിന് കേസുകൾ അദാലത്ത് വഴി തീർപ്പ് കൽപ്പിച്ചുകൊണ്ട് തൊഴിലാളികളുടെ വിശ്വാസം നേടിയെടുക്കാനും അതുപോലെതന്നെ 1985 മുതൽ അനേകം എം. എ. സി. റ്റി. കേസുകൾ അദാലത്ത് വഴി അവസാനിപ്പിച്ച് 10 കോടിയിലേറെ രൂപ കെ. എസ്. ആർ. ടി. സി.ക്ക് ലാഭമുണ്ടാക്കാനും സാധിച്ച മന്ത്രിയുടെ ഭരണ നൈപുണ്യം എത്രമാത്രം പ്രശംസിച്ചാലും അധികമാകില്ല. ഈ സന്ദർഭത്തിൽ ഒരു കാര്യത്തിൽ എനിക്ക് നന്ദിയോടെ അദ്ദേഹത്തിനെ ഓർമ്മിക്കാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ മണലൂരിലെ ട്രാൻസ്പോർട്ട് ബസ്സുകളെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ വളരെ താൽപര്യത്തോടെ അദ്ദേഹം കെ.എസ്. ആർ. ടി. സി. യുടെ മാനേജിംഗ് ഡയറക്ടറേയും എക്സിക്യൂട്ടീവ് ഡയറക്ടറേയും വിളിച്ചുവരുത്തി ക്ഷമാപൂർവ്വം പ്രശ്നങ്ങൾ കേൾക്കുകയും 8 പുതിയ സർവ്വീസുകൾ എനിക്ക് അനുവദിച്ചുതരുകയും ചെയ്തു. എത്രമാത്രം നന്ദി പറഞ്ഞാലും അധികമാകില്ല എന്ന് ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിക്കുകയാണ് . ഞാൻ പറഞ്ഞുവരുന്നത്, ഈ ബസ്സുകൾ എല്ലാം അവിടെ പല തരത്തിൽ ഓടിക്കൊണ്ടിരുന്നതാണ്. പക്ഷേ സമയത്തിന്റെ ക്രമീകരണത്തിലും റൂട്ടുകളുടെ ക്രമീകരണത്തിലും അദ്ദേഹം വളരെ ശ്രദ്ധാപൂർവ്വമായ പ്രവർത്തനം കാഴ്ചവച്ചതിലൂടെയാണ് അത് ലാഭകരമാക്കാൻ സാധിച്ചത്. സ്വകാര്യ ബസ്സുകളുടെ റൂട്ടുകൾ നിശ്ചയിക്കാൻ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതുപോലെതന്നെ കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കും ഇത് ബാധകമാക്കണം. റൂട്ടുകളുടെ പല സമയവും ജനങ്ങൾക്ക് ഉപകാരപ്രദമല്ല. ജനകീയ പ്രതിനിധികളുമായി കൂടിയാലോചിച്ച് റൂട്ടുകളും സമയവും നിശ്ചയിച്ചാൽ കളക്ഷൻ വർദ്ധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല എന്നുള്ളത് നേരത്തേ പറഞ്ഞ 8 ബസ്സുകളുടെ കാര്യത്തിൽ ഒരു തെളിവ് തരികയാണ്. അതുകൊണ്ട് ബസ് റൂട്ടുകൾ നിശ്ചയിക്കുമ്പോഴും സമയം നിശ്ചയിക്കുമ്പോഴും എവിടെ എങ്ങനെ ഓടണമന്നതിനെക്കുറിച്ച് ജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി സ്വരൂപിക്കണമെന്നാണ് [illegible]

LIBRARY ARCHIVES Kerala Legislative Assembly

ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഞാൻ ഈ സന്ദർഭത്തിൽ മറ്റ് രണ്ട് കാര്യങ്ങൾകൂടി പറയുകയാണ്. ബസ്സ് ചാർജ്ജ് വർദ്ധനവ് ഇനി അടുത്ത കാലത്തൊന്നും ഉണ്ടാകാത്ത രീതിയിൽ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം. കാരണം അങ്ങയുടെ ഭരണ നൈപുണ്യ ത്തിൽ ചെലവ് ചുരുക്കി ലാഭം ഉണ്ടാക്കുക എന്നുള്ളത് ആയിരിക്കണം ശ്രദ്ധേയമായ പ്രവർത്തനം. മറ്റൊന്ന് ദേശവൽകൃത റൂട്ടുകൾ ഇനിയും ഉണ്ടാകുമ്പോൾ അവിടെ ആവ ശ്യത്തിന് ബസ്സുകൾ ഓടിക്കാനുള്ള സൗകര്യം ചെയ്യണം. ഞാനൊരു ദേശവൽകൃത റൂട്ടിലെ ദൃക്സാക്ഷിയും അനുഭവസ്ഥനുമാണ്. എത്രയോ മണിക്കൂറുകൾ ബസ്സ് കാത്ത് നിന്ന് തെക്കും വടക്കും ബസ്സുകളുടെ പിന്നാലെ ഓടിയാൽപോലും ബസ്സ് കിട്ടാത്ത അവസ്ഥയിലാണ് പലപ്പോഴും ഞാൻ പഠിക്കാനും പൊതുപ്രവർത്തനത്തിനുമൊക്കെ സമയം ചെലവഴിച്ചിട്ടുള്ളത്. അതുകൊണ്ട് ദേശവൽകൃത റൂട്ടുകളിൽ ബസ്സുകൾ ദേശ വൽക്കരിക്കുമ്പോൾ ആവശ്യത്തിന് ബസ്സുകൾ നൽകുന്നതരത്തിൽ സംവിധാനം ഉണ്ടാ കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ ഇത്തരുണത്തിൽ ഒരു നിവേദനം സമർപ്പിക്കുകയാണ്. മറ്റൊന്നുമല്ല, എം. പി. മാർക്കും മുൻ എം.പി. മാർക്കും അവരുടെ ജീവിത പങ്കാളികളുമായി തീവണ്ടിയിൽ സൗജന്യ യാത്ര അനുവദിക്കുന്നുണ്ട്. അതുപോലെ എം. എൽ. എ. മാർക്കും മുൻ എം. എൽ. എ. മാർക്കും കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ ജീവിത പങ്കാളികളോടൊത്ത് സൗജന്യ യാത്ര അനുവദിക്കണം. ഇത് എം. എൽ. എ. മാർക്ക് മാത്രമേയുള്ളൂ. നിയമസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ കേരളത്തിലാകെ 250-ഓളം എം. എൽ. എ. മാരെയുള്ളൂ, ഇപ്പോൾ ഉള്ളവരും മുൻ എം. എൽ. എ. മാരും അടക്കം പലരും മരിച്ചുപോയിട്ടുണ്ട്. അതു കൊണ്ട് സർക്കാരിന് ഇതുകൊണ്ട് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് തോന്നു ന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ, സൗജന്യം നൽകുമ്പോൾ ഗവൺമെന്റിന് അതിന്റെ നഷ്ടം ഉണ്ടാകില്ലേ ? ഇപ്പോൾ തന്നെ നിരവധി സൗജ ന്യങ്ങൾ ഗവൺമെന്റ് കൊടുക്കുന്നുണ്ട്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : ട്രെയിനിലും പ്ലെയിനിലുമൊക്കെ എം. പി. മാർക്ക് ഈ സൗകര്യമുണ്ട്. ഇപ്പോഴുള്ള എം. എൽ. എ. മാരും മുൻ എം. എൽ. എ. മാരും അടക്കം ആകെ 200 പേരെയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : നമ്മൾ നഷ്ടമാണ് കണക്കാക്കി പറയുന്നത്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : അതൊന്ന് പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാ ങ്ങുകയാണ്. നമ്മുടെ നാട്ടിലെ ഏറ്റവും വലിയ ആരോഗ്യപ്രശ്നം വ്യാജമദ്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ദിവസം നാലുപേർ വ്യാജമദ്യം കഴിച്ച് ആശു പത്രിയിൽ ആയിരിക്കുകയാണ്. കഴിഞ്ഞ ദിവസമാണ് കല്ലുവാതുക്കൽ കേസിലെ വിധി ഉണ്ടായത്. വിധി വന്നപ്പോൾ ഒൻപത് പേരെ വെറുതെ വിട്ടു. 17 പേർക്ക് വെറും അബ്കാരി ചാർജ് മാത്രം. വെറും 9 പേർക്ക് മാത്രമാണ് ഐ. പി. സി. ചാർജും അബ്കാരി ചാർജും

LIBRARY ARCHIVES Kerala Legislative Assembly

ഒരുമിച്ച് കൊടുത്തിട്ടുള്ളത്. പ്രോസിക്യൂഷൻ സാക്ഷികളിൽ 12 പേരാണ് കൂറുമാറിയത്. അഫിഡവിറ്റ് നൽകിയ 4 പേർക്ക് എതിരെ നടപടിക്കും കോടതി ശുപാർശ ചെയ്തിരിക്കുകയാണ്. അന്വേഷണ സംഘത്തലവൻപോലും എക്സൈസ് / പോലീസ് ഡിപ്പാർട്ട്മെന്റുകളുടെ ഇടപാടുകളെക്കുറിച്ച് പരസ്യമായി പ്രസ്താവന നടത്തിക്കഴിഞ്ഞിരിക്കുകയാണ്. അദ്ദേഹം തുറന്ന് സമ്മതിച്ചിരിക്കുകയാണ്. ഇതെല്ലാം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ തെറ്റായ നടപടികളാണ്. അതിനെ അദ്ദേഹം വിമർശിച്ചിരിക്കുകയാണ്. അതുപോലെതന്നെ കോടതി പരാമർശം നടത്തിയ എല്ലാ ഉദ്യോഗസ്ഥൻമാർക്കുമെതിരെ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെ ശിക്ഷ ഉയർത്താൻ റിവ്യൂ പെറ്റീഷൻ നൽകണം. ശിക്ഷ കുറഞ്ഞവർക്ക് ശിക്ഷ ഉയർത്താൻ റിവ്യൂ പെറ്റീഷൻ കൊടുക്കുന്നതോടൊപ്പം ഒഴിവാക്കപ്പെട്ട, വെറുതെ വിട്ടവർക്കെതിരെ അപ്പീൽ കൊടുത്ത് ഈ കേസ് വളരെ ശക്തമായി കൈകാര്യം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇത് സംബന്ധിച്ച് ഒരു അന്വേഷണ കമ്മീഷനെ വെച്ചതുമൂലം അതിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചിരിക്കുകയാണ്. 6 മാസത്തെ കാലാവധി കൊടുത്ത ആ കമ്മീഷൻ ആറ് മാസം വീതം രണ്ടുപ്രാവശ്യം നീട്ടി കൊടുത്തു, വീണ്ടും 3 മാസം നീട്ടി. 21 ലക്ഷം രൂപ ചെലവാക്കി. പക്ഷേ, ഇതുവരെ കമ്മീഷൻ കല്ലുവാതുക്കൽ വന്ന് ഒരു സിറ്റിംഗ് നടത്തിയിട്ടില്ല. Place of occurrence ആയ കല്ലുവാതുക്കൽ ഇതുവരെ അദ്ദേഹം കണ്ടിട്ടുപോലുമില്ല. ഈ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് വീണ്ടും ഒരു സിറ്റിംഗ് ജഡ്ജിയെ വച്ച് വളരെ പെട്ടെന്ന് ഇതു സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് ഗതാഗതവും ഹെൽത്തും സംബന്ധിച്ച ധനാഭ്യർത്ഥനകളാണ്. അത് പറഞ്ഞില്ലല്ലോ ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ആരോഗ്യവകുപ്പിനെക്കുറിച്ച് തന്നെയാണ് ഞാൻ പറയുന്നത്. ഐക്യ കേരളത്തിൽ ആദ്യമായി ആരോഗ്യ വകുപ്പ് എന്നൊരു വകുപ്പ് ഉണ്ടെന്ന് അറിഞ്ഞത് നമ്മുടെ ബഹുമാനപ്പെട്ട " പുരുഷണ്ണൻ " ആരോഗ്യമന്ത്രിയായി ഇരിക്കുമ്പോഴാണ് അതുകഴിഞ്ഞ് 1995-96-ൽ ശ്രീ. വി. എം. സുധീരൻ ആരോഗ്യ മന്ത്രിയായി ഇരിക്കുമ്പോഴാണ്. ആരോഗ്യ വകുപ്പ് എന്നൊരു വകുപ്പ് കേരളത്തിൽ ഉണ്ടെന്ന് ഈ നാട്ടുകാർ അറിഞ്ഞത്. അന്നത്തെ ആ നേട്ടങ്ങൾ എല്ലാം 5 കൊല്ലത്തെ എൽ. ഡി. എഫ്. ഭരണം കൊണ്ട് അട്ടിമറിച്ചുകളഞ്ഞു. ശ്രീ. പി. ശങ്കരൻ ആരോഗ്യമന്ത്രി ആകുമ്പോൾ എന്താണ് സ്ഥിതി ? 1999 മുതൽ ഈ ഗവൺമെന്റ് വന്നത് വരെയുള്ള മരുന്ന് വാങ്ങിയതിന്റെ കുടിശ്ശിക 60 കോടി രൂപയായിരുന്നു. On the spot-ൽ കൊടുത്തില്ലെങ്കിൽ പഞ്ഞിയും അയഡിനും പോലും തരാത്ത സ്ഥിതിയായിരുന്നു ഉണ്ടായത്. സ്പെഷ്യൽ പാക്കേജ് വഴി 30 കോടി രൂപ ഈ സർക്കാർ കൊടുത്തു. അതുപോലെ തന്നെ സ്ഥലംമാറ്റങ്ങൾക്ക് നോംസ് വച്ച് 3 വർഷമായവരെ കർശനമായി മാറ്റി. അങ്ങനെ ആരോഗ്യ-ആതുര ശുശ്രൂഷയുടെ പവിത്രത വീണ്ടെടുക്കാൻ പ്രശംസനീയമായ ശ്രമമാണ് നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യമന്ത്രി പി. ശങ്കരൻ നടത്തിക്കൊണ്ടിരിക്കുന്നത്. വേദനിക്കുന്നവരോട് അനുതാപമുള്ള മന്ത്രി എന്ന നിലയിൽ അദ്ദേഹം ശ്രദ്ധ പിടിച്ചുപറ്റികഴിഞ്ഞു.



LIBRARY ARCHIVES Kerala Legislative Assembly

"കാട്ടിലെ കരകാണാക്കിളി പാടിയാൽ
മുളം കൂട്ടിലെ തത്തമ്മയ്ക്ക്
നൊമ്പരം വിതുമ്പിയാൽ അത്
വന്നലിച്ചിടും എൻ ഹൃദയത്തിൽ"

എന്ന് വയലാർ പാടിയതുപോലെ നമ്മുടെ മന്ത്രി, രോഗാതുരൻമാരുടെ വിലാപങ്ങൾ അദ്ദേഹത്തിൽ തരംഗങ്ങൾ ഉണ്ടാക്കുന്നു. അതിന്റെ ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ ദിവസം കോഴിക്കോട് ഡോക്ടർ രാധയ്ക്കുണ്ടായ അനുഭവത്തിൽ മന്ത്രി നേരിട്ട് ഇടപെട്ടത്. ചികിത്സാ രംഗത്തെ നവീകരിക്കാൻ കമ്പ്യൂട്ടർ യുഗത്തിന് ഇണങ്ങുന്ന വിധത്തിലും മനുഷ്യത്വം മറക്കാതെയും ആരോഗ്യരംഗത്തെ പുനരുജ്ജീവിപ്പിക്കാനുള്ള മന്ത്രിയുടെ ശ്രമം വിജയം കണ്ടുതുടങ്ങുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : Shri Joseph M. Puthusseri, Please resume your seat. അദ്ദേഹത്തിന് സമയമില്ല. അതുകൊണ്ടാണ് അദ്ദേഹം കല്ലുവാതുക്കലിനെപ്പറ്റി പറയുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ് സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാനുള്ള വിപ്ളവകരമായ ചുവടുവയ്പ്പ്, 2001 നവംബർ മാസത്തിൽ ശിലാസ്ഥാപനം നടത്തിയ തിരുവനന്തപുരത്തെ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ടിനെ നമ്മൾ പ്രതീക്ഷാപൂർവ്വം ഉറ്റുനോക്കുകയാണ്.നമ്മുടെ ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് പോലെ, ആർ. സി. സി. പോലെ നമ്മൾ ഈ പുതിയ സ്ഥാപനത്തെ ഉറ്റുനോക്കുകയാണ്.

സർ, അതുപോലെതന്നെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കുവേണ്ടി മെഡിക്കൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും തിരുവനന്തപുരം മെഡിക്കൽ

12 p. m.] കോളേജിൽ ഒരു ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കാൻ പോകുന്നതിന് ഒരു കോടി രൂപ മാറ്റിവച്ചതുമെല്ലാം ഉചിതംതന്നെയാണ്. അതുപോലെ ആയുർവേദ ഔഷധങ്ങളുടെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് ഒരു ഔഷധ സസ്യ ബോർഡ് രൂപീകരിക്കാനും അതുവഴി ഔഷധ കൃഷിയും സംഭരണവും നടത്തുവാനും.........

മി. ഡെ. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി, പ്ളീസ് റെസ്യൂം യുവർ സീറ്റ്, അദ്ദേഹത്തിനറിയാം പറയാൻ. പ്ളീസ്.........

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ജില്ലാ, താലൂക്ക്, ബ്ളോക്ക് ആശുപത്രികളിൽ ട്രോമാകെയർ യൂണിറ്റ് തുടങ്ങുവാനും സാംക്രമിക രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുംവേണ്ടിയുള്ള ഡിസീസസ് സർവെയ്‌ലൻസ് പരിപാടി വ്യാപിപ്പിക്കുന്നതിനും നടപടികൾ എടുത്തതിന് പ്രത്യേകം പ്രശംസിക്കേണ്ടതാണ്. അതുപോലെ തന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അമേരിക്കക്കാരായ പൂർവ്വ വിദ്യാർത്ഥികൾ സംഭാവന ചെയ്ത 30 ലക്ഷം രൂപയും ഹിന്ദുസ്ഥാൻ ലാറ്റക്സ് സംഭാവന ചെയ്ത 50 ലക്ഷം രൂപയും ഉപയോഗിച്ച് നടത്തുന്ന വികസനങ്ങൾ, അതിനുവേണ്ടി നടത്തിയ ശ്രമങ്ങൾ, ഇലക്ട്രോണിക്സ് ലൈബ്രറി എന്ന നൂതന സംരംഭങ്ങൾ എന്നിവ ഈ രംഗത്തെ വളരെയധികം അഭിനന്ദിക്കേണ്ട വിഷയങ്ങളാണ്. കാലിക്കട്ട് മെഡിക്കൽ കോളേജിൽ 183 ലക്ഷം രൂപ ചെലവിൽ ടെലി കോബോൾട്ട് യൂണിറ്റ് ആരംഭിക്കാനുള്ള നീക്കം പ്രത്യേകം പറയേണ്ടതാണ്. ആരോഗ്യ വകുപ്പിലെ അഴിമതിക്കാരായ ജീവനക്കാർ

LIBRARY ARCHIVES Kerala Legislative Assembly

Page 49 of 94

സംഭീതരായി തീർന്നിരിക്കുന്നു. ആരോഗ്യ വകുപ്പിൽ നിന്ന് അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ ഒരു മെഡിക്കൽ വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് മിന്നൽ പരിശോധനകൾ നടത്തി രോഗികളിൽ നിന്ന് തെളിവുകൾ ശേഖരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതുപോലെതന്നെ എന്റെ സ്വന്തം താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയില്ല. ആ അപര്യാപ്തത നികത്താൻ വേണ്ടി എന്റെ മണ്ഡലത്തിലെ നെടുംപന ടി. ബി. ഹോസ്പിറ്റലും നെടുങ്ങോല രാമറാവു ആശുപത്രിയും ഉള്ളതിൽ ഒരെണ്ണത്തെ താലൂക്ക് ആശുപത്രിയായും മറ്റൊന്നിനെ കമ്മ്യൂണിററി ഹെൽത്ത് സെന്റർ പദവിയിലേക്കും ഉയർത്തിക്കൊണ്ട് യൂറോപ്യൻ കമ്മീഷന്റെയും മറ്റും സഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. വർക്കിംഗ് അറേഞ്ച്മെൻറ് ബേസിസ്സിൽ എന്റെ മണ്ഡലത്തിലെ ഡോക്ടർമാരെ മാറ്റുന്ന നടപടി നിർത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഡോക്ടർമാരെ അങ്ങനെ മാററുന്നത് പ്രതിഷേധാർഹമാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അടുത്തത് ട്രാൻപോർട്ടാണ്. കേരളം സഞ്ചാരികളുടെ ഒരു സംസ്ഥാനമാണ്. ഭൂമിശാസ്ത്രപരമായ ഉദ്ഗ്രഥനശക്തി (Integrated force) ഗതാഗത മാർഗ്ഗങ്ങളാണ്........

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ : ..............നിങ്ങൾ ചേർന്ന് പറയും, കേൾക്കാതെ പറയും, എന്നിട്ട് ഇപ്പോഴും ബഹളം ഉണ്ടാക്കുകയാണോ ? യെസ്, നോ.. നോ..

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഭൂമിശാസ്ത്രപരമായ ഉദ്ഗ്രഥന ശക്തി (ഇന്റഗ്രേറ്റഡ് ഫോഴ്സ്) എന്നുവച്ചാൽ നമ്മുടെ റോഡുകളാണ്. ഗതാഗത മാർഗ്ഗങ്ങളാണ്. കേരളീയന്റെ ഗതാഗത ബോധത്തിൽ കാലോചിതമായ മാറ്റം സംഭവിക്കുന്ന ഈ അവസ്ഥയിൽ ആ മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ഊർജ്ജസ്വലനായ ഒരു ചെറുപ്പക്കാരനെയാണ് ശ്രീ. എ. കെ. ആന്റണി നിശ്ചയിച്ചത്. അതാണ് നമ്മുടെ മന്ത്രി ശ്രീ. കെ. ബി. ഗണേഷ്കുമാർ. ശ്രീ. കെ. ബി. ഗണേഷ്കുമാർ അങ്ങനെ നമ്മുടെ ഗതാഗത സംവിധാനത്തെ ശ്രദ്ധാപൂർവ്വം ഓടിച്ചുകൊണ്ടുപോയിരിക്കുകയാണ്. "വണ്ടി വണ്ടി നിന്നെപ്പോലെ വയറിലെനിക്കും തീയാണ്." എന്നു പാടിയതുപോലെ എല്ലാ ശ്രദ്ധയും ശ്രമവും നമ്മുടെ മന്ത്രി ട്രാൻസ്പോർട്ടിന്റെ വികസനത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. എന്തായിരുന്നു എൽ. ഡി. എഫ്. ഭരണകാലത്തുണ്ടായിരുന്ന അവസ്ഥ ? നിരന്തരം ട്രിപ്പ് മുടക്കിയും, ഡീസലും സ്പെയർപാർട്സും ഇല്ലാതെ വണ്ടികൾ ഷെഡ്ഡിൽ കയറ്റിയിട്ടും യാത്രക്കാരോട് അപമര്യാദയോടെ മാത്രം പെരുമാറുന്ന ഒരു തൊഴിലാളി സംസ്ക്കാരം വളർത്തിയെടുത്ത് ഗതാഗത വകുപ്പിനെ കൊന്നു കുഴിച്ചുമൂടിയവരാണ് കഴിഞ്ഞ സർക്കാർ. ആ എല്ലാ പ്രവൃത്തി ദോഷങ്ങൾക്കും പിഴ മൂളി തളർന്ന ഒരു ജനതയുടെ ആന്തരിക ദാഹങ്ങളെ ശമിപ്പിക്കുവാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. മുൻപ് ഇമ്പിച്ചിബാവയുടെ കാലത്ത് സിഗരറ്റ് കവറിന്റെ മുകളിൽപ്പോലും വഴിവിട്ട് ഉത്തരവ് ഇറക്കി നിയമനം നടത്തിയവർക്ക് ഇപ്പോൾ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്ന് 2173 പേരെ സ്ഥിരം കണ്ടക്ടർമാരായി നിയമിച്ചു കാണുമ്പോൾ ജാള്യത തോന്നുന്നത് സ്വാഭാവികം മാത്രമാണ്. അതുപോലെത്തന്നെ യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും ദീർഘദൂര യാത്രക്കാർക്ക് ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

Page 50 of 94

സൗകര്യങ്ങൾ ഏർപ്പെടുത്തിയും കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റേഷനുകൾ വളരെ വൃത്തിയോടെ പരിപാലിച്ചും ശ്രീ. കെ. ബി. ഗണേഷ്കുമാർ കെ. എസ്. ആർ. ടി. സി. യെ ഒരു താര പരിവേഷത്തിലേക്ക് ഉയർത്തിയിരിക്കുകയാണ്. സത്യത്തിൽ ജീവിതത്തിൽ ഒരിക്കലും ബസ്സിൽ കയറിയിട്ടില്ലാത്തവരെന്ന ഭാവത്തിൽ യാത്രക്കാരുടെ ദുരിതങ്ങൾ മനസ്സിലാക്കുവാൻ വേണ്ടി പത്രക്കാരെയും വിളിച്ചുൽഘോഷിച്ചുകൊണ്ട് കെ. എസ്. ആർ. ടി. സി. ബസ്സിൽ യാത്ര നടത്തിയ ശ്രീ. ലോനപ്പൻ നമ്പാടനെപ്പോലെ തറവേല ഒട്ടും കാട്ടാതെയാണ്, യഥാർത്ഥ യാത്രാപ്രശ്നങ്ങൾക്ക് കമ്പ്യൂട്ടർ വേഗത്തിൽ പരിഹാരം കാണാൻ ശ്രീ. കെ. ബി. ഗണേഷ്കുമാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്തായിരുന്നു സ്ഥിതി ? 15 കോടി രൂപ നഷ്ടത്തിൽ പ്രവർത്തിച്ച ഈ പ്രസ്ഥാനത്തെ നഷ്ടം 5 കോടി രൂപയായി കുറച്ചു. നമ്മുടെ മാന്ത്രികൻ ശ്രീ. മുതുകാടിന്റെ മാജിക് കണ്ടപ്പോൾ പലതും മാറ്റുന്നതുപോലെ നമ്മുടെ മന്ത്രി ഈ കടം മാറ്റിയത് മാജിക് കൊണ്ടല്ല. കൺകെട്ടു വഴിയല്ല. ഇത് മാറ്റിയത് കർശനമായ അച്ചടക്കം പാലിച്ചുകൊണ്ടാണ്. രാത്രികാല സർവ്വീസ് ആരംഭിച്ചതും മലയോരമേഖലകളിൽ മിനി സർവ്വീസുകൾ ആരംഭിച്ചതും ആശ്വാസകരമാണ്. മോട്ടോർ വാഹനങ്ങൾക്ക് ബാങ്കുകൾ വഴി ടാക്സ് അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാനുള്ള നീക്കത്തെ നമ്മൾ സ്വാഗതം ചെയ്തു. റോഡ് സുരക്ഷാരംഗത്ത് റോഡ് സേഫ്റ്റി അതോറിട്ടി രൂപീകരിക്കാനുള്ള നടപടിയും സ്വാഗതാർഹമാണ്. പിന്നീട് പറയാനുള്ളത് ബഡ്ജറ്റ് പ്രൊവിഷൻ ഈ വകുപ്പിൽ നല്ലവണ്ണം നൽകണം. 5 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഉണ്ട്. ഒരു പൈസപോലും കെ. എസ്. ആർ. ടി. സി. ക്ക് കൊടുത്തിട്ടില്ല. അത് കൊടുത്താൽ, പുതിയ ബസ്സുകൾ വാങ്ങിയാൽ കൂടുതൽ ഗതാഗത സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്നുള്ളതു കൊണ്ട് അത് പരിഗണിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. പ്രഗൽഭനായ ഒരു മകനെയാണ് താൻ സംഭാവന ചെയ്തത് എന്ന് ഒരു പിതാവിന് അഭിമാനിക്കാൻ കഴിയുന്ന തരത്തിലാണ് ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റെ പ്രവർത്തനമെന്നു പറയാതിരിക്കാൻ കഴിയുന്നില്ല. ചാത്തന്നൂർ ഒരു സബ് ഡിപ്പോയുണ്ട്. അവിടെ ബസ്സുകൾ കുറവാണ്. സ്പെയർ പാർട്സില്ല. ട്രിപ്പുകളും കുറവാണ്. അവിടെ നിന്ന് ദീർഘദൂര സർവ്വീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : സർ, ഇന്ന് അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സഭയ്ക്കകത്ത് എന്റെ തൊട്ടുമുൻപിൽ ഇരിക്കുന്ന രണ്ട് മന്ത്രിമാർ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ അവരുടെ തൊട്ടുപിന്നിൽ ഇരുന്നു പിന്താങ്ങുന്നു എന്നുപറയുമ്പോൾ ഒരു പ്രത്യേക കൗതുകം കൂടി തോന്നുന്നുണ്ട്. ഇവർ രണ്ടുപേരും, ഈ രണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരും, വകുപ്പുകൾ ഏറ്റെടുക്കുമ്പോൾ ഈ രണ്ട് വകുപ്പുകളും ചത്ത് കിടക്കുകയായിരുന്നു. ഫീനിക്സ് പക്ഷികളെപ്പോലെ സ്വന്തം വകുപ്പുകളെ ഉയർത്തെഴുന്നേല്പിക്കുകയാണ് ഇവർ രണ്ടുപേരും ചെയ്തത്. ഇന്ന് ഈ രണ്ട് വകുപ്പുകൾക്കും പഞ്ചസാരയുടെ മാധുര്യം ഉണ്ട്. പഞ്ചസാരയ്ക്ക് മധുരമുണ്ട് എന്ന് നമ്മൾ പ്രത്യേകം പറഞ്ഞു കേൾപ്പിക്കേണ്ട കാര്യമില്ല. പഞ്ചസാരയ്ക്ക് മധുരം ഉണ്ടെന്ന് കടലാസിൽ എഴുതി കടലാസ് നക്കുകയാണെങ്കിൽ മധുരം ഉണ്ടാവുകയില്ല. അത്തരത്തിൽപ്പെട്ട ഏർപ്പാടുകൾ അല്ല ഈ ഒരു കൊല്ലക്കാലം കൊണ്ട് ഇവിടെ ഉണ്ടായതെന്നുള്ളത് സന്തോഷകരമായിട്ടുള്ള അനുഭവമാണ്. ഓരോ വകുപ്പിനെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ടിവരുമ്പോൾ, ഗതാഗത വകുപ്പാണെങ്കിൽ സർക്കാർ തന്നെ ഓടിക്കൊണ്ടിരിക്കുന്നത് റിസർവിലാണെന്നുള്ളതുകൊണ്ടും ട്രാൻസ്പോർട്ടിന്റെ ബ്രേക്ക് സർക്കാരിന്റെ കാൽകീഴിലാണെന്നുള്ളതുകൊണ്ടും ബ്രേക്ക് ഡൗൺ ആകാതെ പിടിച്ചുനിൽക്കാൻ ഗതാഗത വകുപ്പിന് വളരെയേറെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തികമായ അച്ചടക്കം നല്ലതുപോലെ വച്ചുപുലർത്തിക്കൊണ്ടുമാത്രമേ ഈ വകുപ്പിന് മുന്നോട്ട് പോകാൻ പറ്റു. കാര്യക്ഷമമായ രീതിയിൽ ഈ വകുപ്പ് ഭരിക്കുന്നതിനുവേണ്ടി നേരത്തേ നിശ്ചയിക്കപ്പെട്ടിരുന്ന ഏർപ്പാടുകൾ, ഇപ്പോൾ നയപ്രഖ്യാപന പ്രസംഗം ഇവയെല്ലാം ശ്രദ്ധേയമാണ്. യു. ഡി. എഫ്. ന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണർ ഈ സഭയെ അറിയിച്ചിരുന്നു "With a view to improve the efficiency in office management, operations of all the depots of the KSRTC will be computerised, with provisions for networking. It is also proposed to introduce electronic ticketing machines during this financial year." എന്ന്. കെ. എസ്. ആർ. ടി. സി. യിൽ ഇന്ന് പൂർണ്ണമായും കമ്പ്യൂട്ടർ ശൃംഖല പൂർത്തിയാക്കി കഴിഞ്ഞിരിക്കുന്നു. വെറുതെ പറയുക മാത്രമല്ല, കടലാസിൽ പഞ്ചസാര എഴുതിവച്ചതല്ല. നയപ്രഖ്യാപന പ്രസംഗം അടിമുടി പ്രാവർത്തകമാക്കിക്കൊണ്ട് പൂർണ്ണമായും കമ്പ്യൂട്ടർ ശൃംഖല പൂർത്തിയാക്കിക്കഴിഞ്ഞു. എവിടെയിരുന്നു വേണമെങ്കിലും എപ്പോൾ വേണമെങ്കിലും ഏതു ഡിപ്പോയുടെ വിശദവിവരങ്ങൾ വേണമെങ്കിലും അറിയാം. സർവ്വീസ് സംബന്ധമായിട്ടാണെങ്കിലും ജീവനക്കാരെ സംബന്ധിച്ചുള്ളതാണെങ്കിലും, ആര്, എവിടെ, എന്ത് ഷെഡ്യൂൾ, കളക്ഷൻ തുടങ്ങി എല്ലാകാര്യങ്ങളും ബഹുമാനപ്പെട്ട മന്ത്രിക്ക് തലസ്ഥാനത്തിരുന്നുകൊണ്ട് അപ്പപ്പോൾ അറിയാൻപറ്റും. ഇതാണ് ബഹുമാനപ്പെട്ട ഭരണകക്ഷി അംഗങ്ങൾ നേരത്തെ സംസാരിച്ച ആ ദീർഘവീക്ഷണം, കഴിവ് എന്നതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഇലക്ട്രോണിക് ടിക്കറ്റ് മെഷീനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത് പിന്നാലെ വരും. ടെന്റർ വിളിച്ചു കഴിഞ്ഞു. ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ വരുമെന്നുള്ളത് അപ്പുറത്തിരിക്കുന്നവർക്ക് കൂടുതൽ മനസ്സിലാകണമെന്നുണ്ടെങ്കിൽ ഈ കൊല്ലം ആദ്യത്തെ മാസം വന്ന ദേശാഭിമാനി പത്രം വായിച്ചുനോക്കിയാൽ മതി. മാതൃഭൂമി പത്രത്തിൽ മാത്രമല്ല, ദേശാഭിമാനിയിലുമുണ്ട്. 6-1-2002 ലെ ദേശാഭിമാനിയിൽ തന്നെ പറഞ്ഞിരുന്നു. ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീന്റെ കാര്യം. ടിക്കറ്റ് അടുക്കാൻവേണ്ടി മാത്രം ഓരോ ഡിപ്പോയിലും പത്ത് ജീവനക്കാരാണ് ഇപ്പോഴുള്ളത്. ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ചെലവ് ലാഭിക്കാൻ പോകുന്നുവെന്നൊക്കെ പറയുമ്പോൾ ഈ വക ഏർപ്പാടുകളെക്കുറിച്ച് കൂടി നാം ചിന്തിക്കേണ്ടതാണ്. ഡ്രൈവിംഗ് ലൈസൻസ്, കമ്പ്യൂട്ടറിലൂടെ നിശ്ചയിച്ച് എത്രയും എളുപ്പം കാര്യങ്ങൾ നടപ്പിലാക്കാനുള്ള ഏർപ്പാടുകളൊക്കെ താമസിയാതെ ഉണ്ടാകുമെന്നുള്ളത് ഉറപ്പാണ്. പഴയ ട്രാൻസ്പോർട്ട് മിനിസ്റ്റർ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ വാക്ചാലിയും ചിലപ്പോൾ മുടികെട്ടിവച്ചു എന്നുവരാം. മാധ്യമത്തിൽ ശ്രീ. രവീന്ദ്രൻ ആവണീശ്വരം എഴുതിയ തുടർലേഖനം പല സത്യങ്ങളിലേക്കും വിരൽ ചൂണ്ടുന്നുണ്ടെന്നുള്ളതും ഞാൻ മനസ്സിലാക്കുന്നുണ്ട്.

എന്റെ പല സുഹൃത്തുക്കളും പറഞ്ഞുകഴിഞ്ഞു ; പ്രതിമാസം 15 കോടി രൂപ നഷ്ടം ഉണ്ടായിരുന്നത് എങ്ങനെ അഞ്ചുകോടിയാക്കി ചുരുക്കിയെന്നുള്ളത്. ഡീസലിന്റെ വിലയിനത്തിൽ എങ്ങനെ ലാഭമുണ്ടാക്കി ? ഠൗൺ ടു ഠൗൺ ചെയിൻ സർവ്വീസ് എല്ലാ പ്രധാന സ്ഥലങ്ങളിലേക്കും ഓടിച്ച് ആളുകൾക്ക് എത്ര ആഹ്ലാദം പകർന്നു;



LIBRARY ARCHIVES Kerala Legislative Assembly

Page 52 of 94

ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാന്റുകളിൽ കുടിക്കുവാൻ വെള്ളം ശുചിയായ സാഹചര്യത്തിൽ എങ്ങനെ ഉണ്ടാക്കി ? പ്രാഥമിക സൗകര്യങ്ങൾക്ക് എങ്ങനെ വൃത്തിയും വെടിപ്പുമൊക്കെയുള്ള അന്തരീക്ഷം സൃഷ്ടിച്ചു? സ്പോൺസേഴ്സിനെ കണ്ടെത്തി രാത്രിയിലെ നിശാസർവ്വീസുകൾ എത്രമാത്രം ഗുണകരമാക്കുന്നു ? ജീവനക്കാർക്ക് സംരക്ഷണം നൽകുവാൻ പറ്റിയ പാകത്തിൽ പെറ്റിക്കേസുകളിലൊക്കെ അദാലത്തുകൾ നടത്തി എങ്ങനെ തീർപ്പുണ്ടാക്കി ; എം. എ. സി. ടി. കേസ്സുകൾക്കും അദാലത്ത് നടത്തി. 1985 മുതൽ 2350 കേസായിരുന്നു എം. എ. സി.ടി. യിൽ തീർപ്പ് കൽപ്പിക്കാതെ കിടന്നിരുന്നത്. 870 കേസാണ് ഒറ്റക്കൊല്ലംകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒത്തുതീർപ്പാക്കി കഴിഞ്ഞത്. മോട്ടോർ വാഹന വകുപ്പിലേക്ക് ഞാൻ കടക്കുന്നില്ല. കെ. ടി. ഡി. എഫ്. സി. യിലേക്ക് ഞാൻ കടക്കുന്നില്ല. കമ്പ്യൂട്ടർ സ്മാർട്ട് കാർഡ്, റോഡ് സേഫ്റ്റി ഫണ്ട് തുടങ്ങി എം. എൽ. എ. മാർക്ക് വാഹന വായ്പ നൽകാൻ വരെയുള്ള ശ്രമങ്ങളുമായി ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പ് ഭരിക്കുമ്പോൾ ഒരു കാരണവശാലും ഈ വകുപ്പ് ബ്രേക്ക് ഡൗൺ ആകുകയില്ല എന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഞാൻ. അതുകൊണ്ടാണ് ഈ ഡിമാന്റുകളെ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുന്നത്. നയ പ്രഖ്യാപന പ്രസംഗത്തിലെ പ്രസക്തമായ രണ്ട് വരി ഞാൻ ഉദ്ധരിക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ സഭയെ അറിയിച്ചു "My Government has also taken a major initiative to encourage Public Private Partnership in Health Sector with the objective of improving quality of services and delivery of secondary and tertiary health care at affordable cost. Health care infrastructure such as Health care Services-super speciality blocks, Inpatient facilities such as pay ward construction, Bio medical Waste disposal system at the Hospitals, Bystanders services such as accommodation can be developed by encouraging investment from private sector, philanthropists and charitable organisations...."

സർ, ശ്രീ. സതീശ് ചന്ദ്രൻ ഇവിടെ സ്വകാര്യവൽക്കരണത്തെക്കുറിച്ച് സംസാരിച്ച് കേട്ടപ്പോൾ എനിക്ക് ദുഃഖം തോന്നി. സ്വകാര്യ സംരംഭകർ, ഉദാരമായി സംഭാവന ചെയ്യാൻ തയ്യാറുള്ളവർ, അവരിൽ നിന്ന് സംഭാവന സ്വീകരിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ മുന്നോട്ടു പോകുന്നതിൽ യാതൊരു തകരാറുമില്ല എന്നാണ് എന്റെ ആത്മാർത്ഥമായ വിശ്വാസം. സ്പോൺസേഴ്സിനെ കണ്ടെത്താൻ ബഹുമാനപ്പെട്ട മന്ത്രിതന്നെ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ശ്രമം നടത്തുകയും കോടിക്കണക്കിന് രൂപ സ്പോൺസേഴ്സ് സംഭാവന ചെയ്യാമെന്ന് സമ്മതിക്കുകയും ചെയ്ത സാഹചര്യത്തിൽ അഴിമതി രഹിതമായ, ആക്ഷേപരഹിതമായ, സ്ഥലം മാറ്റങ്ങൾ നടത്തിക്കൊണ്ട് സുതാര്യമായ രീതിയിൽത്തന്നെ, (ഇടതുപക്ഷം ഭരിച്ചിരുന്ന കാലത്ത് ഒരു പ്രയോഗം ഉണ്ടായിരുന്നു; വളരെ ക്രോണിക് ആയിട്ട് മക്രൂണി കൊടുത്തു എന്ന്. അങ്ങനെ മക്രൂണിയും ഒരു ഊണിയുമൊന്നും കൊടുക്കാതെതന്നെ) വളരെ ഭംഗിയായ രീതിയിൽ ആരോഗ്യ വകുപ്പ് മുന്നോട്ടു കൊണ്ടുപോകുകയാണ് ഗവൺമെന്റ്. 1997-ലും 1998-ലുമൊക്കെ അന്നത്തെ ആരോഗ്യ വകുപ്പ് മന്ത്രിമാർ ഈ സഭയിൽവച്ചു പറഞ്ഞു എന്നുള്ളതുമൊക്കെ ഞാൻ ഓർമ്മിക്കുന്നുണ്ട്. 'സർ, എം. ആർ. ഐ. സ്കാനിംഗ് മെഷീന് നാലു കോടി രൂപ വേണം. എം. ആർ. സി. പി. സ്കാനിംഗ്

Page 53 of 94

മെഷീന് ഏഴുകോടി രൂപ വേണം' എന്നൊക്കെ പറഞ്ഞ് വിദേശത്തുനിന്ന് സാമ്പത്തിക സഹായം ലഭിക്കുവാൻ വേണ്ട ചർച്ചകൾ നടത്തുകയാണെന്ന് 1997-ൽ ഇവിടെ ഒരു ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു.

ശ്രീ. പി. സി. ജോർജ്ജ് : സർ,..............

മി. സ്പീക്കർ : No...... No..... She is not yielding

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : അന്നത്തെ ഭരണകക്ഷി അംഗമായ ശ്രീ. പി. സി. ജോർജ്ജ്, ..............(ബഹളം)...........സമയം ഇല്ലാത്തതുകൊണ്ടാണ്. സ്വാശ്രയ കോളേജായാലും വേണ്ടില്ല ജില്ലതോറും ഓരോ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കണമെന്ന് അന്ന് പറഞ്ഞത് ശ്രീ. പി. സി. ജോർജ്ജാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകൾ ജില്ലതോറും ആരംഭിക്കണമെന്ന് പറഞ്ഞു. ഞങ്ങൾ ആരംഭിച്ചു ; ഇത്രേയുള്ളൂ. അന്ന് ഞാൻ ഈ സഭയിൽ ഇരുന്നു കേട്ടിട്ടുള്ളതാണ്. ആരോഗ്യ പരിപാലന രംഗത്തും വിദ്യാഭ്യാസ രംഗത്തും ഭീതിതമായ ചില അസ്വസ്ഥതകൾ കണ്ടു വരുന്നുണ്ട്. ആശുപത്രിക്കെട്ടിടങ്ങൾ തകർന്നുവീഴുന്നു. തീപിടിത്തങ്ങൾ ഉണ്ടാകുന്നു. മെഡിക്കൽ വിദ്യാർത്ഥികൾ ആശുപത്രികളിൽ രോഗികളെ കൈയ്യേറ്റം ചെയ്യുന്നു. അന്നത്തെ ഭരണകക്ഷി അംഗമായിരുന്ന പ്രൊഫസർ മീനാക്ഷി തമ്പാന്റെ നിയമസഭാ പ്രസംഗമാണ്.

മി. സ്പീക്കർ : yes........ yes:........ Please conclude...

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : ഞാൻ അവസാനിപ്പിക്കാം സർ, ശ്രീ. എ. സി. ഷൺമുഖദാസ് ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ വളരെ പ്രധാനപ്പെട്ട ഔഷധങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടായതിനാൽ പാവപ്പെട്ട രോഗികൾക്ക് മരുന്ന് ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ട്. ചില മരുന്നുകൾക്ക് നേരിയ വർദ്ധനവും ചില മരുന്നുകൾക്ക് കാര്യമായ വർദ്ധനവും ഉണ്ടായി. ഇൻസുലിന് 4 ശതമാനം വർദ്ധനവു വന്നു. രക്ത സമ്മർദ്ദത്തിനുവേണ്ടി ഉപയോഗിക്കേണ്ട മരുന്നുകൾക്ക് 100 ശതമാനമാണ് വർദ്ധനവ് വന്നത്. ഇതൊക്കെ അറിഞ്ഞുകൊണ്ടാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പോലെയുള്ള പദ്ധതികൾക്ക് ബഹുമാനപ്പെട്ട മന്ത്രി രൂപം കൊടുത്തത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു അത്യാഹിത വിഭാഗം കൂടി ആരംഭിച്ചതും ഹാർട്ട് ഫൗണ്ടേഷന് ഒരു കോടി രൂപ നീക്കിവച്ചതും, ശബരിമലയിൽ, നീലിമലയിൽ ശ്രീ. പോൾസൺ മാസ്റ്റർ പറഞ്ഞതുപോലെ ഐ. സി. യൂണിറ്റ് തുടങ്ങിയതും ട്രോമാ കെയർ യൂണിറ്റുകൾ ആരംഭിച്ചതും ഔഷധ സസ്യക്കൃഷി തുടങ്ങിയതും സാംക്രമിക രോഗങ്ങൾ തടയാനും നിയന്ത്രിക്കാനും റീജിയണൽ ഡയഗ്നോസ്റ്റിക് സെന്ററുകൾ സ്ഥാപിക്കുവാൻ ഒൻപത് കോടി രൂപ ചെലവഴിച്ചതും ആദിവാസികൾക്ക്............

മി. സ്പീക്കർ : പ്രൊഫസർ മലയാളം പണ്ഡിറ്റ് ആണ്. അങ്ങനെയങ്ങ് നീണ്ടു പോയാൽ പറ്റില്ല.

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : അങ്ങയുടെ നിർദ്ദേശം പാലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ആയുർവ്വേദ-ഹോമിയോ-പ്രകൃതി ചികിൽസാ മേഖലകളിൽ അഭൂതപൂർവ്വമായ മുന്നേറ്റത്തിന് തുടക്കം കുറിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചു കൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ഡിമാന്റുകളെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 1948-ൽ ഇൻഡ്യയിൽ കുട്ടികളുടെ ശരാശരി മരണനിരക്ക് ഏതാണ്ട് 20 മുതൽ 25 വരെ ആയിരുന്നു. 1998-ൽ അത് 72 ആയി കൂടി. ആ ഘട്ടത്തിൽ ചൈനയിൽ 30 കുട്ടികൾ മാത്രം മരിച്ചു. കേരളത്തിൽ ഏതാണ്ട് 17 കുട്ടികൾ മാത്രം മരണപ്പെടുന്ന സ്ഥിതി ഉണ്ടായി. ഈ കണക്കുകൾ ഇവിടെ വിശദീകരിക്കുന്നത് കേരളത്തിൽ സ്വകാര്യ മേഖലയിൽ മെഡിക്കൽ കോളേജുകൾ കൊടുത്തതുകൊണ്ടല്ല. പ്രൈമറി ഹെൽത്തു സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, മെഡിക്കൽ കോളേജുകൾ എന്നിവയുടെയെല്ലാം പ്രവർത്തന ഫലമായിട്ട് ഈ നിലവാരം കേരളത്തിന് ലഭിക്കുവാൻ സാധിച്ചു. രണ്ട് ദിവസം മുൻപ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു ചോദ്യം ചോദിച്ച അവസരത്തിൽ ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രി അദ്ദേഹത്തിന് ഒരു വിശദീകരണം നൽകി. കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്ക് അനേകം വികസന പരിപാടികൾ നമ്മുടെ ആരോഗ്യമേഖലയിൽ നടത്തി. അത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ അദ്ദേഹം പറഞ്ഞ മറുപടി കേരളത്തിൽ ആരംഭിക്കുന്ന ചില സ്വകാര്യ മെഡിക്കൽ കോളേജുകളിൽ, ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്ത ഘട്ടം വന്നപ്പോൾ വളരെ വിഷമത്തോടുകൂടിയാണെങ്കിലും സർക്കാർ മെഡിക്കൽ കോളേജുകളിലുള്ള ഡോക്ടർമാരെ കൊടുക്കേണ്ടിവന്നു എന്നാണ്. ഇപ്പോൾ കേരളത്തിൽ സ്വകാര്യ മെഡിക്കൽ കോളേജുകൾ കൂടുതൽ വരുന്നു. അപ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരെ കൊടുക്കേണ്ടിവരുമെന്നാണ് അദ്ദേഹം പറഞ്ഞത്. ഡോക്ടർമാർ കഴിഞ്ഞാൽ പാരാ മെഡിക്കൽ സ്റ്റാഫിനേയും കൊടുക്കേണ്ടി വരും. മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളെ ചികിൽസിക്കേണ്ട ഡോക്ടർമാർക്ക് സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യാൻ സൗകര്യം ചെയ്തുകൊടുക്കുന്നു. നമ്മുടെ നാട്ടിൽ ഇപ്പോൾ സ്വകാര്യ മേഖലയ്ക്കുവേണ്ടി വാദിക്കുന്നവർ കേരളത്തിൽ ഇന്ന് ലഭിക്കുന്നതുപോലെയുള്ള ചികിൽസാ സൗകര്യങ്ങളെ തകർക്കുന്ന രൂപത്തിൽ ആണ് പ്രവർത്തിക്കുന്നത്. ഉദാരവൽക്കരണത്തിന് സഹായകരമായ ഒരു സമീപനമാണ് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാരെ കൊടുക്കുന്നതിലൂടെ ചെയ്യുന്നത് എന്ന് ഞാൻ വ്യക്തമാക്കുവാൻ ആഗ്രഹിക്കുകയാണ്. ഞാൻ കെ. എസ്. ആർ. ടി. സി. യെ സംബന്ധിച്ചും ട്രാൻസ്പോർട്ടിനെ സംബന്ധിച്ചുമൊന്നും വിശദമായി പറയുന്നില്ല. വൈറ്റ് പേപ്പറിൽ സമർപ്പിച്ച പല കണക്കുകളും ശരിയാണോ എന്ന് സംശയമുണ്ട്. അത് ചർച്ചചെയ്യാൻ അവസരം ഇല്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ബസ് ചാർജ്ജ് വർദ്ധിപ്പിച്ച അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തി. ബസ് ചാർജ്ജ് വർദ്ധിപ്പിച്ചത് കെ. എസ്. ആർ. ടി. സി. യെ സഹായിക്കുവാനാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കെ. എസ്. ആർ. ടി. സി. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷപ്പെടാൻ സംസ്ഥാന ഗവൺമെന്റ് എത്ര കോടി രൂപ ചെലവഴിച്ചു ? നമ്മുടെ അടുത്തുള്ള തമിഴ്നാട് ആയാലും ആന്ധ്രാപ്രദേശ് ആയാലും മഹാരാഷ്ട്ര ആയാലും, ആ സംസ്ഥാനങ്ങൾ സാമൂഹ്യ ബാധ്യത നിറവേറ്റാൻ ചെലവഴിക്കുന്ന പണം സംസ്ഥാനത്തിനുവേണ്ടി റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തിരിച്ചുനൽകി. ആ സംസ്ഥാനങ്ങളിൽ ചെയ്യുന്നപോലെ സാമ്പത്തിക സഹായം ന്യായമായി നൽകേണ്ടത് നൽകുന്നില്ല. ഇപ്പോൾ അതിന്റെ ഫലമായി എന്താണ് ? ഞാൻ മന്ത്രിയെ അതിന് കുറ്റം പറയുന്നില്ല. പുതിയ ബസ്സുകൾ വാങ്ങുന്നതിന്റെ എണ്ണം കുറഞ്ഞു. ബസ്സിന്റെ ബോഡി ബിൽഡിംഗ്

Page 55 of 94

നടക്കുന്നില്ല. ഈ സാഹചര്യങ്ങളിൽ കെ. എസ്. ആർ. ടി. സി. യെ എത്തിക്കുന്നതിന്റെ ഉത്തരവാദിത്വം സർക്കാരിനാണ്. അത് പരിഹരിക്കുവാൻ സർക്കാർ സന്നദ്ധമാകണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ ഈ ഡിമാന്റുകളെ ശക്തിയായി എതിർക്കുകയാണ്. ബൈബിളിൽ ഒരു കഥയുണ്ട്, പണിക്കാർ ഉപേക്ഷിച്ചുപോയ കല്ല് മൂലക്കല്ലായി മാറിയ ഒരു കഥ. ആ കഥ വായിച്ചപ്പോൾ എനിക്കോർമ്മ വരുന്നത് എന്റെ സുഹൃത്ത് ശ്രീമാൻ പുതുശ്ശേരിയെയാണ്. ബാലകൃഷ്ണപിള്ള സർ അദ്ദേഹത്തിന്റെ പാർട്ടിയിൽ നിന്ന് ആ മെമ്പറെ അടിച്ചു പുറത്താക്കി. ഇന്നിപ്പോൾ അതേ അച്ഛനേയും മകനേയും പിൻതാങ്ങാനായിട്ടാണ് അദ്ദേഹം സഭയിൽ വന്നത്. കെ. എസ്. ആർ. ടി.സി. ലാഭത്തിലാണെന്ന് പറഞ്ഞാൽ ശരിയല്ല. കണക്കുകൾ പ്രകാരം ഇപ്പോഴും അത് നഷ്ടത്തിലാണ്. തമ്പാനൂർ കെ. എസ്. ആർ. ടി. സി. സ്റ്റാൻഡിൽ ദിവസവും രാവിലെ വെള്ളപ്പൊട്ടും മഞ്ഞ ബോർഡറുമുള്ള സാരിയുടുത്ത് ഒരു പെൺകുട്ടി വരും. അതിമനോഹരിയായ ആ സുന്ദരിയെ കാണാൻ ഒത്തിരി ആളുകൾ തടിച്ചുകൂടും. മാവേലിക്കര പോകാനാണ് ആ കുട്ടി വരുന്നത്..........

മിസ്റ്റർ സ്പീക്കർ : കോവൂരും പോകാറുണ്ടോ ?

ശ്രീ. കോവൂർ കുഞ്ഞുമോൻ : ആ പെൺകുട്ടിയെ ചുറ്റിപ്പറ്റി ധാരാളം ആളുകൾ വരും പക്ഷേ ആ കുട്ടിക്ക് വില കൂടുതലാണ്, ചാർജ്ജ് കൂടുതലാണ്, അതുകൊണ്ട് വന്നവരെല്ലാം പാടെ മറയുന്നതുപോലെ അങ്ങ് മാറുകയാണ്. എന്താണ് സാർ വിലവർദ്ധനവ് ! ആ ബസ്സിൽ കയറാൻ ആളില്ലാത്തതുമൂലം ആളൊഴിഞ്ഞുപോകുന്ന സാഹചര്യമാണ് ഉള്ളത്. ഇന്ന് കെ. എസ്. ആർ. ടി. സി. യുടെ കേരളത്തിലുള്ള എല്ലാ ഡിപ്പോകളെയും കമ്പ്യൂട്ടർവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. ലാഭത്തിൽ പ്രവർത്തിച്ചിരുന്ന മേഖലകൾപോലും ഈ സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് തകർന്ന് തരിപ്പണമായിരിക്കുകയാണ്. അവ സംരക്ഷിക്കാനുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണം. ആരോഗ്യമേഖലയെക്കുറിച്ച് ഒരുപോയിന്റ് പറയാനാഗ്രഹിക്കുകയാണ്. ആരോഗ്യമേഖലയെ സംബന്ധിച്ചു പറയുമ്പോൾ 1998-1999 കാലഘട്ടത്തിൽ 576 കോടി രൂപ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ മേഖലയ്ക്കായി ചെലവാക്കി. എന്നാൽ 1999-2000 കാലഘട്ടത്തിൽ എത്ര തുക ചെലവാക്കിയെന്ന് ഒന്നു പരിശോധിച്ചുനോക്കിയാൽ 763 കോടി രൂപ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആരോഗ്യ പരിപാലനത്തിനുവേണ്ടി ചെലവാക്കി എന്നു മനസ്സിലാക്കാം. ഈ ഗവൺമെന്റ് വന്നതിനു ശേഷം ആരോഗ്യ മേഖലയ്ക്കുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിൽ പറയണം. ഇന്ന് നമ്മുടെ സംസ്ഥാനത്തെ ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരില്ല. അവിടെ മരുന്നില്ല, എന്തിന് പാവപ്പെട്ട രോഗികൾക്ക് കൊടുക്കാൻ ആവശ്യത്തിനുള്ള ഭക്ഷണംപോലും ഇല്ല. രോഗികൾക്ക് ഭക്ഷണം കൊടുക്കാൻപോലും ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. ഡോക്ടർമാരുടെ നിലവിലുള്ള 500 തസ്തികകൾ നികത്താൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. നിയമന നിരോധനത്തിന്റെ പേരിൽ ഇപ്പോഴും ആർത്തട്ടഹസിക്കുകയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കേരളത്തിലെ ആരോഗ്യ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമന നിരോധനം



LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കണമെന്നാണ്. ഈ ഡിമാന്റുകളെ ഞാൻ അതിശക്തമായി എതിർക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട ഡിമാന്റുകളെ ഞാൻ പിൻതാങ്ങുകയാണ്. കേരളത്തിൽനിന്ന് പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രവേശനം നേടി ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് ഓരോ വർഷവും അയൽ സംസ്ഥാനങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതുമൂലം അനേകം കോടി രൂപയാണ് നമ്മുടെ സംസ്ഥാനത്തുനിന്ന് അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത്. അത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനു വേണ്ടിയാണ് സ്വാശ്രയ കോളേജുകൾ കേരളത്തിൽ ആരംഭിക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചത്. മെഡിക്കൽ, ഡെന്റൽ, ഫാർമസി, നഴ്സിംഗ്, പാരാമെഡിക്കൽ, ആയുർവ്വേദം എന്നീ മേഖലകളിലാണ് സ്വാശ്രയകോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. ഈ ഗവൺമെന്റിനെ ഇക്കാര്യത്തിൽ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുകയില്ല. നമ്മുടെ ഭാവി തലമുറയെ വിദ്യ അഭ്യസിപ്പിച്ച് അവരെ നേരായ വഴിയിലേക്ക് വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള ഗവൺമെന്റിന്റെ വിശാലമായ കാഴ്ചപ്പാടിനെ അഭിനന്ദിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയമേഖലയിൽ 34 മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിനാണ് എൻ.ഒ.സി. നൽകിയത്. മൂന്ന് ആയുർവേദകോളേജുകളാണ് അനുവദിക്കപ്പെട്ടത്. അതോടൊപ്പം തന്നെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ! ബി. എസ്സി. നഴ്സിംഗ് കോളേജുകൾ ! വിദ്യാഭ്യാസ രംഗത്തുള്ള കുതിച്ചു ചാട്ടത്തിലേക്കാണ് നമ്മുടെ സംസ്ഥാനം നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നതിന്റെ സൂചനയാണിതെല്ലാം. പാരാ മെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് സൂചിപ്പിച്ചിട്ടുള്ളത് എത്രയും വേഗം ആരംഭിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. 100 കിടക്കകളുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ചത് ആരംഭിക്കണം. പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം അത് വളരെയേറെ ആശ്വാസകരമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 15 ലക്ഷം കുടുംബങ്ങൾക്ക് "മെഡിക്കൽ ഇൻഷ്വറൻസ് സ്കീം" മാതൃകാപരമായാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. വർഷം 20,000 രൂപയുടെ മരുന്ന് സൗജന്യമായി പാവപ്പെട്ട രോഗികൾക്ക് കൊടുക്കാനുള്ള സ്കീം ഇതുമൂലം ലഭിക്കാൻ പോവുകയാണ്. ഒരു ഡയബെറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതിന്റെ ശിലാസ്ഥാപനം കഴിഞ്ഞ നവംബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു കഴിഞ്ഞിരിക്കുകയാണ്. എത്രയും വേഗത്തിൽ ആ സ്ഥാപനം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വർദ്ധിച്ചു വരുന്ന ഹൃദ്രോഗികളുടെ എണ്ണം കണക്കിലെടുത്ത് ഒരു ഹാർട്ട് ഫൗണ്ടേഷൻ ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. അതിനു വേണ്ടി ഇത്തവണത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തത് തികച്ചും അഭിമാനാർഹമാണ്. 1991-96 കാലഘട്ടത്തിൽ പണി ആരംഭിച്ച കാസർഗോഡ് താലൂക്ക് ആശുപത്രിയുടെയും അതുപോലെ ജില്ലാ ആശുപത്രിയുടെയും കെട്ടിടങ്ങളുടെ പണി ഇന്നും പൂർത്തിയാക്കാതെ കിടക്കുകയാണ്. അവഗണിക്കപ്പെട്ട പ്രസ്തുത പ്രദേശത്തെ ആശുപത്രി കെട്ടിടത്തിന്റെ പണി അടിയന്തിരമായും പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇപ്പോൾ ജില്ലാ ആശുപത്രികൾക്ക് സ്റ്റാഫ്

LIBRARY ARCHIVES Kerala Legislative Assembly

Page 57 of 94

പാറ്റേൺ വ്യത്യസ്ത രീതിയിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഓരോ ജില്ലാ ആശുപത്രികൾക്കും ഓരോതരത്തിലുള്ള എണ്ണമാണ് ഇപ്പോഴുള്ളത്. എല്ലാ ജില്ലാ ആശുപത്രികൾക്കും ഏകീകരിച്ച രീതിയിൽ സ്റ്റാഫ് പാറ്റേൺ അനുവദിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. കാസർഗോഡ് ജില്ലാ ആശുപത്രിക്ക് പഴയ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴുമുള്ളത്. അതുകൊണ്ട് മറ്റു ജില്ലാ ആശുപത്രികൾക്കുള്ള അതേ രീതിയിൽ സ്റ്റാഫ് പാറ്റേൺ കാസർഗോഡ് ജില്ലാ ആശുപത്രിക്കും അനുവദിക്കുകയും അവിടേക്ക് ആവശ്യമായ ഡോക്ടർമാരേയും മറ്റ് സ്റ്റാഫുകളേയും നിയമിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. കാസർഗോഡ് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ കോളറയും ഛർദ്യതിസാരരോഗങ്ങളും പിടിപെട്ട് നിരവധി ആളുകൾ ഇന്ന് ആശുപത്രികളിൽ കഴിയുകയാണ്. അടിയന്തിരമായും ഗവൺമെന്റ് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുകയും ആ രോഗം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഒരാഴ്ച മുമ്പ് എന്റെ നിയോജകമണ്ഡലത്തിലെ പേരൂർ എന്ന പ്രദേശത്ത് ഒരു പശുവിനെ പേപ്പട്ടി കടിച്ച് ആ പശു ചാകുകയും ആ പശുവിന്റെ പാൽ കുടിച്ച നിരവധി ആളുകളെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. വളരെ ഭയാനകമായിട്ടുള്ള ഒരന്തരീക്ഷം ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. എന്നാൽ പേവിഷബാധക്കുള്ള മരുന്ന് അവിടത്തെ ഒരാശുപത്രിയിലും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അടിയന്തിരമായും എല്ലാ സർക്കാർ ആശുപത്രികളിലും പേവിഷബാധക്കുള്ള മരുന്നുകൾ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഓരോ ദിവസവും ഏറ്റവുമധികം പാവപ്പെട്ട ആളുകൾ രോഗനിവാരണത്തിനുവേണ്ടി സർക്കാർ ആശുപത്രികളെയാണ് സമീപിക്കുന്നത്. ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകകൂടി വേണം. ഇന്നുള്ള സൗകര്യങ്ങൾ തീരെ പര്യാപ്തമല്ല; തികച്ചും പരിമിതമാണ്. മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവയുടെ വികസനത്തിന് പ്രത്യേകം ആവശ്യമായ കെട്ടിടങ്ങൾ, ഫർണ്ണിച്ചറുകൾ, ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കി ലോകബാങ്കിന്റേയോ മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയോ സാമ്പത്തിക സഹായത്തോടുകൂടി ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ആശുപത്രി വികസന ഫണ്ടുകൾ വ്യത്യസ്തമായ വികസനപരമായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് നിർദ്ദേശം കൊടുക്കണം. പല മെഡിക്കൽ ആശുപത്രികളിലേയും മെഡിക്കലാഫീസർമാർ ആ ഫണ്ട് വികസനാവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ താൽപ്പര്യമെടുക്കുന്നില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ ഒരു നിർദ്ദേശം സർക്കാർ മെഡിക്കൽ ഓഫീസർമാർക്ക് നൽകണം. മാനസികരോഗാശുപത്രികളിലെ ഇന്നത്തെ ശോചനീയാവസ്ഥക്ക് പരിഹാരം കാണേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മുടെ എല്ലാവരുടെയും അനുകമ്പ അർഹിക്കുന്ന ഒരു വിഭാഗമാണ് മാനസികരോഗികൾ. അതുകൊണ്ട് മാനസികരോഗാശുപത്രികളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകണം. ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്നത് കാസർഗോഡ് താലൂക്ക് ഹോസ്പിറ്റലാണ്. കാസർഗോഡ് ജില്ലാആസ്ഥാനത്ത് ജില്ലാ ആശുപത്രി ഇല്ല. അതുകൊണ്ട് കാസർഗോഡ് താലൂക്കാശുപത്രിയെ കാസർഗോഡ് ജില്ലാ

ആശുപത്രിയായി ഉയർത്തണം. ആക്സിഡന്റുകളും മറ്റും ഉണ്ടാകുന്ന അവസരത്തിലും അല്ലാതെയും ഒട്ടേറെ രോഗികൾ നിത്യേന ജില്ലാ ആസ്ഥാനത്തേക്ക് രോഗശമനത്തിനായി വരുമ്പോൾ അവിടെ അവർക്ക് കൊടുക്കേണ്ടതായ ചികിൽസാ സൗകര്യങ്ങൾ വളരെ പരിമിതമാണ്. അതുകൊണ്ട് നിലവിലുള്ള കാസർഗോഡ് ജില്ലാ ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലാ ആശുപത്രിയുടെ നവീകരണ പദ്ധതി ഒരു മാതൃകാ പദ്ധതിയാണ്. കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ചിരിക്കുകയാണ് മലപ്പുറം ജില്ലാ ആശുപത്രിയുടെ നവീകരണ മാതൃകാ പദ്ധതി. അതുകൊണ്ട് മലപ്പുറം ജില്ലാ ആശുപത്രിയുടെ മാതൃകയിൽ എല്ലാ ആശുപത്രികളിലും വികസന പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി നിശ്ചയമായും സ്വീകരിക്കണം. അതോടൊപ്പംതന്നെ മറ്റൊരു പ്രധാന കാര്യം എനിക്കു സൂചിപ്പിക്കുവാനുള്ളത്, ട്രാൻസ്പോർട്ടിനെ സംബന്ധിച്ചാണ്. ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ജില്ലാ ഡിപ്പോയാണ് കെ. എസ്. ആർ. ടി. സി. യുടെ കാസർഗോഡ് ഡിപ്പോ. ഏഴുവർഷം മുൻപ് ഷോപ്പിംഗ് കോംപ്ലക്സിനുവേണ്ടി അവിടെ ശിലാസ്ഥാപനം നിർവ്വഹിച്ചുവെങ്കിലും ഇന്നുവരെ അതിന്റെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തിരമായും ബി. ഒ. ടി. അടിസ്ഥാനത്തിലാണെങ്കിലും ഏതടിസ്ഥാനത്തിലാണെങ്കിലും അതിന്റെ പണി ഉടനെ ആരംഭിച്ച് സത്വരമായി പൂർത്തിയാക്കി ആ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഉദ്ഘാടനം എത്രയും വേഗം നടത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തെ ബസ്സ്സ്റ്റേഷനുകൾ വൃത്തിയാക്കി സൂക്ഷിക്കുക, വെയിറ്റിംഗ് ഷെഡ്, വിശ്രമസൗകര്യങ്ങൾ, അതുപോലെ നിലവിലുള്ളതും അല്ലാത്തിടത്തും പ്രാഥമികസൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് പ്രത്യേകമായി വെയിറ്റിംഗ് ഷെഡ്ഡുകൾ നിർമ്മിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. കാസർഗോഡുനിന്ന് ഓടിച്ചുകൊണ്ടിരുന്ന കെ. എസ്. ആർ. ടി. സി. യുടെ ബാംഗ്ലൂർ ബസ് സർവ്വീസ് നിർത്തലാക്കിയത് പുനഃസ്ഥാപിക്കണം. നിർത്തലാക്കിയ സംസ്ഥാന അന്തർ-സംസ്ഥാന ബസ് സർവ്വീസുകൾ പുനരാരംഭിക്കണം. തിരുവനന്തപുരത്തുനിന്ന് കാസർകോട്ടേയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിക്കുകയും വേണം. ഒരു ഹൈടെക് ബസ് സർവ്വീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കാസർകോടുനിന്നും മുംബെയിലേക്കും ചെന്നൈയിലേക്കും ബസ് സർവ്വീസ് ആരംഭിക്കണം. കാസർകോടു നിന്നും കോഴിക്കോട്ടേക്കും എറണാകുളത്തേക്കും ഠൗൺ ടു ഠൗൺ ബസ് സർവ്വീസ് ആരംഭിക്കണം. റോഡ് സൗകര്യങ്ങൾ കുറഞ്ഞമേഖലകളിൽ കെ. എസ്. ആർ. ടി. സി. യുടെ മിനി ബസ്സുകൾ ഓടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. 15,000 കോടി രൂപ നഷ്ടത്തിലായിരുന്ന കെ. എസ്. ആർ. ടി. സി.യുടെ നഷ്ടം 5 കോടി രൂപയാക്കി കുറയ്ക്കാൻ ഏറ്റവും നല്ല നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാനീയവസരം ഉപയോഗി ക്കുന്നു. കർണ്ണാടകത്തിലേയും മഹാരാഷ്ട്രയിലേയും തമിഴ്നാട്ടിലേയും ഗവൺമെന്റുകളുമായി ചർച്ചനടത്തി അന്തർ-സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങളിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന ആളുകൾക്ക് ലഭിക്കേണ്ട ആശ്വാസം കെ. എസ്. ആർ. ടി. സി. യിൽ നിന്നും വേഗത്തിൽ ലഭ്യമാക്കണം. റോഡപകടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

Page 59 of 94

കുറയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം. ഒരു റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അറിയുന്നു. അത് ഉടനെതന്നെ രൂപീകരിക്കുവാനാവശ്യമായ നടപടി സ്വീകരിക്കണം. റോഡപകടങ്ങൾ ഒഴിവാക്കാനും അമിതവേഗതയിൽ വാഹനമോടിക്കുന്നതുകൊണ്ടുള്ള അപകടങ്ങളൊഴിവാക്കുന്നതിനും ഉപയോഗിക്കേണ്ട റഡാർ, Solar blinkering തുടങ്ങിയ ഉപകരണങ്ങൾ റോഡുകളിൽ പ്രധാനപ്പെട്ട എല്ലാസ്ഥലത്തും സ്ഥാപിക്കണം. അമിതവേഗത തടയുന്നതിനാവശ്യമായ മറ്റു നടപടികളും സ്വീകരിക്കണം. തിരക്കുള്ള നഗരപ്രദേശങ്ങളിലെല്ലാം ട്രാഫിക് സിഗ്നൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും അപകടമേഖലകളിൽ വേഗത കുറയ്ക്കുന്നതിന് സൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കുകയും വേണം. ഗവൺമെന്റ് ഞാൻ ആവശ്യപ്പെട്ട കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവ വേഗത്തിൽ പ്രായോഗികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ ഗവൺമെന്റ് ഇന്നിവിടെ അവതരിപ്പിച്ചിട്ടുള്ള ഡിമാന്റുകളെ ഞാൻ ഒരിക്കൽകൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഈ ഡിമാന്റുകളെ ഞാൻ പിൻതാങ്ങുകയാണ്. കേരളത്തിൽ വളരെയേറെ ജനശ്രദ്ധ ആകർഷിക്കുന്ന പ്രധാനപ്പെട്ട രണ്ടു വകുപ്പുകളാണ് ഗതാഗതവും ആരോഗ്യവും. ഈ രണ്ട് വകുപ്പുകളും സാധാരണ ജനങ്ങളെ ബാധിക്കുന്ന വകുപ്പുകൾ എന്നുള്ള നിലയ്ക്ക് ഈ ചർച്ചയിൽ വലിയ പ്രാധാന്യം ഞാൻ കാണുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷമേ ആയിട്ടുള്ളു. ഈ ചുരുങ്ങിയ സമയംകൊണ്ട് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും, കന്നിക്കാർ ആണെങ്കിലും പരിമിതികൾക്ക് അകത്തുനിന്നുകൊണ്ട്, വളരെ മെച്ചപ്പെട്ട പ്രകടനമാണ് കാഴ്ച വച്ചിരിക്കുന്നത്. അപ്പുറത്തുനിന്നും ആക്ഷേപം പറഞ്ഞതിനൊന്നും മറുപടി പറയാൻ സമയമില്ല. ഇവിടെ കഴിഞ്ഞ ഗവൺമെന്റിൽ ജനതാദളിനായിരുന്നു ട്രാൻസ്പോർട്ട് വകുപ്പ്. ആകെ നാല് എം. എൽ. എ. മാരിൽ പി. ആർ. കുറുപ്പ്, അത് കഴിഞ്ഞ് ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ, അത് കഴിഞ്ഞ് ശ്രീ. സി. കെ. നാണു എന്നീ മൂന്നുപേരും മന്ത്രിമാരായി. അവസാനം ശ്രീ. സുലൈമാൻ റാവുത്തർ പരമാവധി മന്ത്രിയാകാൻ ശ്രമിച്ചു. ഈ നാല് എം. എൽ. എ. മാരിൽ മൂന്നു പേർ മന്ത്രിമാരായിരുന്നപ്പോൾ കൈകാര്യം ചെയ്തതിനേക്കാൾ ഏറ്റവും മികച്ച രീതിയിലാണ് കഴിഞ്ഞ ഒരു വർഷക്കാലമായി ഈ വകുപ്പ് ശ്രീ. കെ. ബി. ഗണേഷ്കുമാർ കൈകാര്യം ചെയ്യുന്നത്. ആർ. ടി. ഒ. ആഫീസിനെക്കുറിച്ച് പറഞ്ഞു. ആർ. ടി. ഒ. ആഫീസിൽ ഏറ്റവും കൂടുതൽ അഴിമതി നടന്നത് നിങ്ങളുടെ കാലഘട്ടത്തിലാണ്. ആർ. ടി. ഒ. ആഫീസുകൾ ഒരു കുത്തഴിഞ്ഞ പുസ്തകം പോലെ ഏറ്റവും അധികം അഴിമതി നടന്ന കാലഘട്ടം; ട്രാൻസ്ഫർ ഉൾപ്പെടെ...........ഈ ഗവൺമെന്റ് വന്ന ഉടനെ ഏജൻസികളെ നിയന്ത്രിച്ചു പൂർണ്ണമായി എന്നു ഞാൻ പറയുന്നില്ല ; അതുകൊണ്ട് നിങ്ങളുടെ ആക്ഷേപത്തിന് യാതൊരു കഴമ്പുമില്ല. ട്രാൻസ്പോർട്ട് വകുപ്പിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്, ഞാൻ കഴിഞ്ഞ 12 വർഷമായി ഈ സഭയിൽ കേൾക്കുന്ന ഒരാളാണ്. ഏറ്റവും കൂടുതൽ പ്രക്ഷുബ്ധമായ രംഗങ്ങൾ വന്നിട്ടുള്ളത് ട്രാൻസ്പോർട്ടിന്റെ ചർച്ചയിലാണ്. ഇന്ന് അങ്ങനെയൊന്നും ഉണ്ടായില്ല. വളരെ കാം ആന്റ് കൂൾ. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും സംസാരിച്ച ആളുകൾ വളരെ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രായോഗികമായ നിർദ്ദേശങ്ങൾ വച്ചുവെന്നതുതന്നെ ചൂണ്ടിക്കാണിക്കുന്നത് ഈ വകുപ്പിൽ പ്രകടമായ മാറ്റം ഉണ്ടായിയെന്നുള്ളതാണ്. കെ. എസ്. ആർ. ടി. സി. ഒരു പൊതുമേഖലാ സ്ഥാപനമാണ്. അത് പബ്ലിക് സെക്ടർ മാത്രമല്ല പബ്ലിക് യൂട്ടിലിറ്റിയാണ്. അതുകൊണ്ട് അങ്ങനെയുള്ള ഒരു സ്ഥാപനത്തിൽ വളരെ മെച്ചപ്പെട്ട ഒരു തൊഴിൽ ബന്ധം നിലനിർത്തുക എന്നുള്ളത് മാനേജ്മെന്റിന് അനിവാര്യമാണ്. നിർഭാഗ്യവശാൽ ഇന്ന് കെ. എസ്. ആർ. ടി. സി. യിൽ പ്രശ്നങ്ങളുണ്ട്. അതിൽ പല പ്രശ്നങ്ങളും നിന്ത്രണങ്ങൾക്ക് അപ്പുറമാണ്. എങ്കിലും നല്ല മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം അവിടെ നിലനിർത്താൻ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ..................................ഏത് സ്ഥാപനത്തിലും തൊഴിലാളികളെ കോൺഫിഡൻസിൽ എടുത്തുകൊണ്ട് മാത്രമേ മുന്നോട്ട് പോകാൻ കഴിയൂ. അവിടെ ഹൈക്കോടതി നിശ്ചയിച്ച റഫറണ്ടം കഴിഞ്ഞു. റഫറണ്ടം കഴിഞ്ഞ് 48 ദിവസമായി. എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത് ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് റഫറണ്ടത്തിൽ ജയിച്ച അംഗീകൃത യൂണിയനുകളുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ആ കോൺഫറൻസിൽ ചില തീരുമാനങ്ങൾ എടുത്തിട്ട് അവരെക്കൂടി കോൺഫിഡൻസിൽ എടുത്തുകൊണ്ടു വേണം ഏത് പരിഷ്കാരവും കെ. എസ്. ആർ. ടി. സി.യിൽ നടപ്പിലാക്കാൻ. കെ. എസ്. ആർ. ടി. സി. യിൽ ഒരു പ്രത്യേകതയുണ്ട്. പ്രഗൽഭരായ നേതാക്കൻമാർ നയിച്ച യൂണിയനുകളാണ് കെ. എസ്. ആർ. ടി. സി. യിൽ ഉള്ളത്. അതുകൊണ്ട് കേരളത്തിൽ തൊഴിലാളി പ്രവർത്തന രംഗത്ത് വളരെ നിർണ്ണായകമായ സ്വാധീനവും സംഭാവനയും നൽകിയ ഒരു മേഖല എന്നുള്ള നിലയ്ക്ക് അവിടെ എടുക്കുന്ന എന്ത് തീരുമാനവും വളരെ ആലോചിച്ച് സൂക്ഷിച്ച് മുന്നോട്ടു പോയാൽ, മാനേജ്മെന്റും ട്രേഡ് യൂണിയനും തമ്മിൽ നല്ല ബന്ധം ഉണ്ടാക്കാൻ കഴിഞ്ഞാൽ അവിടെയുള്ള പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിയും. അതുകൊണ്ട് ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്ത് ഒരു കോൺഫറൻസ് അടിയന്തിരമായി വിളിച്ചുകൂട്ടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. അവിടെ ഉള്ള ചില പ്രശ്നങ്ങൾ—പ്രമോഷൻ—ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് പ്രമോഷൻ നിയന്ത്രിച്ചില്ല. പെൻഷൻ വേക്കൻസി കെ. എസ്. ആർ. ടി. സി. യിൽ കഴിഞ്ഞ 5 മാസമായി ലഭിക്കേണ്ട റൂട്ടീൻ പ്രൊമോഷൻ പോലും ലഭിക്കുന്നില്ല. 500-ഓളം ആളുകൾ ന്യായമായി പെൻഷൻ വേക്കൻസിയിൽ ലഭിക്കേണ്ട പ്രൊമോഷൻ പോലും ലഭിക്കാതെ വേദനിക്കുന്ന സാഹചര്യം അവിടെയുണ്ട്. അതിന് ഈ ഗവൺമെന്റിന് ഒരു പരിഹാരം ഉണ്ടാക്കാൻ കഴിയുമെങ്കിൽ ഇന്ന് അങ്ങ് മറുപടി പറയുമ്പോൾ നയം പ്രഖ്യാപിക്കണം. ഒരു സാമ്പത്തിക പ്രശ്നവും ഉണ്ടാകാതെ പ്രൊമോഷൻ നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് ഡി. എ. ശ്രീ. നായനാർ ഗവൺമെന്റിന്റെ കാലത്ത് ബാക്കിവച്ച 10 ശതമാനം ഡി. എ. യും യു. ഡി. എഫ്. ഗവൺമെന്റ് സംസ്ഥാന ജീവനക്കാർക്ക് കൊടുത്ത 6 ശതമാനവും കൂടി 16 ശതമാനം ഡി. എ. കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് കുടിശ്ശികയുണ്ട്. അവർക്ക് ആ ഡി. എ. കൊടുക്കാനുള്ള അടിയന്തിരമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഈ പരിമിതമായ വരുമാനത്തിനകത്തുനിന്നുകൊണ്ട് മറ്റ് ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യം ഇവിടെയും കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചാണ്. ഇവിടെ

Page 61 of 94

പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. കെ. എസ്. ആർ. ടി. സി. യിൽ വരുമാന വർദ്ധനവിന് പ്രൈവറ്റൈസേഷൻ എന്നൊരു വാക്ക് ഇവിടെ കടന്നു വരികയുണ്ടായി. ഞാൻ വളരെ വിനീതമായി പറയുകയാണ് ബി. ജെ. പി. ഗവൺമെന്റിന്റെ പാതയിലേക്ക് നമ്മൾ പോകാൻ പാടില്ല. കെ. എസ്. ആർ. ടി. സി. പോലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിൽ—കേരളത്തിലെ ജനങ്ങളുടെ രക്തത്തിൽ കലർന്നതാണ് കെ. എസ്. ആർ. ടി. സി. യാത്രയ്ക്ക് എന്തെങ്കിലും സാധ്യതയുണ്ടെങ്കിൽ ആദ്യം ചൂസ് ചെയ്യുന്നത് കെ. എസ്. ആർ. ടി. സി. ബസ്സിനെയാണ്. കെ. എസ്. ആർ. ടി. സി. ബസ്സ് ഇല്ലാത്തതുകൊണ്ടാണ് മറ്റ് മാർഗ്ഗങ്ങൾ ആലോചിക്കുന്നത്. അതുകൊണ്ട് കെ. എസ്. ആർ. ടി. സി. യെ നഷ്ടത്തിൽ നിന്നും രക്ഷിക്കാൻ അത് പ്രൈവറ്റൈസ് ചെയ്യണമെന്നുള്ള ധാരണ, വണ്ടി വാടകയ്ക്ക് എടുക്കാമെന്നുള്ള ധാരണ, അത്ര ശരിയല്ല, അത് ശരിയാകുമെന്ന് തോന്നുന്നില്ല. അത് പ്രയോഗികമാണോയെന്ന് ആലോചിക്കേണ്ട വിഷയമാണ്. ഈ സഭയിൽ പോലും ചർച്ച ഉണ്ടായതുകൊണ്ട് ഞാൻ പറയുകയാണ്. ഒരിക്കലും കെ. എസ്. ആർ. ടി. സി. പോലുള്ള പബ്ലിക് യൂട്ടിലിറ്റി സ്ഥാപനത്തെ ബസ്സ് വാടകയ്ക്കെടുത്ത് ഓടിച്ച് ലാഭത്തിൽ പോകാമെന്ന ധാരണ ആർക്കെങ്കിലും ഉണ്ടെങ്കിൽ അത് ശരിയാകുമെന്ന് എനിക്ക് തോന്നുന്നില്ല. അക്കാര്യത്തിൽ പുനർചിന്തനം ആവശ്യമാണെന്നാണ് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. പിന്നെ അവിടത്തെ പ്രശ്നം എന്താണ്? നമുക്കിവിടെ കൂടുതൽ ബസ്സുകൾ റോഡിൽ ഇറക്കണം. തൽക്കാലം കെ. എസ്. ആർ. ടി. സി. ക്ക് കാശ് ഇല്ല. നമ്മുടെ മന്ത്രി ഒരുപാട് ശ്രമങ്ങൾ നടത്തുകയാണ്. ഗവൺമെന്റ് തന്നെ ബഡ്ജറ്ററി പ്രൊവിഷൻ കൊടുത്തുകൊണ്ട് പുതിയ ബസ്സ് വാങ്ങാനുള്ള നടപടി കെ. എസ്. ആർ. ടി. സി. സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം കെ. എസ്. ആർ. ടി. സി. പ്രതിവർഷം 125 കോടി രൂപയുടെ സൗജന്യങ്ങൾ നൽകുകയാണ്. എം. പി. പാസ്, എം. എൽ. എ. പാസ്, പത്രക്കാർക്ക് പാസ്, വികലാംഗർക്ക് പാസ്, സ്റ്റുഡൻസിന് പാസ്, തുടങ്ങി 125 കോടി രൂപയ്ക്കാണ് കെ. എസ്. ആർ. ടി. സി. ഗവൺമെന്റിന്റെ ആവശ്യപ്രകാരം കൺസഷൻ കൊടുക്കുന്നത്. ഒന്നുകിൽ ഈ കൊടുക്കുന്ന തുക ബന്ധപ്പെട്ട വകുപ്പുകൾ കെ. എസ്. ആർ. ടി. സി. ക്ക് തിരിച്ച് കൊടുക്കണം. കെ. എസ്. ആർ. ടി. സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കിയാൽ നല്ല മെച്ചപ്പെട്ട സേവനം കെ. എസ്. ആർ. ടി. സി. ക്ക് കാഴ്ച വയ്ക്കാനായിട്ട് കഴിയും. നെയ്യാറ്റിൻകര കേരളത്തിൽ ആദ്യമായി നാഷണലൈസ് ചെയ്ത റൂട്ടാണ്. ബഹുമാനപ്പെട്ട മന്ത്രി അധികാരം ഏറ്റെടുത്ത സമയത്ത് ചെയ്തത് എന്താണ്! അവിടത്തെ പരലൽ സർവ്വീസ് നിയന്ത്രിക്കാനുള്ള ഫലപ്രദമായ നടപടിയുണ്ടായി. അതിന്റെ ഗുണം ഉണ്ടായി. കെ. എസ്. ആർ. ടി. സി. യിൽ കളക്ഷൻ കൂടി. പക്ഷെ ഒന്ന് രണ്ട് ആഴ്ച കഴിഞ്ഞപ്പോൾ അത് നിർത്തി വച്ചു. കേരളത്തിൽ ഒരു ദിവസം പാരലൽ സർവ്വീസ് നിയന്ത്രിച്ചാൽ പ്രധാന റൂട്ടിൽ മാത്രം ഏതാണ്ട് 35 ലക്ഷം രൂപയുടെ അധികവരുമാനം കെ. എസ്. ആർ. ടി. സി. ക്ക് ഉണ്ടാകും. അതുകൊണ്ട് പാരലൽ സർവ്വീസ് നിയന്ത്രിക്കുന്ന കാര്യത്തിൽ ഫലപ്രദവും ശക്തവും മുഖം നോക്കാതെയുമുള്ള നടപടി ഈ ഗവൺമെന്റ് സ്വീകരിക്കണം. അങ്ങ് തുടങ്ങിവച്ച ആ പരിപാടി അനുസ്യൂതം തുടരണമെന്നാണ് എനിക്ക് അതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. പിന്നൊന്ന് കെ. എസ്. ആർ. ടി. സി. ഡയറക്ടർ ബോർഡിൽ ഒഫിഷ്യൽസ് മാത്രമാണുള്ളത്. ഡെമോക്രസിയിൽ ഏറ്റവും പ്രധാനം ചെക്ക് ആന്റ് കൗണ്ടർ ചെക്കാണ്. ഒഫിഷ്യൽ എക്സിക്യൂട്ടീവ് അവർ എത്ര പ്രഗൽഭരായ ആളുകളായാലും നമ്മുടെ മുൻപിൽ വന്ന് ഇരിക്കാതെ, ഏത് ഐ. എ. എസ്. കാരനായാലും പൂർണ്ണമായി ഉദ്യോഗസ്ഥൻമാരെ മാത്രം ഏൽപ്പിക്കുന്നത് പൂർണ്ണമായി അവസാനിപ്പിക്കണം. ഡയറക്ടർ ബോർഡിൽ നോൺ ഒഫിഷ്യൽസ് മെമ്പർമാരെ വച്ചുകൊണ്ട് അടിയന്തിരമായി പുന:സംഘടിപ്പിക്കണം. അത് പറയാനുള്ള കാരണം എന്താണെന്നു ചോദിച്ചാൽ കെ. ടി. ഡി. എഫ്. സി, കെ. എസ്. ആർ. ടി. സി. ക്ക് പൈസ കടം കൊടുക്കാൻവേണ്ടി രൂപീകരിച്ച ഒരു സ്ഥാപനമാണ്. കെ. ടി. ഡി. എഫ്. സി. യുടെ സ്ഥിതി എന്താണെന്ന് അറിയാമോ ?

അവിടെ തന്ന രൂപ എത്രയെന്നതിനും തിരിച്ചടച്ച തുക എത്രയെന്നതിനും യാതൊരു കണക്കുമില്ല. അവിടെ തർക്കം നടക്കുകയാണ്. ഉദ്യോഗസ്ഥൻമാർ മാത്രമുള്ള കെ. എസ്. ആർ. ടി. സി. യുടെ ബോർഡ് ഏറ്റവും അവസാനം കൂടിയ യോഗത്തിൽ കെ. എസ്. ആർ. ടി. സി. കടം വാങ്ങുന്ന കെ. റ്റി. ഡി. എഫ്. സി. യുടെ തുകയ്ക്കുള്ള ടേംസ് ആന്റ് കണ്ടീഷൻസ് നിശ്ചയിക്കാനുള്ള പൂർണ്ണ അധികാരം കെ. റ്റി. ഡി. എഫ്. സി. ക്ക് കൊടുത്തിരിക്കുന്നു. കേരളത്തിൽ കെ. എസ്. ആർ. ടി. സി.യിൽ അല്ലാതെ ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തിൽ നാം വാങ്ങുന്ന വായ്പയുടെ പലിശ തീരുമാനിക്കാനുള്ള പൂർണ്ണ അധികാരം കെ. ടി. ഡി. എഫ്. സി ക്ക് കൊടുക്കുക എന്നു പറഞ്ഞാൽ, അത് ചൂണ്ടിക്കാണിക്കുന്നത് കെ. എസ്. ആർ. ടി. സി. ഡയറക്ടർ ബോർഡിൽ ആണത്വമുള്ള നോൺ ഒഫിഷ്യൽ മെമ്പർ ഇല്ലായെന്നാണ്. അതുകൊണ്ട് ചെറുപ്പക്കാരനായ ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത് നോൺ ഒഫിഷ്യൽസിനെ കൂടി ഉൾപ്പെടുത്തി കെ. എസ്. ആർ. ടി. സി. ബോർഡ് അടിയന്തിരമായി പുന:സംഘടിപ്പിക്കണം എന്നാണ്. പിന്നെ നമ്മുടെ കെ. എസ്. ആർ.ടി. സി. ഹെഡ് ഓഫീസ്, ഞാൻ കുറ്റപ്പെടുത്തുകയല്ല, ഇന്നലെ ബഹുമാന്യനായ ആരോഗ്യമന്ത്രി ഇവിടെ പറഞ്ഞു, പ്രഗൽഭരായ ഡോക്ടർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ ആരോഗ്യ രംഗത്ത് നല്ല സേവനം ചെയ്യുന്ന റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരെ വയ്ക്കാൻ ഗവൺമെന്റ് തയ്യാറാണ് എന്ന്, ഞാൻ പൂർണ്ണമായി യോജിക്കുകയാണ്, ഇപ്പോൾ കെ. എസ്. ആർ. ടി. സി. എം. ഡി. തന്നെ ഉദാഹരണം. മുൻകാലത്ത് ഈ വകുപ്പ് ഭരിച്ച പ്രഗൽഭനായ ഒരാളാണ് ഇപ്പോഴത്തെ എം. ഡി. അദ്ദേഹത്തെ എം. ഡി. ആക്കിയതിൽ അഭിപ്രായ വ്യത്യാസമില്ല. പക്ഷേ അതുകഴിഞ്ഞ് അവിടെയുള്ള ഏറ്റവും പ്രധാനപ്പെട്ട തസ്തികകളിലെല്ലാം 60 വയസ്സുകഴിഞ്ഞ ആളുകളാണ്. ഞാൻ കുറ്റപ്പെടുത്തുന്നില്ല. എല്ലാം 60 വയസ്സ് കഴിഞ്ഞ ആളുകളാണ്. കെ. എസ്. ആർ. ടി. സി. പോലുള്ള ഒരു പബ്ളിക് യൂട്ടിലിറ്റി സർവ്വീസിൽ പ്രഗൽഭരായ ആളുകൾ വേണം. ഞാൻ അംഗീകരിക്കുന്നു. എം. ഡി. ഒക്കെ മിടുക്കരാണ്. മറ്റ് 7 പേർ ഉണ്ട്. അവർ 60 വയസ്സ് കഴിഞ്ഞവരാണ്. ചീഫ് അക്കൗണ്ട്സ് ഓഫീസർ, ചീഫ് എഞ്ചിനീയർ, എസ്റ്റേറ്റ് ഓഫീസർ (സിവിൽ) ഉൾപ്പെടെ 7 പേർ 60 വയസ്സ് കഴിഞ്ഞവരാണ്. അവർ അവിടെ ഫ്രീ സർവ്വീസ് ചെയ്യാം എന്നാണ് പറഞ്ഞിരിക്കുന്നത്. ഫ്രീ സർവ്വീസ് എന്നു പറയുന്നത് നമ്മുടെ പ്രഗൽഭനായ മന്ത്രിയെ തെറ്റിക്കാനാണ്. അതുകൊണ്ട് കെ. എസ്. ആർ. ടി. സി. യിൽ പ്രഗൽഭരായവരെ വയ്ക്കുന്നതോടൊപ്പംതന്നെ പ്രായം ഒരുപാട് ആയ ആളുകളെ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നതസ്ഥാനങ്ങളിൽ വയ്ക്കുന്ന നടപടി ദയവായി അവസാനിപ്പിക്കണം. മറ്റൊരു കാര്യം, ഞാൻ ചോദിക്കട്ടെ, കളക്ഷൻ ബാങ്കിൽ അടയ്ക്കുക എന്നുള്ളത് അങ്ങ് പ്രഖ്യാപിച്ചതാണല്ലോ. ഒരു വർഷം മുമ്പ് അങ്ങ് പ്രഖ്യാപിച്ചു കെ. എസ്. ആർ. ടി. സി. കളക്ഷൻ ബാങ്കിൽ അടയ്ക്കണമെന്ന്. അങ്ങ് പ്രഖ്യാപിച്ച ഒരു കൊല്ലം കഴിഞ്ഞിട്ടും ഇതുവരെ കളക്ഷൻ ബാങ്കിൽ അടച്ചിട്ടില്ല. അതിന്റെ ഫലമായി പ്രതിവർഷം നമുക്ക് 50 ലക്ഷം രൂപ നഷ്ടം വരികയാണ്. എങ്ങനെ ? ഡി. ഡി. ഇനത്തിൽ. ഐ. ഒ. സി. ക്കു കൊടുക്കുന്ന കാശ്, ഒരു മാസം 4 ലക്ഷം രൂപ ഡി. ഡി. ചാർജ്ജ്. 4 x 12. ഏതാണ്ട് 50 ലക്ഷം രൂപ ഡി. ഡി. ഇനത്തിൽ കെ. എസ്. ആർ. ടി. സി. ക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. എന്തുകൊണ്ട് ? ഈ കളക്ഷൻ ബാങ്കിൽ അടച്ചിരുന്നുവെങ്കിൽ അത് നമുക്ക് ഒഴിവാക്കാൻ കഴിയുമായിരുന്നു. അതിനുള്ള നടപടി അങ്ങ് ദയവായി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നിശാ സർവ്വീസ്. "നിശാ സർവ്വീസ്", കൊള്ളാം. "രാത്രി വണ്ടി", എനിക്കു കിട്ടിയ റിപ്പോർട്ട് നിശാ സർവ്വീസിൽ കളക്ഷൻ വളരെ കുറവാണ് എന്നാണ് ; ചില ബസ്സുകളിൽ 20 രൂപ, ചില ബസ്സുകളിൽ 96 രൂപ. ഇവിടെ ശ്രീ. എൻ. ശക്തൻ പറഞ്ഞു, എന്റെ താലൂക്ക് ആയ നെയ്യാറ്റിൻകരയാണ് ആദ്യത്തെ നാഷണലൈസ്ഡ് താലൂക്ക്. മഴ കാക്കുന്ന വേഴാമ്പൽ പോലെ കെ. എസ്. ആർ. ടി. സി. ബസ്സിനു കാത്തിരിക്കുമ്പോൾ ആണ് സിറ്റിയിൽ അർദ്ധരാത്രി വലിയ നഷ്ടത്തിൽ നിശാ സർവ്വീസ് നടത്തുന്നത്. ആരോഗ്യ മേഖലയിൽ അത്യാവശ്യം വേണ്ട ജീവൻ രക്ഷാ മരുന്നുകൾ ഇന്ന് പല പ്രധാനപ്പെട്ട ആശുപ്രതികളിലും ഇല്ല. മെഡിക്കൽ കോളേജിൽ തിരക്ക് കുറയ്ക്കാൻ വേണ്ടി താലൂക്ക്/ജില്ലാ ആശുപത്രികൾ ശക്തിപ്പെടുത്തിക്കൊണ്ട് അവിടെ ജീവൻരക്ഷാ മരുന്നുകൾ വാങ്ങാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ രണ്ടു മന്ത്രിമാരും ചെലുത്തണമെന്നു പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ ഡിമാന്റുകളെ അനുകൂലിക്കുന്നു.

ഡോക്ടർ തോമസ് ഐസക് : സർ, കേരള സർക്കാരിന്റെ സാമ്പത്തിക നയങ്ങളുടെ ഫലമായിട്ട് ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന രണ്ടു മന്ത്രിമാരുടെ ധനാഭ്യർത്ഥനകളാണ് സഭ ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എങ്കിലും ഇവർ രണ്ടുപേരും ആ നയങ്ങളുടെ വലിയ വക്താക്കളാണെന്നുള്ളതുകൊണ്ട് അവരോട് ഒരു സഹാനുഭൂതിയുടെ ആനുകൂല്യം കാണിക്കുകയല്ല. ഈ ധനാഭ്യർത്ഥനകളെ എതിർക്കാതെ നിർവ്വാഹമില്ല. ഇവിടെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് വിശദമായിട്ട് ചർച്ചകൾ നടന്നു. എന്താണ് ഈ ധനാഭ്യർത്ഥനയിലുള്ളത് ? റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് കഴിഞ്ഞ വർഷം 15 കോടി രൂപ കിട്ടി. ഈ വർഷത്തിന്റെ പ്രത്യേകത എന്താണ് ? ആയിരം കോടി രൂപയിൽ അധികമാണ് കഴിഞ്ഞ വർഷത്തെക്കാൾ ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതിയാണെങ്കിൽ 3200-ൽ നിന്നും 4025 ആക്കി എന്നാണ് അവകാശവാദം. പക്ഷേ റോഡ് ട്രാൻസ്പോർട്ട് വകുപ്പിനുതന്നെ നൽകുന്ന പണം 15 കോടിയിൽനിന്നും 11 കോടിയായിട്ട് കുറച്ചിരിക്കുകയാണ്. എന്താണ് ന്യായീകരണം? പണം ഇല്ലാത്തതു കൊണ്ടല്ലല്ലോ. ഇവിടെ കക്ഷിരാഷ്ട്രീയ ഭേദമന്യേ ബസ്സ് വാങ്ങുന്നതിന് പണം നൽകണമെന്ന് എല്ലാവരും പറയുന്നു. എന്താണ് തടസ്സം ? ഈ വർഷത്തെ പദ്ധതിയിൽ എന്താണ് റോഡ് ഗതാഗതത്തിന് മാറ്റിവച്ചിട്ടുള്ളത് ? "ഇംപ്രൂവ്മെന്റ് ഓഫ് ഇൻഫ്രാസ്ട്രക്ചർ



LIBRARY ARCHIVES Kerala Legislative Assembly

Page 64 of 94

ഓഫ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ". നമ്മൾ വിചാരിക്കും ബസ്സ് വാങ്ങാനാണെന്ന്. അല്ല, അവിടെ മാർക്കറ്റിംഗ് കോംപ്ലക്സ് ബസ്സ്റ്റാന്റിൽ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റായിട്ട് പാർട്ടണർഷിപ്പിൽ പണിയാനാണ് 5 കോടി രൂപ വച്ചിരിക്കുന്നത്. എങ്ങിനെയിരിക്കുന്നു? പിന്നെ "ഇ-ഗവേണൻസ് "- അതിന് നാലേമുക്കാൽ കോടി രൂപ. അപ്പോൾ പിന്നെ 11 കോടി രൂപയിൽ ബാക്കി എന്തുണ്ട്? ഇതാണ് സ്ഥിതി. എന്താണ് കാരണം. ഇവിടെ കൃഷിവകുപ്പിന് പണം ഇല്ലായിരുന്നു. വേണ്ടത്ര പണം ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ അന്ന് ശുണ്ഠിയെടുത്തു. 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നല്ലത്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പ് മന്ത്രി ശുണ്ഠിയെടുത്തില്ല. എങ്കിലും ഒരു ഭാവാഭിനയം അങ്ങ് നടത്തിക്കഴിഞ്ഞാൽ പണം ലഭിക്കും. നമ്മുടെ ധനകാര്യ മന്ത്രി വളരെ ഉദാരമനസ്കനാണ്. യഥാർത്ഥ പ്രശ്നം എന്താണ്? ഈ സഭ മുഴുവൻ പറഞ്ഞാലും നിങ്ങളുടെ മാനിഫെസ്റ്റോയിൽ എന്തുപറഞ്ഞാലും പ്ലാനിംഗ് ബോർഡിന് വേറെയൊരു കാഴ്ചപ്പാടാണ് ഉള്ളത്. ഒരു ഫിക്സേഷനോ Obsession-നോ ആണ്. വാട്ടർ അതോറിറ്റിയാണോ മോശം ? റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനാണോ മോശം, കൃഷിയാണോ, അതിലൊന്നും സർക്കാരിന് ഒന്നും ചെയ്യുവാൻ കഴിയില്ല. പിന്നെ എന്താണ് വാർഷിക പദ്ധതിയുടെ ഉള്ളടക്കം? എന്താണ് എന്ന് സർക്കാരിന് തന്നെ അറിയാത്ത, തൊഴിൽദാന പദ്ധതി, സ്ത്രീശാക്തീകരണം..............300 കോടി രൂപയാണ് വച്ചിട്ടുള്ളത്. അതിൽ എന്താണ് ചെയ്യാൻ പോകുന്നത് എന്ന് ആർക്കെങ്കിലും അറിയാമോ ? പണം ഇല്ലാത്തതു കൊണ്ടാണോ കൊടുക്കാതിരിക്കുന്നത് ? ഇതിനെതിരായിട്ട് ബഹുമാനപ്പെട്ട മന്ത്രി പലതും പറയേണ്ടതുണ്ട്. ഞാൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. ആർ. ടി. ഓഫീസുകളുടെ സ്ഥിതിയെക്കുറിച്ച് പറഞ്ഞില്ല. അതിനെക്കുറിച്ചും പറയണം. ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നത്തിൽ ഞങ്ങളോടൊപ്പം ഒരു നിലപാടെടുക്കാൻ തയ്യാറുണ്ടോ ? അതാണ് എന്റെ ചോദ്യം.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ മാത്രമല്ല, ആരോഗ്യ വകുപ്പിന്റെ സ്ഥിതി എന്താണ്? 685 കോടി രൂപ കഴിഞ്ഞ വർഷം ഈ വകുപ്പിന് നൽകി. ഈ വർഷം എത്രയാണ്? 655 കോടി പി. എച്ച്. സി. യിലേയും കമ്മ്യൂണിറ്റി പബ്ലിക് ഹെൽത്ത് സെന്ററിലേയുമെല്ലാം സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചു. അതൊന്നും കണക്കിലില്ല. നിങ്ങളുടെ ഭാവനാവിലാസം മാത്രം. എവിടെയാണ് കൂട്ടിയത് ? മെഡിക്കൽ കോളേജിന്, കഴിഞ്ഞ വർഷം സൂപ്പർ സ്പെഷ്യാലിറ്റിക്ക് 118 കോടി രൂപ കൊടുത്ത സ്ഥാനത്ത് ഈ വർഷം 131 കോടി രൂപ ഉണ്ട്. കുറച്ചത് എവിടെയാണ് ? പൊതു ആരോഗ്യ രംഗത്ത്. നിങ്ങളുടെ സർക്കാരിന്റെ നയം അതാണ്. പൊതു ആരോഗ്യ സംവിധാനത്തിൽനിന്നും പിൻവാങ്ങാം, അതിനെ വാണിജ്യവൽക്കരിക്കാം, അതിനെ സ്വകാര്യവൽക്കരിക്കാം. അതിന്റെ ബഡ്ജറ്റാണ് നിങ്ങൾ ഇറക്കിയിരിക്കുന്നത്. ചരിത്രത്തോടു ചെയ്യുന്ന പാപമായിരിക്കും ഇത്. എന്തുകൊണ്ട്? കേരളത്തിലെ ആരോഗ്യമേഖലയിൽ ഇന്നത്തെ പ്രതിസന്ധി എന്താണ്? നമുക്ക് പൂർവ്വികമായി കിട്ടിയിട്ടുള്ളതാണ് ആയിരത്തിന് 13 എന്ന ശിശുമരണ നിരക്ക്. പക്ഷേ നമ്മുടെ രോഗ morbidity റേറ്റ് എടുത്തുകഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും വലുത് എന്നുള്ളത് ഏതാണ്ട് 7 ഓളം പഠനങ്ങൾ എങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

Page 65 of 94

LIBRARY ARCHIVES Kerala Legislative Assembly

ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതു മാത്രമല്ല, അമേരിക്കയുടെ തൊട്ടുതാഴെയാണ് നമ്മുടെ ശിശുമരണ നിരക്ക്. പക്ഷേ ഇത്ര താഴ്ന്ന ശിശുമരണനിരക്കുള്ള ഒരു വികസിത രാജ്യത്തും നമ്മുടെ നിലയില്ല. എന്താണ് നമ്മുടെ നില ? ആ രാജ്യങ്ങളിലൊന്നും ഇല്ലാത്ത ദാരിദ്ര്യജന്യ രോഗങ്ങളാണ് നമ്മുടെ morbidity പാറ്റേണിൽ ഇന്നും ആധിപത്യം പുലർത്തുന്നത്. 70 ശതമാനത്തോളം രോഗങ്ങളും ഈ തരത്തിലുള്ള രോഗങ്ങളാണ്. നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ നമ്മൾ ഒരു ആരോഗ്യ നയം രൂപീകരിക്കുമ്പോൾ ഞാൻ എതിരല്ല. സാമ്പത്തിക നീതി, സാമൂഹിക നീതി, മെറിറ്റ് ഉറപ്പുവരുത്തി കൂടുതൽ സീറ്റ് ഉണ്ടാകട്ടെ. അതിന് എതിർപ്പില്ല. അത് അല്ലെങ്കിൽ പ്രൈവറ്റ് മേഖലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ വരട്ടെ. ആവശ്യമുണ്ട്. പക്ഷേ 70 ശതമാനത്തോളം രോഗങ്ങൾക്ക് അടിസ്ഥാനമായിട്ടുള്ള ദാരിദ്ര്യജന്യ രോഗങ്ങൾ ചികിൽസിക്കുവാൻ ഇവിടത്തെ സാധാരണക്കാർ സമീപിക്കുന്ന പൊതു ആരോഗ്യ സംവിധാനം, അതിനെ തകർക്കരുത്, അതിന് പണം വയ്ക്കണം. എന്താണ് ഇന്നത്തെ സ്ഥിതി? കണക്കുകൾ പരിശോധിച്ചപ്പോൾ 31-5-2002-ൽ 5193 തസ്തികകളിൽ ഒഴിവു കിടക്കുന്നു. കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു MPLADS-ൽ പണിതതായ 52 കെട്ടിടങ്ങൾ വെറുതെ കിടക്കുകയാണെന്ന്. പഞ്ചായത്ത് പണിത 100 കെട്ടിടങ്ങൾകൂടി ചേർത്തോളൂ. പുതിയ തസ്തികകളുടെ പ്രശ്നമെന്താണ് ? ഉള്ള തസ്തികകളിൽ 5193 ഒഴിവുകൾ. മരുന്നിന്റെ സ്ഥതി എന്താണ്? അതല്ലായെങ്കിൽ മെയിന്റനൻസിന്റെ സ്ഥിതിയെന്താണ്? ഇതിനൊക്കെ പരിഹാരം നിങ്ങൾ എന്താണ് നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത്? നിങ്ങൾ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളത് ഇൻഷ്വറൻസ് സ്കീം കൊണ്ടുവരാൻ പോകുന്നുവെന്നാണ്. ഒരു കുടുംബത്തിന് 293 രൂപ, ബി. പി. എൽ. കുടുംബങ്ങൾക്ക് 20,000 രൂപ ചികിൽസാ സഹായം കിട്ടും. 293 X 40 ലക്ഷം രൂപ. 120 കോടി രൂപ ഇൻഷ്വറൻസ് പ്രീമിയം. ഈ ഇൻഷ്വറൻസ് പ്രീമിയം ഉണ്ടെങ്കിൽ ഗ്യാരന്റി ഹെൽത്ത് കെയർ പി. എച്ച്. എസ്. സി. ക്ക് കൊടുത്തുകൂടെ ? എത്രയോ പതിനായിരക്കണക്കിന് കോടി രൂപ മുടക്കി ഉണ്ടാക്കിയിരിക്കുന്ന infrastructure for want of a marginal investment, for want of doctors and for repair ഇന്ന് നിർജ്ജീവമായിരിക്കുന്നു. ഇവിടെ ജലസേചന പദ്ധതികൾ ദശാബ്ദങ്ങളായി നീണ്ടുപോകുന്നതിനെക്കുറിച്ചും വേവലാതിപ്പെടാറുണ്ട്. അൺയൂട്ടിലൈസ്ഡ് കപ്പാസിറ്റി ചരിത്രപരമായി നമ്മൾ ഉണ്ടാക്കിയിട്ടുള്ള ഈ കപ്പാസിറ്റി 120 കോടി രൂപ നിങ്ങൾ ഇൻഷ്വറൻസ് പ്രീമിയം കൊടുത്താൽ ഗ്യാരന്റി ഹെൽത്ത് കെയർ കൊടുത്തുകൂടെ ? ഇൻഷ്വറൻസ് പ്രീമിയത്തിന്റെ പ്രശ്നം എന്താണ് ? അമേരിക്കയിലെ ഇന്നത്തെ ഇൻഷ്വറൻസ് ബെയ്സ്ഡ് ഹെൽത്ത് പ്രോഗ്രാം കാണുക. അപ്പോളറിയും നാം എങ്ങോട്ടു പോയിയെന്ന്. സമയച്ചുരുക്കംമൂലം ഞാൻ ഇപ്പോൾ അത് വിശദീകരിക്കാൻ നിൽക്കുന്നില്ല. സമയമുണ്ടെങ്കിൽ തിരിച്ചുവരാം.

വേറൊരു പ്രധാനപ്പെട്ട പ്രശ്നത്തിലേയ്ക്ക് ഞാൻ കടക്കാൻ ആഗ്രഹിക്കുകയാണ്. ആരോഗ്യ വകുപ്പിന് നൽകിയിരിക്കുന്ന പണം പരിമിതം. ഈ പണം ഫലപ്രദമായി വിനിയോഗിക്കുന്നില്ലെങ്കിലോ, അതിൽനുന്നുകൂടി ചോർച്ചയുണ്ടെങ്കിലോ, ആരോഗ്യമേഖലയുടെ നിലയെന്തായിരിക്കും? എന്തു കൊണ്ടാണ് ആശുപത്രികളിൽ മരുന്നില്ലാത്തത് ? കാരണം മറ്റൊന്നുമല്ല. മേയ്

30-നാണ് സപ്ലൈയെഴ്സ് ലിസ്റ്റ് തയ്യാറാക്കി റേറ്റ് ഫിക്സ് ചെയ്ത് ഓർഡർ ജില്ലകളിലേയ്ക്ക് പോയിരിക്കുന്നത്. ഇനി ജില്ലാ ഓഫീസർമാർ അത് ഇന്റന്റ് ചെയ്ത് ഓർഡർ കൊടുത്ത് ഈ വർഷത്തെ മരുന്നുകൾ വരുമ്പോൾ സെപ്റ്റംബർ ആവുകയില്ലേ ബഹുമാനപ്പെട്ട മന്ത്രി. സാധാരണ ഗതിയിൽ മാർച്ച് 31-ന് നടക്കേണ്ട ഏർപ്പാടല്ലേ. ആ ഏർപ്പാട് എന്തുകൊണ്ട് ഈ വർഷം ഈ സെപ്റ്റംബർ മാസത്തിൽ നടക്കുന്നു? കാരണമെന്താണെന്നറിയാമോ ? ബഹുമാനപ്പെട്ട വി. എം. സുധീരൻ ഇവിടെ ആരോഗ്യവകുപ്പുമന്ത്രിയായിരുന്ന കാലം മുതൽ ഉള്ള ഒരു സമ്പ്രദായമുണ്ടായിരുന്നു. അതിനെ ആരുമറിയാതെ ഇളക്കി പ്രതിഷ്ഠ നടത്തിയിരിക്കുകയാണ്. സെൻട്രൽ പർച്ചെയ്സ് കമ്മിറ്റി (സി. പി. സി.) യിൽ മരുന്നുകൾ സപ്ലൈ ചെയ്യാനുള്ള കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ രജിസ്റ്റർ ചെയ്ത കമ്പനികളിൽ ആരെങ്കിലും കണ്ടിഷൻ പാലിച്ചില്ലെങ്കിൽ സ്ഥിരമായി 'ക്വാട്ട് ചെയ്യുന്നതിന് തയ്യാറായില്ലെങ്കിൽ അവരെ നീക്കുന്നതിന് സി. പി. സി. ക്ക് അധികാരമുണ്ട്. വേറെ ഏതെങ്കിലും കമ്പനി പുതുതായി സപ്ലൈ ചെയ്യാൻ താൽപ്പര്യപ്പെടുന്നുവെങ്കിൽ അപേക്ഷിച്ചാൽ മതി. ഇങ്ങനെയിരിക്കെ ബഹുമാനപ്പെട്ട മന്ത്രി ഉത്തരം നൽകേണ്ട ചോദ്യമെന്തെന്നറിയാമോ ? സി. പി. സി. ക്ക് അധികാരമെല്ലാം ഉണ്ടെന്നിരിക്കെ എന്തുകൊണ്ട് നിങ്ങൾ ഈ മുഴുവൻ കമ്പനികളെയും റീ-റജിസ്റ്റർ ചെയ്ത് വീണ്ടും രജിസ്ട്രേഷന് ആവശ്യപ്പെട്ടു? നിങ്ങൾ നവംബർ മാസത്തിൽ ഒരു ഉത്തരവിറക്കി. അപേക്ഷ കൊടുത്തില്ലായെങ്കിലും നെഗോഷിയേഷന്റെ പ്രശ്നമില്ലല്ലോ. റേറ്റ് കോൺട്രാക്ട് ചർച്ച ഇല്ലല്ലോ. അപേക്ഷ തന്നു. അപേക്ഷയിൽ എന്തെങ്കിലും തെറ്റുണ്ടോ? വയ്ക്കേണ്ട കണ്ടീഷൻസ് പാലിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ലിസ്റ്റിൽ, ഇല്ലെങ്കിൽ പുറത്ത്. ഇതിനപ്പുറം വേറെ എന്താണുള്ളത് ? എന്തിനു നിങ്ങൾ ലിസ്റ്റ് തയ്യാറാക്കാൻ 5 മാസമെടുത്തു ? എന്തായിരുന്നു ചർച്ച. സി. പി. സി. ചർച്ച ചെയ്യേണ്ട കാര്യങ്ങൾ.......ഞാൻ പേരുകൾ എടുത്തു പറയുന്നില്ല. മറ്റ് ഉപജാപ സംഘങ്ങൾ..........അവരുമായി ചർച്ചചെയ്യുന്നതിന് പോകേണ്ട ആവശ്യമെന്താണ്? പ്രവീൺ, ഡോ. ജ്യോതിഷ് കുമാർ, ഇവരൊക്കെ എന്താണ് ചർച്ച ചെയ്യാൻ പോകുന്നത്. സി. പി. സി. ഇല്ലേ. അവരല്ലെ ആതറൈസ്ഡ് ഇൻസ്റ്റിറ്റ്യൂഷൻ. മന്ത്രി മറുപടി പറയേണ്ട ആദ്യത്തെ പ്രശ്നം ഈ പുതിയ ഏർപ്പാട് എന്തിന് എന്നതാണ്. അങ്ങനെ നിങ്ങൾ നവംബർ മാസത്തിൽ അപേക്ഷ ക്ഷണിച്ചു. ലിസ്റ്റ് അംഗീകരിച്ചു. ടെന്റർ വിളിച്ചു. ഇവിടെ സഭയിൽ ഒരു ചോദ്യം ചോദിച്ചു. ടെന്റർ തുറന്നതിനുശേഷം പുതിയ കമ്പനികളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? മന്ത്രിയുടെ ഉത്തരം ; ഉണ്ട്. ടെന്റർ പൊട്ടിച്ച തീയതി എന്നാണ് ? മന്ത്രിയുടെ ഉത്തരം: ടെന്റർ പൊട്ടിച്ചത് 18-3-2002-ന്. ടെന്റർ പൊട്ടിച്ചതിനുശേഷം എത്ര കമ്പനികളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയത്; ഏതെല്ലാം? ടെന്റർ പൊട്ടിച്ച ശേഷം 7 കമ്പനികളെ പുതുതായി ഉൾപ്പെടുത്തി. അവ താഴെ പറയുന്നവയാണ്. 7 കമ്പനികളുടെ പേര്. ഏതു വകുപ്പനുസരിച്ച് ? സ്റ്റോർ പർച്ചെയ്സ് മാനുവലുണ്ട്, കാറ്റഗേറിക്കലാണ് വ്യവസ്ഥ : On no account tenders received after the time fixed for the opening of tenders shall be considered. ഏതടിസ്ഥാനത്തിൽ ടെന്റർ ഓപ്പൺ ചെയ്തതിനു ശേഷം നിങ്ങൾ 7 കമ്പനികളെ ഉൾപ്പെടുത്തി ? ഇതാണ് എന്റെ രണ്ടാമത്തെ ചോദ്യം. ഈ ഏഴ് കമ്പനികളെക്കുറിച്ചൊന്നും ഞാൻ ആരോപണം ഉന്നയിക്കുന്നില്ല. സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് വിഭാഗത്തിൽപ്പെടുന്നതു കാണും. ഒരെണ്ണം അർദ്ധ സർക്കാർ സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly

Page 67 of 94

ആണെന്നു തോന്നുന്നു. മൂന്നാമത്തെ ചോദ്യം എന്തു കാരണത്താൽ ഉൾപ്പെടുത്തി. ഇപ്പോൾ ഉൾപ്പെടുത്താതെയിരിക്കുന്ന 33 കമ്പനികളിൽ വേറെ ചിലർ ഉണ്ടായിക്കൂടെ. അതിലുപരി ഇപ്പോൾ അംഗീകരിച്ച ലിസ്റ്റിൽ 136 എണ്ണത്തിൽ പകുതിയെണ്ണം കഴിഞ്ഞ വർഷം സപ്ലൈ ചെയ്യാത്തതാണല്ലോ. അവർക്കൊക്കെ ഈ പറഞ്ഞ മാനദണ്ഡങ്ങളുണ്ടെന്ന് ഉറപ്പെന്ത് ? കാരണം 7 കമ്പനികളുടെ പേര് നിങ്ങൾ ആദ്യം അംഗീകരിച്ചില്ലെങ്കിലും ഇപ്പോൾ ഉൾപ്പെടുത്തി. മൂന്നാമത്തെ ചോദ്യത്തിൽ ഞാൻ ചോദിച്ചു 40 ശതമാനം വില വർദ്ധനവ് ഏതെങ്കിലും കമ്പനി ക്വാട്ട് ചെയ്തിരുന്നോ? അവർക്കു കൊടുത്തോ? ഉത്തരം : കഴിഞ്ഞ തവണ മരുന്ന് സപ്ലൈ ചെയ്ത കമ്പനികൾ ക്വാട്ട് ചെയ്ത വിലയേക്കാൾ ഓരോ മരുന്നുകൾക്കും 40 ശതമാനം കൂടുതൽ ക്വാട്ട് ചെയ്ത കമ്പനികൾക്ക് ഓർഡർ നൽകിയിട്ടില്ല. സി. പി. സി. അംഗീകരിച്ച സപ്ലൈയേഴ്സ് ലിസ്റ്റും മരുന്നുകളുടെ വിലയും..............രണ്ടു മരുന്നുകളുടെ കാര്യം പറയാം. Anti A Monoclonal 65 രൂപയായിരുന്നു, 100 രൂപയാണ് പുതിയത്. 53 ശതമാനം വർദ്ധനവ്. Bovine Albumin 110 രൂപയിൽ നിന്ന് 200 രൂപയിലേക്ക് പോയി. 81.8 ശതമാനം വർദ്ധനവ്. കഴിഞ്ഞ ആറു മാസക്കാലത്തിനിടയിൽ മൊണോപ്പളി കമ്പനികളുടെ പ്രാക്ടീസുകൾ മൂലം ഇവിടെ ഷോർട്ടേജ് വരുത്തുന്നതിനുവേണ്ടി മരുന്നുകളുടെ വില കുറച്ചുകൊണ്ടിരിക്കുകയാണ്. ആ കാലത്താണ് ചിലയിനങ്ങൾക്ക് വർദ്ധനവ് വരുന്നത്. സമയമില്ലാത്തതുകൊണ്ട് ആ ഇനങ്ങളുടെ കാര്യം പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥന അങ്ങേയ്ക്ക് ഇതിൽ പങ്കുണ്ടെന്നൊന്നും ഞങ്ങൾ പറയുന്നില്ല. കാലം മോശമാണ്. മുൻപിൽ മാത്രമല്ല കണ്ണു വേണ്ടത്, പുറകിലും വേണം. അല്ലെങ്കിൽ വകുപ്പു മന്ത്രിക്കുതന്നെ പാസ്സാക്കാവുന്ന ഈ ഫയൽ ഉത്തരവ് .മുഖ്യമന്ത്രിയെ കാണിക്കുന്നതിനുവേണ്ടി എന്തിന് അയയ്ക്കണം. അങ്ങയോടുള്ള അഭ്യർത്ഥന ഇതാണ്. ഇത് ജപ്പാൻ കുടിവെള്ള പ്രശ്നം പോലെ ക്യാൻസൽ ചെയ്യുകയൊന്നും വേണ്ട. മരുന്നു കിട്ടണം. അതുകൊണ്ട് നടക്കട്ടെ. പക്ഷെ നാളെ ഇത് ആവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുവേണ്ടി അന്വേഷണത്തിന് തയ്യാറുണ്ടോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ്കുമാർ) : സർ, കേരളത്തിലെ സാധാരണ ജനങ്ങളുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ടു നിൽക്കുന്ന ഒരു വകുപ്പാണ് ഗതാഗതവകുപ്പ്. ആ വകുപ്പിനെപ്പറ്റി ഭരണപക്ഷത്തുള്ള സുഹൃത്തുക്കളും പ്രതിപക്ഷ എം. എൽ. എ. മാരുമൊക്കെ വളരെ വിശദമായി ഇവിടെ നടന്ന ചർച്ചയിൽ

1 p. m.]

കാര്യങ്ങൾ പറഞ്ഞു : അതിലെല്ലാം ട്രാൻസ്പോർട്ട് വകുപ്പിനെ കൂടുതൽ നല്ല നിലയിൽ നടത്താനുള്ള പ്രോൽസാഹജനകമായ ഒരുപാട് പദ്ധതികളും ആശയങ്ങളും പലരും നിർദ്ദേശിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ വകുപ്പുകളിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങളും ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളുമൊക്കെ ഇവിടെ വിലയിരുത്തുകയുണ്ടായി. പല പരിഷ്കാരങ്ങളും പറഞ്ഞ സമയത്തിനുള്ളിൽ പറഞ്ഞ രീതിയിലും അതിലേക്കാൾ മെച്ചപ്പെട്ട രീതിയിലും നടപ്പിലാക്കാൻ കഴിഞ്ഞ ഒരു വർഷംകൊണ്ടു കഴിഞ്ഞു എന്ന് അഭിമാനത്തോടെ സഭയിൽ പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. രണ്ടു വകുപ്പുകളിൽ കൂടുതൽ അംഗങ്ങളും ആദ്യമായി സംസാരിച്ചത് കെ. എസ്. ആർ. ടി. സി.യെക്കുറിച്ചാണ്. കെ. എസ്. ആർ. ടി. സി. എന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനം



LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ സാധാരണക്കാരായ യാത്രക്കാരുടെ ആശ്രയവും അഭിലാഷവുമാണ്. കെ. എസ്. ആർ. ടി. സി.യെ എന്ന സ്ഥാപനത്തെ മെച്ചപ്പെട്ട ഒരു സർവ്വീസാക്കി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് തയ്യാറാക്കിയത്. ഒരു വർഷംകൊണ്ട് ഈ സ്ഥാപനത്തിന് നേടിയെടുക്കാൻ കഴിഞ്ഞ നേട്ടങ്ങൾ, മുൻ വർഷങ്ങളിൽനിന്നുണ്ടായ മാറ്റങ്ങൾ ഇവയെക്കുറിച്ചുള്ള കുറച്ചു കണക്കുകൾ മാത്രം പറഞ്ഞുകൊണ്ട് എത്രയും പെട്ടെന്ന് എന്റെ വാക്കുകൾ അവസാനിപ്പിക്കാം. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഈ സ്ഥാപനത്തിന് പ്രതിദിന വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. അതിനുവേണ്ടി ഉപയോഗപ്പെടുത്തിയത് അച്ചടക്കമുള്ള ഒരു ഭരണസംവിധാനവും ജീവനക്കാരുടെ സജീവമായ സഹകരണവുമാണ്. അതിലൊക്കെ ഉപരിയായി പൊതുജനങ്ങളുടേയും മാധ്യമങ്ങളുടേയുമൊക്കെ സഹകരണം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. പ്രതിദിന വരുമാനത്തിൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ, 2001 ജൂണും 2002 ജൂണും തമ്മിലുള്ള വ്യത്യാസം എടുക്കുകയാണെങ്കിൽ 19 ലക്ഷം രൂപയുടെ വർദ്ധനവ് പ്രതിദിന കളക്ഷനിലുണ്ടായി. ഒരു പക്ഷെ അവിടെയിരിക്കുന്നവർ പറയും, ചാർജ്ജ് വർദ്ധനവുകൊണ്ടാണെന്ന്. അതു തെറ്റാണ്. കാരണം, 60,000 കിലോമീറ്റർ ഡെഡ് മൈലേജ് ഓടിക്കൊണ്ടിരുന്നത് അവസാനിപ്പിച്ചാണ് 19 ലക്ഷം രൂപയുടെ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ചാർജ്ജ് വർദ്ധനവ് നിലവിൽ വരുന്നതിന് മുൻപുതന്നെ ഈ സ്ഥാപനം വ്യക്തമായ വരുമാന വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2000 ജൂലായ് മാസം ഉണ്ടായിരുന്ന കളക്ഷൻ ഒരു കോടി നാൽപ്പത്തിനാലു ലക്ഷം രൂപയായിരുന്നുവെങ്കിൽ 2001 ജൂലായ് മാസം ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ടുമാസങ്ങൾക്കു ശേഷം എടുത്ത നടപടികൊണ്ടുതന്നെ ഒരു കോടി അമ്പത്തിയേഴു ലക്ഷം രൂപയായി അത് മാറുകയും അങ്ങനെ 13 ലക്ഷം രൂപയുടെ വർദ്ധനവ് ആ മാസത്തിലുണ്ടാവുകയും ചെയ്തു. ആഗസ്റ്റ് മാസത്തിൽ 16 ലക്ഷം രൂപ ലാഭമുണ്ടായി. സെപ്റ്റംബർ പൊതുവെ കളക്ഷൻ കുറയുന്ന മാസമാണ്. ആ മാസവും ഏതാണ്ട് 5 ലക്ഷം രൂപയുടെ വരുമാന വർദ്ധനവുണ്ടായി. അതിനു ശേഷം ഒക്ടോബർ മാസത്തിലാണ് ചാർജ്ജ് വർദ്ധനവ് വരുന്നത്. അതിനുശേഷം വളരെയധികം വർദ്ധനവുണ്ടായിട്ടുണ്ട് എന്നുള്ളത് സമ്മതിക്കുന്നു. പക്ഷെ ചാർജ്ജ് വർദ്ധനവുകൊണ്ട് മാത്രമാണ് ഇതു നേടിയെടുത്തത് എന്നു പറയാൻ കഴിയുകയില്ല. ഈ വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള അടുക്കും ചിട്ടയും നിറഞ്ഞ ഭരണസംവിധാനങ്ങൾ, അതോടുകൂടി ഭരണരംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ ; ഒരു ബസ്സിൽ നിന്നുള്ള പ്രതിദിന വരുമാന വർദ്ധനവ് തന്നെ 825 രൂപയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, ജൂൺ മാസം 2001-ൽ ഒരു ബസ്സിന്റെ വരുമാനമെന്നു പറയുന്നത് 4521 രൂപയായിരുന്നു. 2002 ആയപ്പോൾ അത് 5349 രൂപയായി. അതായത് പ്രതിദിനം 825 രൂപ ഒരു ബസ്സിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായി. അങ്ങനെയുണ്ടായ വർദ്ധനവ് കണ്ടില്ലെന്നു നടിക്കാൻ ആർക്കും കഴിയില്ല. ഒരു കിലോമീറ്റർ ഓടുമ്പോൾ 16 രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ ഒരു ബസ്സ് ലാഭവും നഷ്ടവുമില്ലാതെ ഓടുന്നു എന്നു പറയാൻ കഴിയുകയുള്ളു. 2001 ജൂണിൽ കെ. എസ്. ആർ. ടി. സി. ബസ്സ് ഒരു കിലോമീറ്റർ ഓടുമ്പോഴുള്ള വരുമാനം പതിമൂന്നു രൂപ പതിനെട്ടു പൈസയായിരുന്നുവെങ്കിൽ അതിനുശേഷം പതിനഞ്ചു രൂപ എഴുപതു

LIBRARY ARCHIVES Kerala Legislative Assembly

പൈസയായി. ഇനി 30 പൈസ കൂടി മുന്നോട്ടുപോയാൽ, അതായത്, കിലോമീറ്ററിന് രണ്ടു രൂപാ അൻപത്തിരണ്ടു പൈസയുടെ ശരാശരി വർദ്ധനവ് ഉണ്ടായാൽ ഈ സ്ഥാപനം ലാഭ നഷ്ടമില്ലാത്ത കളക്ഷൻ നൽകുന്ന സ്ഥാപനമായി മാറും. അതിനു സാധിക്കുമായിരുന്നു. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയം കൊണ്ട്, ഡീസലിന്റെ കാര്യത്തിലും ഓയിലിന്റെ കാര്യത്തിലുമുണ്ടായ വിലവർദ്ധനവും വേരിയേഷനുംകൊണ്ട് ആ ലാഭം നേടിയെടുക്കാൻ നമുക്ക് കഴിയാതെ പോയി. ഇക്കഴിഞ്ഞ മേയ് മാസത്തിൽ കെ. എസ്. ആർ. ടി. സി. വരുമാനവും ചെലവും തമ്മിൽ തുലനം ചെയ്തു പോകുകയും വരുമാനത്തിനേക്കാൾ ചെലവു ചെയ്തുകൊണ്ടിരുന്ന ഈ സ്ഥാപനം ചെലവിനേക്കാൾ 35 ലക്ഷം രൂപ വരുമാനം കൂടുതലുണ്ടാക്കിക്കൊണ്ട് ഒരു മാസം ലാഭമുണ്ടാക്കാൻ കഴിഞ്ഞു എന്നുള്ള സന്തോഷവാർത്ത കൂടി ഈ അവസരത്തിൽ അറിയിക്കുകയാണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലുണ്ടായിരുന്ന 3929 കടലാസ് ഷെഡ്യൂളുകൾ പലതും ക്യാൻസൽ ചെയ്തു. ഇന്ന് കെ. എസ്. ആർ. ടി. സി. ക്ക് 3600 എഫക്റ്റീവ് ഷെഡ്യൂളുകൾ ആണ് നിലവിലുള്ളത്. ഓടാത്തതും മൂന്നു-നാലു മാസമായി ഓടാതെ കിടക്കുന്നതുമായ സർവ്വീസുകൾ വേണ്ടെന്നു വച്ചുകൊണ്ടാണ് കെ. എസ്. ആർ. ടി. സി. ഇത് നേടിയെടുത്തത്. കെ. എസ്. ആർ. ടി. സി. യുടെ കംപ്യൂട്ടറൈസേഷൻ പദ്ധതി അഭിമാനത്തോടെ പറയാവുന്ന ഒരു കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതാണ്ട് മൂന്നുനാലു മാസങ്ങൾക്കുശേഷം ആരംഭിച്ച കംപ്യൂട്ടറൈസേഷൻ പരിപാടിയനുസരിച്ച് കെ. എസ്. ആർ. ടി. സി. യുടെ മുഴുവൻ ഡിപ്പോകളേയും കംപ്യൂട്ടർ നെറ്റ് വർക്കിൽ കൊണ്ടുവരാനും ഒരു കംപ്യൂട്ടർ ശൃംഖല സ്ഥാപിക്കാനും കെ. എസ്. ആർ. ടി. സി. ക്ക് കഴിഞ്ഞു. അതിന് കെ. എസ്. ആർ. ടി. സി. ഉപയോഗപ്പെടുത്തിയത് കെ. എസ്. ആർ. ടി. സി. യിലെ തന്നെ മിടുക്കന്മാരായ ഉദ്യോഗസ്ഥൻമാരെയാണ്. അവരുടെ പ്രായം അവിടെ ഒരു പ്രശ്നമല്ല. ഞാൻ ഈ വകുപ്പിൽ കൊണ്ടുവന്ന ഉദ്യോഗസ്ഥൻമാരുടെ പ്രായം കൊണ്ട് അവിടെ ഒരപകടവും സംഭവിക്കാനില്ല. ബഹുമാനപ്പെട്ട തമ്പാനൂർ രവി പറഞ്ഞതുപോലെ, ഏഴും എട്ടും പേരൊന്നുമില്ല. കൊണ്ടുവന്നവർ മിടുക്കൻമാരാണെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട് എന്ന് അങ്ങ് മനസ്സിലാക്കണം. സഭയും മനസ്സിലാക്കണം. അവിടെ വന്നവരാരും തന്നെ അയോഗ്യന്മാരല്ലെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു. അതിനുദാഹരണമായി ഞാൻ പറയാൻ പോകുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം. കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാരെ തന്നെ ഉപയോഗിച്ചുകൊണ്ട്, അവരുടെ സാമർത്ഥ്യം കൊണ്ട്, അവരുടെ കഴിവുകൊണ്ട് കംപ്യൂട്ടറൈസേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞു. കെ. എസ്. ആർ. ടി. സി. നെറ്റ് വർക്ക് തയ്യാറായി, ഇനി എല്ലാ ഓഫീസുകളും കംപ്യൂട്ടറൈസ് ചെയ്യാൻ പോവുകയാണ്. ജീവനക്കാരെ പരിശീലിപ്പിക്കാൻ വേണ്ടി ദൂരസ്ഥലങ്ങളിൽനിന്ന് വിളിച്ചുവരുത്തി ടി. എ. യും ഡി. എ. യും കൊടുക്കാതിരിക്കാൻ വേണ്ടി സ്വന്തം വാഹനത്തിൽ എയർ കണ്ടീഷൻ ചെയ്ത്, കമ്പ്യൂട്ടറും ഫിറ്റ് ചെയ്ത് ഒരു മൊബൈൽ കംപ്യൂട്ടർ പരിശീലന കേന്ദ്രം തന്നെ കെ. എസ്. ആർ ടി. സി. ജീവനക്കാർ ഉണ്ടാക്കിയെടുത്തു. ഇതൊന്നും പുറത്തുനിന്നും ആളിനെ കൊണ്ടുവന്ന് ചെയ്യിക്കുന്നതല്ല. അതിനകത്തുള്ള ആളുകളെക്കൊണ്ട ചെയ്യിക്കുന്നതാണ്. കെ. എസ്. ആർ. ടി. സി. ഒരു വെബ് സൈറ്റ് ഉണ്ടാക്കി. കെ. എസ്. ആർ. ടി. സി. യുടെ

LIBRARY ARCHIVES Kerala Legislative Assembly

Page 70 of 94

വിവരങ്ങൾ അറിയാനും കംപ്യൂട്ടർ റിസർവ്വേഷൻ ഉണ്ടാക്കുന്നതിന്റെ ഭാഗമായും ബാംഗ്ലൂർ അടക്കമുള്ള 8 കേന്ദ്രങ്ങളിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 6 മാസത്തിനുള്ളിൽ കംപ്യൂട്ടർ റിസർവ്വേഷൻ സംവിധാനം ഏർപ്പെടുത്തി. കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നിന്ന് ഒരു സോഫ്റ്റ്വെയർ തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. അവരുമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതു കിട്ടുകയാണെങ്കിൽ ഓൺ ലൈൻ റിസർവ്വേഷൻ തുടങ്ങാൻ പോകുകയാണ്. ടൂറിസം വകുപ്പിനും ടൂറിസവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ട്രാവൽ ഏജൻസികൾക്കും കെ. എസ്. ആർ. ടി. സി. ബസ്സിലേക്ക് നേരിട്ട് കംപ്യൂട്ടർ ലൈനിലൂടെ ബുക്കിംഗ് ഏർപ്പെടുത്താനുള്ള ഒരു സോഫ്റ്റ്വെയർ കൊണ്ടുവരാനുള്ള ശ്രമം നടക്കുകയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ എസ്. റ്റി. ഡി. ബൂത്തോ മറ്റ് സൗകര്യങ്ങളോ നടത്തുന്നവർക്ക് ഒരു തൊഴിലവസരം കൂടി അതുമുഖേന നൽകുന്ന കാര്യമാണ്. അതുചെയ്യാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെ ടിക്കറ്റ് മെഷിന്റെ കാര്യം. ഏറ്റവും വലിയൊരു വരുമാന നഷ്ടമെന്നു പറയുന്നത് വളരെ വ്യാപകമായി നടക്കുന്ന ടിക്കറ്റ് മോഷണമാണ്. ഒരിക്കൽ ഇഷ്യൂ ചെയ്യുന്ന ടിക്കറ്റ് വീണ്ടും ഇഷ്യൂ ചെയ്യുന്ന നടപടിയുണ്ടാകുന്നു. അതവസാനി പ്പിക്കാൻ വേണ്ടി ടിക്കറ്റ് മെഷിൻ കൊണ്ടുവരാനുള്ള സമ്പ്രദായം നടപ്പാക്കുകയാണ്. തിരുവനന്തപുരത്ത് ഏറ്റവും തിരക്കുള്ള ഒരു സിറ്റി സർവ്വീസിൽ തന്നെ പെൻഷനാകാൻ ആറുമാസമുള്ള ഒരു കണ്ടക്ടറെക്കൊണ്ടു ഞങ്ങൾ പരിശോധിപ്പിച്ചു. അദ്ദേഹത്തിന്റെ എഫിഷൻസി കുറയുമെന്നാണ് പറയുന്നതെങ്കിലും ആ മെഷീൻ പ്രായമായ ഒരാൾക്ക്പോലും തെറ്റുകൂടാതെ ഉപയോഗിക്കാൻ കഴിയുമെന്ന് തെളിയിക്കാൻ കഴിഞ്ഞു. ടിക്കറ്റ് മെഷീൻ നടപ്പിലാക്കുകയാണെങ്കിൽ ഒരു ദിവസം ടിക്കറ്റ് മോഷണമിനത്തിൽ മാത്രം കെ. എസ്. ആർ. ടി. സി. ക്ക് 50 കോടി രൂപ ലാഭിക്കാൻ കഴിയും. ടിക്കറ്റുകൾ റാന്റം ചെക്കിംഗ് നടത്തുമ്പോൾ നാലായിരവും ഏഴായിരവും രൂപയുടെ വരെ മോഷണങ്ങൾ ആണ് നടന്നിരിക്കുന്നത്. കൊടുത്ത ടിക്കറ്റുകൾ തന്നെ വീണ്ടും കൊടുക്കുകയാണ്. ഈ ടിക്കറ്റിംഗ് സമ്പ്രദായത്തിൽ ടിക്കറ്റ് ഇഷ്യൂ ചെയ്ത സമയം, അതിന്റെ പ്രത്യേക കോഡുകൾ ഇവയെല്ലാമുണ്ടാകും. ഇതു നിലവിൽ വരുന്നതോടുകൂടി കണ്ടക്ടർമാരുടെ ജോലിഭാരം വളരെയധികം കുറയും. കണക്കുകളിൽ വ്യത്യാസം വരുകയില്ല, ആഡിറ്റിംഗിന്റെ ആവശ്യമില്ല, ടിക്കറ്റ് അടുക്കിവയ്ക്കാൻ ഉദ്യോഗസ്ഥൻമാരുടെ ആവശ്യമില്ല, പൈസ എണ്ണിവാങ്ങി ക്യാഷിയർ കംപ്യൂട്ടറിൽനിന്ന് പ്രിന്റൗട്ട് എടുത്താൽ ഈ മെഷീനിലുള്ള സന്ദേശം മുഴുവൻ ഇൻഫ്രാറെഡ് വഴി കംപ്യൂട്ടറിൽ കയറുകയും അവിടെ നിന്നും അതിന്റെ പേ ബില്ലും കാര്യങ്ങളും ഡ്രൈവറുടേയും കണ്ടക്ടർമാരുടേയും ശമ്പളവും അലവൻസും വരെ നിശ്ചയിക്കും. അതിനുശേഷം ഒരു ആഡിറ്റിംഗിന്റെ ആവശ്യമില്ല. അങ്ങനെ ചെലവു കുറയ്ക്കാനുള്ള ധാരാളം പദ്ധതികൾ, ജനോപകാരപ്രദമായ പല പദ്ധതികളും നടപ്പിലാക്കാൻ കഴിയും. ഞാൻ തൊഴിലാളി രാഷ്ട്രീയത്തിൽനിന്നു വന്നയാളല്ല. എനിക്ക് തൊഴിലാളി സംഘടനകളുടെ നേതൃത്വം വഹിക്കാനുള്ള ഭാഗ്യവും ഉണ്ടായിട്ടില്ല. പക്ഷെ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ. എസ്. ആർ. ടി. സി. ക്കു വേണ്ടി, സ്ഥിരം ജീവനക്കാരും മറ്റെല്ലാവരുംകൂടി 29,000-ത്തോളം വരുന്ന സ്ഥാപനത്തിലെ ജീവനക്കാർക്കുവേണ്ടി, ഒരു ട്രേഡ് യൂണിയനും ആവശ്യപ്പെടാത്ത കാര്യങ്ങൾ ചെയ്തുകൊടുത്ത ആളാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ. ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ജീവനക്കാരുടെ പേരിലുണ്ടായിരുന്ന ചെറുതും വലുതുമായ 18,000 കേസുകളിൽ 14,000-ത്തിലധികം കേസുകൾക്ക് അദാലത്തു വച്ച് അവസാനമുണ്ടാക്കാൻ കഴിഞ്ഞു. അതുപോലെത്തന്നെ കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർ പല ഡിപ്പോകളിലും കിടക്കാനുപയോഗിച്ചിരുന്നത് വാർത്താ പത്രങ്ങളായിരുന്നു. വെറും തറയിൽ പത്രം വിരിച്ചുകിടന്ന ജീവനക്കാർക്ക് കെ. എസ്. ആർ. ടി. സി. യുടെ വർക്ക്ഷോപ്പുകളിൽ തന്നെ നിർമ്മിച്ച കട്ടിലുകൾ കൊടുക്കാനുള്ള സൗകര്യമുണ്ടാക്കി. അവർക്ക് പ്രാഥമികകൃത്യം നിർവ്വഹിക്കാനുള്ള സൗകര്യമില്ലായിരുന്നു. പല സ്ഥലങ്ങളിലും അതിനുള്ള സൗകര്യമുണ്ടാക്കി, ജീവന ക്കാരുടെ ആത്മവിശ്വാസം വീണ്ടെടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം അവരുടെ ആത്മവിശ്വാസം നേടിയെടുക്കാൻ, അവരുടെ പിൻതുണ നേടിയെടുക്കാൻ രാഷ്ട്രീയ വ്യത്യാസമില്ലാതെ, ഭരണപക്ഷ പ്രതിപക്ഷവ്യത്യാസമില്ലാതെ ട്രേഡ് യൂണിയൻ ഒറ്റക്കെട്ടായി ഈ ഭരണത്തിന്റെ കൂടെ നിൽക്കുന്നതുകൊണ്ടാണ് ഇത്രയും മെച്ചം ഇവിടെ ഉണ്ടാക്കാൻ കഴിഞ്ഞത്. അവിടെ രാഷ്ട്രീയ പരിഗണനയില്ല. രാഷ്ട്രീയമായ ഒരു കാര്യത്തിലും ഞാൻ ഒരു ട്രേഡ് യൂണിയനേയും സഹായിക്കുന്നില്ല. സഹായിക്കുന്നു എന്ന പരാതികൾ കേൾക്കുന്നുമില്ല. സഹായിക്കുന്നില്ല എന്ന പരാതിമാത്രമേയുള്ളൂ. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഞാൻ ഒന്നായി കാണുന്നു. അവർ ഒരു പാർട്ടിയുടെയും അംഗങ്ങളായി ഞാൻ കാണുന്നില്ല. അവരെ ട്രേഡ് യൂണിയന്റെ അടിസ്ഥാനത്തിൽ വേർതിരിച്ച് സ്ഥലംമാറ്റമടക്കമുള്ള കാര്യങ്ങൾ ചെയ്യാൻ എനിക്ക് താൽപ്പര്യമില്ല. അതു ചെയ്യുന്നില്ല എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഏതാണ്ട് 1985 മുതൽ കെട്ടിക്കിടക്കുന്ന കേസുകളിൽ പണം കൊടുക്കാൻ കോടതി ഉത്തരവായി. എം. എ. സി. ടി. കേസുകൾക്ക് ഒരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലും കൊല്ലം ജില്ലയിലും മാത്രമായി നാലു കോടതികളിൽ നടന്ന എം. എ. സി. ടി. കേസുകൾക്ക് അദാലത്തുപ്രകാരം തീർപ്പുകൽപ്പിച്ചപ്പോൾ 2 കോടി 11 ലക്ഷം രൂപ കൊടുക്കാനുള്ള ഉത്തരവ് നടപ്പിലാക്കുകയും അതിനുള്ള പണം ബാങ്കുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കോടതിയുടെ നിർദ്ദേശപ്രകാരം വരുന്ന ചെക്കുകൾ ഇനി പാസ്സായിപ്പോകും. ഈ നാലു സെന്ററുകളിലെ കേസുകൾ മാത്രം കഴിയുമ്പോൾ കെ.എസ്.ആർ.ടി.സി. ക്ക് 70 ലക്ഷം രൂപയുടെ ലാഭമാണ് ഈ കേസ്സുകളിലുണ്ടായിരിക്കുന്നത്. ഈ കേസുകളിൽ വിധി വാങ്ങിയ ആളുകൾ പലിശ വേണ്ടെന്നു പറഞ്ഞുകൊണ്ടും പലിശത്തുക കുറച്ചു നല്കിക്കൊണ്ടും 70 ലക്ഷം രൂപയുടെ നേട്ടം അതിൽക്കൂടിയുണ്ടാക്കാൻ കഴിയും. അതുപോലെത്തന്നെയാണ് പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം. പെൻഷൻപ്പറ്റിപ്പോയവൻ നമ്മുടെ കൂട്ടത്തിലുള്ളവനല്ല, അവൻ പുറത്തു പോകട്ടെ, അവന് വേറെയാരെങ്കിലും ശമ്പളം കൊടുക്കട്ടെ എന്നു പറയുന്ന രീതി നമുക്കു പറ്റില്ല, അത് ബുദ്ധിമുട്ടുള്ള കാര്യമാണ്. കെ. എസ്. ആർ. ടി. സി. യുടെ രീതിയനുസരിച്ച് കെ. എസ്. ആർ. ടി. സി. തന്നെയാണ് പെൻഷൻ കൊടുക്കേണ്ടത്. മറ്റൊരു സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും ഇങ്ങനെയുള്ള ബർഡനില്ല. ബംഗാളിൽ നൽകുന്നുണ്ട്, പക്ഷേ അത് സർക്കാരാണ് നൽകുന്നത്. ഇവിടെ കെ. എസ്. ആർ. ടി. സി. തന്നെ അതിനുള്ള പണം കണ്ടെത്തണം. 1999 നവംബർ



LIBRARY ARCHIVES Kerala Legislative Assembly

Page 72 of 94

മാസത്തിനു ശേഷം പെൻഷനായ ആർക്കും ഒരു പൈസയും കൊടുത്തിട്ടില്ല. കുടിശ്ശിക കിടക്കുകയാണ്. അതിന്റെ പേരിൽ ഒരു ദിവസം 300-ഉം 350-ഉം കേസുകളാണ് ഹൈക്കോടതിയിൽ വന്നുകൊണ്ടിരിക്കുന്നത്. ഈ കേസുകൾക്ക് കെ. എസ്. ആർ. ടി. സി. യുടെ വക്കീലിനെ വച്ചാൽ 1000 രൂപ ഒരു കേസിനു കൊടുക്കണം. അപ്പോൾ എത്ര രൂപയാണ് ഒരു ദിവസം വക്കീലിന് കൊടുത്തുകൊണ്ടിരിക്കുന്നതെന്ന് അങ്ങ് ആലോചിക്കണം. അതവസാനിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ തന്നെ അപ്പിയർ ചെയ്തിട്ടാണ് ആ കേസ് വാദിച്ചത്. അതിനുശേഷം കോടതിയുമായി ഒരു സെറ്റിൽമെന്റുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. വരുമാനത്തിന്റെ 10 ശതമാനം അവരുടെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുകയാണ്, അത് തൊടാൻ പാടില്ല. അത് അടച്ചുകഴിഞ്ഞാൽ ആ പണം ജീവനക്കാർക്ക് വീതിച്ചുകൊടുക്കുകയാണ്. അങ്ങനെ വരുമ്പോൾ പെൻഷൻ പറ്റിയ ആളുകളുടെ പരാതികളും തർക്കങ്ങളും കോടതിയിൽ അവസാനിച്ചു എന്നുമാത്രമല്ല ഏതാണ്ട് 2000 ആഗസ്റ്റു മാസം വരെയുള്ള അവരുടെ കുടിശ്ശിക മുഴുവൻ, മറ്റു തടസ്സങ്ങളൊന്നും വന്നില്ലെങ്കിൽ ഇന്നത്തെ നിലയിൽ മുന്നോട്ടുപോയാൽ ഒരു ആറേഴുമാസംകൊണ്ടു കൊടുത്തുതീർക്കാൻ കഴിയും. അതുപോലെത്തന്നെ ജീവനക്കാരുടെ പ്രോവിഡണ്ട് ഫണ്ടും റിക്കവറിയുമെല്ലാം പിടിച്ചെടുക്കുകയും വകമാറ്റി ചെലവാക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണ് കെ. എസ്. ആർ. ടി. സി. യിൽ നിലനിന്നിരുന്നത്. ഇന്നത് അവസാനിച്ചു, പ്രോവിഡന്റ് ഫണ്ട് കൊടുത്തു തുടങ്ങിയിരിക്കുന്നു. ഇതെല്ലാം വകമാറ്റി ചെലവുചെയ്തു എന്നാണ് പറയുന്നത്. ബസ്സ് വാങ്ങുന്നില്ല എന്നിവിടെ പറഞ്ഞു, ബസ് വാങ്ങാൻ എവിടെയാണ് പണം എന്നൊന്ന് കാണിച്ചുതന്നാൽ കൊള്ളാം. വാങ്ങിയതിന്റെ കാശ് ആരാണ് കൊടുത്തത് ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വാങ്ങിക്കൂട്ടി എന്നു പറയുന്ന ബസ്സുകളുടെ പണം ഇപ്പോഴും ബാക്കി കിടക്കുന്നു. അശോക് ലെയ്‌ലാൻഡിന്റെ കമ്പനികൾക്ക് 15 കോടി രൂപ കൊടുക്കാനുള്ളതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 9 കോടി രൂപ കടംവാങ്ങിയാണ് കൊടുത്തത്. അതുപോലെ ടാറ്റാ കമ്പനിക്ക് കൊടുക്കാനുള്ള 5 കോടി രൂപയിൽ 2 കോടി രൂപ ഇന്നലെ കടംവാങ്ങിയാണ് കൊടുത്തത്. വാങ്ങിയിട്ടാൽ പോരാ ഓടിക്കാൻ പഠിക്കണമെന്നുള്ളതുകൂടി ഇതിലൊരു വാസ്തവമുണ്ട്. അതുപോലെ രാഷ്ട്രീയ ഇടപെടലാണ് ഈ സ്ഥാപനത്തെ നശിപ്പിച്ചത് എന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മുൻമന്ത്രി ഇവിടെയുണ്ട്. അദ്ദേഹത്തിന്റെ മനസ്സാക്ഷിക്കറിയാം, അദ്ദേഹത്തിന്റെ ഇഷ്ടത്തിനതീതമായി കെ. എസ്. ആർ. ടി. സി. യുടെ ഭരണം തൊഴിലാളി യൂണിയനുകളുടേയും നേതാക്കളുടേയും പിടിയിലായിരുന്നു. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. തമ്പാനൂർ രവിപോലും അതൊന്നു കിട്ടിയാൽ കൊള്ളാമെന്ന ആഗ്രഹം പ്രകടിപ്പിച്ചത്. കൊടുക്കുന്നതിൽ എനിക്ക് വിരോധമൊന്നുമില്ല. പക്ഷേ തൽക്കാലം ജീവനക്കാർ കെ. എസ്. ആർ. ടി. സി. ഭരിക്കണ്ട. അതിന് മാനേജുമെന്റുണ്ട്, മാനേജുമെന്റ് ഭരിച്ചതിനുശേഷം ജീവനക്കാർ അതിൽ സഹകരിക്കുക. കർണാടക ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ കഴിഞ്ഞ കൊല്ലം 17 കോടി രൂപയുടെ ലാഭമുണ്ടായി. അതെങ്ങനെയാണെന്ന് ആലോചിക്കണം, ജീവനക്കാരുടെ സഹകരണം. ഇവിടെ ഒരാൾ 3 ഡ്യൂട്ടി ചെയ്യുന്ന സ്ഥാനത്ത് കർണാടക ട്രാൻസ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly

Page 73 of 94

കോർപ്പറേഷനിലെ ജീവനക്കാരൻ 5 ഡ്യൂട്ടിയാണ് ചെയ്യുന്നത്. താൻ ജോലി ചെയ്യുന്ന സ്ഥാപനം രക്ഷപ്പെടണമെന്ന് ജീവനക്കാരൻ ആഗ്രഹിക്കാതെ വേറെയാര് തലകുത്തി മറിഞ്ഞിട്ടും കാര്യമില്ല; എത്ര മിടുക്കൻ വന്നിട്ടും കാര്യമില്ല. 40 കോടി രൂപയോളം പെൻഷൻ ഇനത്തിൽ കൊടുക്കാൻ കഴിഞ്ഞു. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഇപ്പോൾ മറിച്ചു ചെലവാക്കുന്നില്ല. ഇവിടെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൃത്യമായി കൊടുക്കുന്നു, അവർക്ക് ശമ്പളം കൊടുക്കുന്നുണ്ട്. ഇവിടെ ഡി. എ. യുടെ കാര്യം പറഞ്ഞു, ഡി. എ. ഒന്നും ഇപ്പോൾ കൊടുക്കാൻ നിവൃത്തിയില്ല. സർക്കാരിന് എങ്ങനെയെങ്കിലും പണം കണ്ടെത്താം. ഞങ്ങൾ കളക്ഷനിൽ നിന്നുമല്ലാതെ എവിടെനിന്നുമാണ് പണം കണ്ടെത്തുന്നത് ? കഴിയുന്നിടത്തോളം പണം അതിനുവേണ്ടി കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. അതിലൊരുദാഹരണമാണ് ബി. ഒ. ടി. സ്കീമിൽ പല പദ്ധതികളും തുടങ്ങാൻ പറഞ്ഞത്. അതിന് ഏറ്റവും വലിയൊരു തുടക്കമെന്നുള്ള നിലയിൽ കോഴിക്കോട് ബസ്സ്റ്റേഷനിൽ 35 കോടി രൂപയുടെ ഒരു പദ്ധതി ഐ.സി.ഐ.സി.ക്കു വിധേയമായി സ്വകാര്യ നിക്ഷേപമുണ്ടാക്കാൻ പോകുന്നു. സ്വകാര്യനിക്ഷേപമെന്നുപറഞ്ഞാൽ കെ. എസ്. ആർ. ടി. സി. പ്രൈവറ്റ് പാർട്ടിക്ക് എഴുതിക്കൊടുക്കാൻ പോവുകയാണെന്നു പറഞ്ഞ് നാളെ മുതൽ ആരും സമരം തുടങ്ങണ്ട, ബി. ഒ. ടി. സ്കീമിൽ കെ. എസ്. ആർ. ടി. സി. യുടെ സ്വത്തായിക്കൊണ്ടുതന്നെ റിവോൾവിംഗ് റെസ്റ്റോറന്റടക്കമുള്ള അത്യന്താധുനിക സൗകര്യമുള്ള ഒരു 9 നില കെട്ടിടം, സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയൊരു ബസ്സ്റ്റേഷൻ കോഴിക്കോട് പണിയാനുള്ള പ്രാഥമിക പഠനങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുകയാണ്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകാൻ കെ. എസ്. ആർ. ടി. സി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യിൽ നിന്നും പണം മുടക്കാതെയാണ് അതു ചെയ്യുന്നത്. നമ്മൾ പ്രാഥമികമായി അല്പം പൈസ ചെലവാക്കേണ്ടി വരും, അതു ചെലവാക്കി പണി മുന്നോട്ടു പോകാൻ കഴിയും. ബഹുമാനപ്പെട്ട അംഗം കാസർഗോഡ് ജില്ലയിൽ തറക്കല്ലിട്ടിട്ട് എട്ടുകൊല്ലമായി എന്നുപറഞ്ഞു. ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ് ഇപ്പോൾ ജീവിച്ചിരിപ്പില്ല. അദ്ദേഹം മന്ത്രിയായിരിക്കുമ്പോൾ തുടങ്ങിവച്ച കണ്ണൂർ ബസ്സ്റ്റേഷനുവേണ്ടി വാങ്ങിയ പണംപോലും വകമാറി ചെലവാക്കി. നാട്ടുകാരിൽനിന്നും പിരിച്ച് കടമെടുക്കാമെന്നു പറഞ്ഞു വാങ്ങിയ കാശ് വകമാറ്റി ചെലവാക്കി. അതും ഇനി നമ്മൾ കണ്ടെത്തി പണിഞ്ഞ് കൈമാറേണ്ട സ്ഥിതിയിലാണ്. അത് പണിയാതിരുന്നാൽ അവർ കോടതിൽ പോകും, അതിനു ഫീസ് വേറെ കൊടുക്കേണ്ടിവരും. അതുകൊണ്ട് കണ്ണൂർ ബസ്സ് സ്റ്റേഷന്റെ പണിതീർക്കാൻ തീരുമാനിച്ചു. അതുപോലെ യാത്രക്കാരുടെ സൗകര്യത്തിന് എറണാകുളത്തെ ലേഡീസ് വെയിറ്റിംഗ് റൂം പോലെയുള്ള ധാരാളം പദ്ധതികൾ സ്പോൺസർഷിപ്പിൽ നടപ്പിൽ വരുത്തുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സ്ഥാപനങ്ങൾക്ക് 25 കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. അവർ ഡീസൽ തരത്തില്ലായിരുന്നു, അങ്ങേയ്ക്കറിയാം, ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ തന്നെ "ഡീസൽ കൊടുക്കുന്നത് നിർത്തിവച്ചിരിക്കുന്നു, വണ്ടികൾ നിന്നുപോയി " എന്ന് എല്ലാവരും പരാതിപ്പെട്ടതാണ്. ഇപ്പോഴത് പുനരാരംഭിച്ചു. അവർക്കു കൊടുക്കാനുള്ള പണം ബാങ്കിൽ നിക്ഷേപിച്ചിട്ടല്ല, കൃത്യമായി നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ഇട്ടുകൊടുക്കുകയാണ് ചെയ്യുന്നത്, ഡ്രാഫ്റ്റ് ഒന്നും എടുക്കുന്നില്ല. അന്നന്നുള്ള കാശ്

LIBRARY ARCHIVES Kerala Legislative Assembly

Page 74 of 94

അന്നന്നുകൊടുക്കുന്നതുകൊണ്ട് ഇപ്പോൾ അവരെക്കൊണ്ടുള്ള ശല്യമില്ല. ബാക്കിയെല്ലാ സ്ഥലത്തും ധാരാളം പണികൾ ഏറ്റെടുത്തു. തിരുവനന്തപുരത്തെ പ്രൈവറ്റ് കമ്പനികളെക്കൊണ്ട് സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ബസ്സ് സ്റ്റേഷൻ മാർബിളിട്ടു വൃത്തിയാക്കി. രണ്ടുകോടി രൂപയാണ് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഓഫർ ചെയ്തിരിക്കുന്നത്. കേരളം മുഴുവനുമുള്ള ബസ് സ്റ്റേഷനുകൾ പെയിന്റടിക്കാനും വൃത്തിയാക്കാനും വേണ്ടിയാണ് ഈ രണ്ടുകോടി രൂപ ഓഫർ ചെയ്തിരിക്കുന്നത്. അതുപോലെ ജീവനക്കാർക്കും യാത്രക്കാർക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനുവേണ്ടിയാണ് സർക്കാർ 5 കോടി രൂപ മാറ്റിവച്ചത്. ഈ 5 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി എത്രയും വേഗം റിലീസ് ചെയ്തുതന്നാൽ അത്രയും വേഗം ഈ ബസ്സ് സ്റ്റേഷനുകളുടെ മുഖച്ഛായ ഒരു വർഷംകൊണ്ട് മാറ്റാം. പിന്നെ വാഹനങ്ങൾ പലിശയ്ക്കാണ് വാങ്ങുന്നത്, അത് നഷ്ടത്തിൽ ഓടിക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ നിർബന്ധിക്കരുത്, അത് ബുദ്ധിമുട്ടാണ്. കാരണം 12 ശതമാനം പലിശയ്ക്കു വാങ്ങിയിട്ട് നഷ്ടത്തിൽ ഓടുന്നത് അത്ര യുക്തമായിരിക്കുകയില്ല എന്നുള്ളതുകൊണ്ടാണ് കഴിയുന്നതും ലാഭമുണ്ടാക്കണം. കോതമംഗലത്തെ ലൈറ്റ്നിംഗ് എക്സ്പ്രസ് വളരെ ലാഭകരമായി പോകുന്ന കാര്യം ബഹുമാനപ്പെട്ട ജോണി നെല്ലൂർ ഇവിടെ പറഞ്ഞു. അതിന് വളരെ നല്ല ഡിമാന്റുള്ളതുകൊണ്ട് അതിനുസമാന്തരമായി കോതമംഗലത്തുനിന്നും തിരുവനന്തപുരത്തേയ്ക്കുള്ള ലൈറ്റ്നിംഗ് എക്സ്പ്രസ് ആരംഭിക്കാനുള്ള നടപടിയായി.

മിസ്റ്റർ സ്പീക്കർ : മിനിസ്റ്റർ, ആരോപണത്തെക്കുറിച്ച് പറയാനുണ്ടെങ്കിൽ അത് പറയണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : മോട്ടോർ വാഹന വകുപ്പിൽ കംപ്യൂട്ടറൈസേഷൻ നടക്കുകയാണ്, അവിടെയാണ് ആരോപണം. ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ വരുന്ന പരിഷ്കരണമെന്നു പറയുന്നത് കംപ്യൂട്ടറൈസേഷനാണ്, കംപ്യൂട്ടറൈസേഷൻ വരുന്നതോടുകൂടി ഇത്തരം അഴിമതി ഇല്ലാതാക്കാൻ കഴിയും. ഇവിടെ പ്രസംഗിച്ച എല്ലാവരും ആർ. ടി. ഒ. ഓഫീസിലെ തൂണിനുവരെ കൈക്കൂലി കൊടുക്കണമെന്ന് സൂചിപ്പിച്ചു. അതൊരു യാഥാർത്ഥ്യം തന്നെയാണ്, അല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ ഈ അഴിമതി ആർ. ടി. ഒ. ഓഫീസിൽ നിന്നും ഒരു ദിവസംകൊണ്ട് അടിച്ചുപുറത്താക്കാൻ കഴിയുന്നതല്ലെന്ന് പ്രതിപക്ഷത്തിരിക്കുന്ന ആളുകളും കഴിഞ്ഞ 5 വർഷം കൊണ്ട് പരിശോധിച്ചു തെളിഞ്ഞ കാര്യമാണ്. പക്ഷേ ഇത് ഘട്ടം ഘട്ടമായി കുറച്ചുകൊണ്ടുവരാനും നിയന്ത്രിക്കാനും തീർച്ചയായും ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. അതിനുള്ള നടപടികൾ തീർച്ചയായും എടുക്കും. കംപ്യൂട്ടറൈസേഷൻ വരുന്നതോടുകൂടി അഴിമതി ഒരു പരിധിവരെ കുറയും. സമയബന്ധിതമായി കാര്യങ്ങൾ സാധിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാകും. അതുപോലെ 150 രൂപ ടാക്സ് അടയ്ക്കാൻ വേണ്ടി 50 രൂപ ഏജന്റിനു കൊടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കാൻ വേണ്ടി ഇത് ബാങ്കുകളിലേയ്ക്ക് മാറ്റുകയാണ്. സാധാരണക്കാരന് എപ്പോൾ വേണമെങ്കിലും ബാങ്കുകളിൽ പോയി ടാക്സ് അടയ്ക്കാൻ കഴിയുന്ന ഫ്രെണ്ട്സ് സെന്ററുകളിലുള്ളതുപോലുള്ള സംവിധാനമുണ്ട്, അതിന് ദേശസാൽക്കൃത ബാങ്കുകളും സ്വകാര്യ ബാങ്കുകളും രംഗത്തുവന്നിട്ടുണ്ട്, ഇത് അവരെ ഏൽപ്പിക്കാനുള്ള നടപടിയായി. ഈ മാസം

LIBRARY ARCHIVES Kerala Legislative Assembly

Page 75 of 94

അല്ലെങ്കിൽ അടുത്തമാസം അത് നിലവിൽ വരും, അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിനുള്ള ടാക്സ് കൂപ്പണുകളെല്ലാം പ്രിന്റിംഗിനു കൊടുത്തിരിക്കുകയാണ്. അതുപോലെ റോഡ് സുരക്ഷാ കാര്യങ്ങളെ സംബന്ധിച്ച് ഒരു അതോറിറ്റി രൂപീകരിക്കാനും കേരളത്തിൽ അപകടങ്ങൾ കുറയ്ക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആ അതോറിറ്റി നിലവിൽ വരുന്നതോടുകൂടി അപകടങ്ങൾ കുറയ്ക്കാൻ കഴിയും. അതുപോലെ എമർജൻസി സീറ്റ് ഏർപ്പെടുത്തുമെന്ന് ഈ നിയമസഭയിൽ പറഞ്ഞ വാക്കുകളും ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞ വാക്കുകളും വളരെ കൃത്യമായി ചെയ്ത് മുന്നോട്ടുപോകാൻ ഈ വകുപ്പിന് കഴിയുമെന്നുള്ള വിശ്വാസമുണ്ട്. ഇവിടെ ഒരു ആരോപണമുന്നയിച്ചത് തൃശ്ശൂർ ആർ. ടി. ഒ. ഓഫീസിൽ സ്ഥലം മാറ്റത്തിൽ വ്യാപകമായ അഴിമതി നടക്കുന്നു എന്നാണ്. നോംസ് തെറ്റിച്ചുകൊണ്ട് ആരെയെങ്കിലും മാറ്റിയിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് ട്രാൻസ്പോർട്ട് കമ്മീഷണർക്ക് പരാതി കൊടുക്കാം. ഏതുദ്യോഗസ്ഥനും കൊടുക്കാം, വഴിയേ പോകുന്നവർ കൊടുത്താൽ പറ്റുകയില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർക്ക് പരാതിയുണ്ടെങ്കിൽ അതിന്റെ ചുമതല വഹിക്കുന്ന ട്രാൻസ്പോർട്ട് കമ്മീഷണർക്ക് പരാതി കൊടുക്കാം. മുരളീധരൻ എന്ന ഒരു ആർ. ടി. ഒ. യെ തൃശ്ശൂരിൽ സസ്പെന്റ് ചെയ്തതിനെപ്പറ്റി ഇവിടെ പറഞ്ഞു. അയാളെ വിജിലൻസ് പിടിച്ചു എന്ന് ടി. വി. യിൽ കണ്ടുകൊണ്ട് അയാളെ സസ്പെന്റു ചെയ്യാനുള്ള അധികാരം എനിക്കില്ല, അതിന് കടലാസുകളുണ്ട്, അയാളെ കോടതിയിൽ ഹാജരാക്കി കോടതി ജാമ്യം കൊടുത്തു, പക്ഷേ നിങ്ങൾ പറഞ്ഞത് തെറ്റാണ്. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ ഇവിടെ പറഞ്ഞത് എന്താണ് ? 23-ാം തീയതി തന്നെ അയാളെ സസ്പെന്റു ചെയ്തുകൊണ്ടുള്ള ഉത്തരവാണിത്. വിജിലൻസ് റിപ്പോർട്ട് തരാതെ ഒരാളെ സസ്പെന്റുചെയ്യാൻ കഴിയില്ല. കുറ്റക്കാരനാണെന്ന് കണ്ടുപിടിക്കാനുള്ള അത്ഭുതപ്രതിഭാസമൊന്നും എന്റെ കൈയിലില്ല. കുറ്റക്കാരനാണെന്നു കണ്ടാൽ അയാളെ സസ്പെന്റു ചെയ്യും. പിന്നെ അയാളുടെ പെട്ടിയിൽ പാർട്ടിയുടെ കൂപ്പൺ കണ്ടുവെന്നാണ് പറയുന്നത്. കേരള സംസ്ഥാനത്ത് സർക്കാർ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് കാശ് പിരിപ്പിക്കുന്നതും സർക്കാർ ഉദ്യോഗസ്ഥൻമാരുടെ കൈയിൽ നിന്നും കാശ് പിരിക്കുന്നതും അവരെ വിട്ട് അബ്കാരികളുടെ കൈയിൽ നിന്നും കാശ് പിരിപ്പിക്കുന്നതും ആയ ആദ്യത്തെ പാർട്ടി ഇതാണോ? എന്റെ കയ്യിലിരിക്കുന്ന ഇത് ആരുടെ കൂപ്പണാണ്? ആരുടെ ചിഹ്നമാണ് ഇതിൽ അടിച്ചിരിക്കുന്നത് ? നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ വിറ്റ കൂപ്പൺ ഇനിയുമുണ്ട്. ഇതു മുഴുവൻ നിങ്ങളുടെ കൂപ്പണാണ്. ഞങ്ങളുടെ പാർട്ടി ഒരു ആർ. ടി. ഒ. ഓഫീസിലും പണംപിരിക്കാൻ അനുവദിച്ചിട്ടില്ല. വ്യാജ കൂപ്പൺ അടിച്ചുണ്ടാക്കി തൃശ്ശൂർ ആർ. ടി. ഒ. യെ ഏൽപ്പിച്ചു എന്നുപറഞ്ഞാൽ പാർട്ടിയുടെ ജില്ലാ പ്രസിഡന്റ് ....................(ബഹളം)................പാർട്ടിയുടെ ജില്ലാ പ്രസിഡന്റാണ് ഇത് ചെയ്തതെന്നു തോന്നും....................(ബഹളം)................പറഞ്ഞാൽ മറുപടി പറയാനുള്ള അവകാശം എനിക്കുണ്ട്. പാർട്ടിയുടെ പ്രസിഡന്റിനെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്നുതന്നെ പുറത്താക്കുകയും ചെയ്തു. ഇതിൽ കൂടുതൽ എന്താണ് ചെയ്യാൻ പറ്റുന്നത് ? കൂപ്പൺ അടിച്ചിറക്കി അവിടെനിന്നും പണം പിരിച്ചവരെ പുറത്താക്കാൻ ഇവർ തയ്യാറാണോ ?....................(ബഹളം)....................അവിടെനിന്നു



LIBRARY ARCHIVES Kerala Legislative Assembly

Page 76 of 94

പറയുമ്പോൾ പറയുന്നതിനു മറുപടി പറയാൻ അനുവദിക്കാതെ എഴുന്നേറ്റു നിന്നിട്ടു കാര്യമില്ല. അയാൾക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. പിന്നെ അയാളെ സ്ഥലം മാറ്റിയെന്നു പറയുന്നത്. എന്തിനാണ് അയാളെ സ്ഥലം മാറ്റിയെന്നു പറയുന്നത് ? കോടതി വിധി എന്താണ് ? ഇയാൾ തൃശ്ശൂർ ഓഫീസിൽ കയറാൻ പാടില്ലെന്നു കോടതി വിധി വന്നു. അയാളെ തിരുവനന്തപുരത്തേക്കു മാറ്റി. ഇവിടെ വലിയ പദവിയിലേക്കു മാറ്റി എന്നു പറയുകയുണ്ടായി. എവിടെയാണ് മാറ്റിയത് ? കെ. എസ്. ആർ. ടി. സി.യിൽ ബസ്സുകൾ മാത്രം രജിസ്റ്റർ ചെയ്യുന്ന നാഷണൽ സെക്ടറിലേക്കു മാറ്റി. സസ്പെന്റു ചെയ്യാനുള്ള നിർദ്ദേശം വന്ന ആ നിമിഷം തന്നെ മുൻകാല പ്രാബല്യത്തിൽ, സംഭവം നടന്ന ദിവസത്തെ തീയതി വച്ചുകൊണ്ടു തന്നെ സസ്പെന്റു ചെയ്തു. ഇതിൽ കൂടുതൽ എങ്ങനെയാണ് ചെയ്യാൻ കഴിയുക? അഴിമതി കുറയ്ക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ആ സ്ഥിതിക്ക് ഇത്തരത്തിലുള്ള അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ഇന്നലെ വരെ ഈ സഭയിൽ, ശ്രീ. എ. കെ. ആന്റണി നയിക്കുന്ന ഈ മന്ത്രിസഭയിൽ നിന്നും നീതിയും ന്യായവും നടത്തി സത്യസന്ധമായി ഭരണം മുന്നോട്ടു കൊണ്ടുപോകുന്നതുകൊണ്ടുള്ള അസൂയ മൂത്ത് ഈ ഗവൺമെന്റിനെതിരെ പറയാൻ ആയുധങ്ങളൊന്നുമില്ലാത്തതുകൊണ്ട് ഇന്ന് രണ്ടു മന്ത്രിമാർക്കുമെതിരെ ആരോപണങ്ങൾ എഴുതി കൊടുത്തിരിക്കുകയാണ്. നാളെ മുതൽ ധനാഭ്യർത്ഥനകൾക്കു മറുപടി പറയുന്ന മന്ത്രിമാർക്കെതിരെയും ഇതുപോലുള്ള കടലാസ്സ് അങ്ങേക്കു കിട്ടുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ ആരോപണം തെറ്റാണ്. വ്യക്തിപരമായ താൽപ്പര്യത്തിന്റെ പേരിൽ ഏതെങ്കിലും പത്രങ്ങളിൽ വരുന്ന വാർത്തകളെടുത്തുകൊണ്ട് സഭയിൽ വന്ന് അടിസ്ഥാന രഹിതങ്ങളായ ആരോപണങ്ങൾ ഉന്നയിക്കുന്നത് തെറ്റാണ്. ഇതു പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥന അംഗീകരിച്ചുതരണമെന്നു ബഹുമാനപ്പെട്ട സഭയോടു അഭ്യർത്ഥിക്കുന്നു.

## VII. ക്രമ പ്രശ്നം

ശ്രീ. എ. കെ. ബാലൻ : സർ, ഞാനൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. റൂൾ 297. ഞാൻ വായിക്കാം. ബഹുമാനപ്പെട്ട സ്പീക്കർ അതു കേട്ടതിനു ശേഷം റൂളിംഗ് നൽകിയാൽ മതി.

മിസ്റ്റർ സ്പീക്കർ : It is not your right. That is, with the permission of the Speaker.

ശ്രീ. എ. കെ. ബാലൻ : ഞാൻ വായിക്കുന്നതു കേട്ടിട്ട് റൂളിംഗ് നൽകിയാൽ മതി. Rule 297. If, in answer to a question or during debate a Minister discloses the advice or opinion given to him by any officer of the Government or by any other person or authority, he shall ordinarily lay the relevant document or parts of document containing that opinion or advice or a summary thereof on the Table. ഇവിടെ വായിച്ച ഈ കടലാസ് മേശപ്പുറത്തു വയ്ക്കണം. എന്താണ് അതിനുള്ള മറുപടി ?

മിസ്റ്റർ സ്പീക്കർ : ഞാൻ പറയാം...............(ബഹളം).............ഒരു പോയിന്റ് ഓഫ് ഓർഡറിനു റൂളിംഗ് അപ്പോൾ കൊടുക്കണമെന്നില്ല. ഞാനതു നോക്കാമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

Page 77 of 94

പറഞ്ഞത്. പ്രതിപക്ഷനേതാവിനും ശ്രീ. കോടിയേരിക്കും അക്കാര്യം അറിയില്ലേ? ഏതെങ്കിലുമൊരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ ഉടനെ റൂളിംഗ് നൽകണമെന്നുണ്ടോ ? അതിന്റെ ആവശ്യമില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ബഹുമാനപ്പെട്ട സ്പീക്കർ, പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ് ? ഒന്നുകിൽ റിജക്ടു ചെയ്യുക, അല്ലെങ്കിൽ റിസീവു ചെയ്യുക. ഇതിൽ ഏതെങ്കിലുമൊരു നിലപാട് എടുക്കണ്ടേ?

മിസ്റ്റർ സ്പീക്കർ : അതു പരിശോധിച്ചിട്ടു പറയാമെന്നാണ് ഞാൻ പറഞ്ഞത്. അതു പറയും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : എപ്പോഴെങ്കിലും പറഞ്ഞാൽ മതിയോ ? സൗകര്യം പോലെ ചെയ്താൽ മതിയോ ?

മിസ്റ്റർ സ്പീക്കർ : ഇപ്പോൾ അദ്ദേഹം വായിച്ച രേഖ എന്താണെന്ന് പരിശോധിച്ചതിനു ശേഷം കൊടുത്താൽ മതി. എല്ലാവർക്കും അറിയാവുന്നതാണല്ലോ പോയിന്റ് ഓഫ് ഓർഡറിന് റൂളിംഗ് അപ്പോൾ കൊടുക്കണമെന്നുള്ള പതിവില്ലെന്നുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ, അതിന് ഉടനെ റൂളിംഗ് കൊടുക്കണമെന്നില്ല. ഒരുപാട് പ്രീസിഡന്റുണ്ട്.

മിസ്റ്റർ സ്പീക്കർ : അത് എല്ലാവർക്കും അറിയാം.

## ധനകാര്യം—(തുടർച്ച)

ആരോഗ്യ വകുപ്പുമന്ത്രി ( ശ്രീ. പി. ശങ്കരൻ ) : സർ, ഭരണ പ്രതിപക്ഷ അംഗങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ആരോഗ്യ വകുപ്പ് ഒരു കുത്തഴിഞ്ഞ പുസ്തകമായിരുന്നു. ഈ വകുപ്പിൽ പരാതികളും ആക്ഷേപങ്ങളും ആരോപണങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരില്ല, പാരാമെഡിക്കൽ സ്റ്റാഫില്ല എന്നതിന്റെ പേരിൽ ആരോഗ്യകേന്ദ്രങ്ങൾ പലതും അടഞ്ഞു കിടക്കുകയായിരുന്നു. ഡോക്ടർമാരില്ലാതെ ആശുപത്രികൾ പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത ഒരു അവസ്ഥയായിരുന്നു. സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഏക അഭയ കേന്ദ്രങ്ങളായിരുന്നു ഈ ആശുപത്രികൾ. പക്ഷേ, പല ആശുപത്രികളും സമയത്ത് പ്രവർത്തിച്ചില്ല. ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏതാണ്ട് അറുന്നൂറോളം ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയായിരുന്നു. മൂന്നു മാസത്തിനുള്ളിൽ ഏതാണ്ട് മുന്നൂറോളം ഡോക്ടർമാരെ പി. എസ്. സി. മുഖാന്തിരവും തൊണ്ണൂറ്റി എട്ട് ഡോക്ടർമാരെ കോൺട്രാക്ടടിസ്ഥാനത്തിലും നിയമിച്ചു. അതിനുശേഷം പിന്നീടു വരുന്ന ഒഴിവുകളിലൊക്കെ അതാതു സമയത്ത് ഡോക്ടർമാരെ നിയമിച്ചു. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത അവസരത്തിൽ ഉണ്ടായിരുന്ന സ്ഥിതി ജീവൻ രക്ഷാ ഔഷധങ്ങൾപോലും ആശുപത്രിയിലുണ്ടായിരുന്നില്ല എന്നതാണ്. പഞ്ഞി ഉണ്ടായിരുന്നില്ല, തുണി ഉണ്ടായിരുന്നില്ല. ബാൻഡേജിനുള്ള തുണിപോലുമുണ്ടായിരുന്നില്ല. ഒരുതര

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുള്ള മരുന്നും ഒരു ആശുപത്രിയിലും ഉണ്ടായിരുന്നില്ല. അലോപ്പതി ആശുപത്രികളിൽ മാത്രമല്ല ആയുർവ്വേദ ആശുപത്രികളിലും ഡോക്ടർമാരോ മരുന്നോ ഉണ്ടായിരുന്നില്ല. 1999 മുതൽ 2001 വരെയുള്ള കാലഘട്ടത്തിൽ ഉണ്ടായിരുന്ന 91 കോടി രൂപ കുടിശ്ശിക ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് കൊടുത്തു തീർത്തത്. ഇതുചെയ്യാത്തവരാണ് ചോദിക്കുന്നത് "മരുന്ന് കിട്ടാൻ എന്തുകൊണ്ട് വൈകി"യെന്ന്. വാങ്ങിയ മരുന്നിനു കാശു കൊടുക്കാനില്ലാത്തതുകൊണ്ട് ആശുപത്രികൾക്കു മരുന്ന് കൊടുക്കുന്നത് മരുന്നു കമ്പനികൾ നിർത്തിവച്ചു. മരുന്നു കമ്പനികളോട് വിളിച്ച് ദയാപുരസ്സരം ഞാൻ പറഞ്ഞു, "നിങ്ങൾ മരുന്നു തരണം, ആറ് മാസത്തിനുള്ളിൽ നിങ്ങൾക്ക് കാശു തരുന്നതാണ്" എന്ന് പറയുന്ന കാര്യങ്ങൾ ചെയ്യുന്ന ഒരു ഗവൺമെന്റാണിത്. മുഖ്യമന്ത്രി സമരകാലത്ത് 30 കോടി രൂപ, സാമ്പത്തിക പ്രയാസമുണ്ടായിരുന്നിട്ടും, ശമ്പളം കൊടുക്കാൻപോലും ഇല്ലാതിരുന്ന അവസരത്തിൽ മരുന്നു കമ്പനികൾക്കു എത്രയും വേഗം കൊടുക്കാൻ നിർദ്ദേശിച്ചു. അങ്ങനെ 1999 മുതൽ 2001 വരെയുള്ള 91 കോടി രൂപയുടെ കുടിശ്ശിക കൊടുത്തു തീർത്തു. ഡോക്ടർമാരെ നിയമിച്ചു, ആശുപത്രികൾ പ്രവർത്തനോന്മുഖമാക്കി മുന്നോട്ടു കൊണ്ടുപോയി. കേരളത്തിൽ ഏതാണ്ട് 4,871 ഡോക്ടർമാർ മെഡിക്കൽ കോളേജിലും ഡി. എച്ച്. എസ്.-ലും ഉണ്ട്. ട്രാൻസ്ഫറുകളും പോസ്റ്റിംഗുമെല്ലാം പൂർണ്ണമായും നോംസിന്റെ അടിസ്ഥാനത്തിലാണ് നടന്നത്. ഇന്നുവരെ ഈ സംസ്ഥാനത്ത് ഏതെങ്കിലുമൊരു ഡോക്ടറോ ഡോക്ടർമാരുടെ സംഘടനയോ നേഴ്സുമാരുടെ സംഘടനയോ പാരാമെഡിക്കൽ സ്റ്റാഫോ ഒരു ആരോപണവും മന്ത്രിക്ക് എതിരായോ മന്ത്രിയുടെ ഓഫീസിനെതിരായിട്ടോ ഉന്നയിച്ചിട്ടില്ല. ഏതെങ്കിലുമൊരാൾക്ക് അങ്ങനെ തന്റേടത്തോടുകൂടി, അടിസ്ഥാനപരമായി ഒരു ആരോപണം ഉന്നയിക്കാൻ സാധിക്കുമെങ്കിൽ എന്തും ചെയ്യാൻ തയ്യാറാണ് എന്ന് ഈ സഭയുടെ മുൻപാകെ തീർത്തും പറയാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പുലർത്തിക്കൊണ്ട് നോംസ് പാലിക്കണമെന്ന് നിർബന്ധപൂർവ്വം ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടതാണ്. ഏതെങ്കിലുമൊരു ഡോക്ടർ ഒരു ഇടനിലക്കാരനെ കാണേണ്ടതില്ല. ഒരു രാഷ്ട്രീയപാർട്ടി നേതാക്കൻമാരേയും കാണേണ്ടതില്ല. നോംസിനെതിരായി എവിടെയെങ്കിലും നിയമനങ്ങളോ ട്രാൻസ്ഫറുകളോ പോസ്റ്റിംഗുകളോ നടന്നിട്ടുണ്ട് എങ്കിൽ നിങ്ങൾക്ക് മന്ത്രിയെ നേരിട്ട് ഫോണിൽ വിളിക്കാം. നിങ്ങൾ എന്നെ കാണണ്ട. എന്നോട് പറഞ്ഞാൽ മതി. ആരാണെങ്കിലും നിങ്ങളുടെ പ്രശ്നത്തിൽ നോംസ് വയലേറ്റു ചെയ്തുവെന്നു ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ ആർക്കെതിരെയാണെങ്കിലും നടപടിയെടുക്കുമെന്നു ഞാൻ പറഞ്ഞതാണ്. ആത്മാർത്ഥതയോടുകൂടിയാണ് ഞാൻ പറഞ്ഞത്. അതേസമയത്ത് നോംസ് തെറ്റിയിട്ടുണ്ട്. എവിടെ? എം. എൽ. എ.മാർ എന്റെ അടുത്തുവന്നു പറഞ്ഞാൽ ; ആർക്കൊക്കെ ട്രാൻസ്ഫർ കൊടുത്തു, എവിടെയൊക്കെ കൊടുത്തു, മുഴുവൻ റിക്കോർഡുകളും എന്റെ കമ്പ്യൂട്ടറിൽ ഫീഡു ചെയ്തിട്ടുണ്ട്. ഒരാൾക്കും എന്നെ പറ്റിക്കാൻ സാധിക്കില്ല. കാശുവാങ്ങിയിട്ടാണ് ഒരു എം. എൽ. എ. അല്ലെങ്കിൽ ഒരു പൊതു പ്രവർത്തകൻ എന്റെ അടുത്ത് ശുപാർശയുമായി വന്ന

LIBRARY ARCHIVES Kerala Legislative Assembly

Page 79 of 94

തെങ്കിൽ, അയാളുടെ വാക്കുമാനിച്ച് ഞാൻ നോംസ് വയലേറ്റു ചെയ്തുകൊടുത്തു വെങ്കിൽ അതിനുത്തരവാദി അയാളാണ്, ഞാനല്ല. ആരോഗ്യമന്ത്രിയേയോ ഉദ്യോഗ സ്ഥൻമാരെയോ അതിനു പഴി പറയരുത്. ഇതുവരെ ആരോപണമുണ്ടായിട്ടില്ല. അതു കൊണ്ടുതന്നെ ആരോപണവുമില്ല. ഞാൻ എന്റെ ഹൃദയം തുറന്ന് സത്യം വെളിപ്പെ ടുത്തുന്നുവെന്നുമാത്രം. ഞാൻ എന്റെ 12-ാമത്തെ വയസ്സിൽ രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയതാണ്. വിമോചനസമരകാലത്ത് ഇവരുടെ സർക്കാരിനെതിരെ ആദ്യമായി സമരരംഗത്തിറങ്ങിയ ഒരു ബാലനായിരുന്നു ഞാൻ. അന്നുമുതൽ ഇന്നുവരെയുള്ള എന്റെ രാഷ്ട്രീയ പ്രവർത്തനത്തിൽ അഴിമതിയുടെ ചെളി പുരളാതിരിക്കുവാൻ ശ്രമി ച്ചിട്ടുണ്ട്. ഇന്നുവരെ എനിക്കതു നടത്താൻ സാധിച്ചിട്ടുണ്ട്. എന്റെ വകുപ്പിനുണ്ടായ നേട്ടങ്ങൾ, വേദനകൊണ്ട് എനിക്ക് പറയാൻ സാധിക്കുന്നില്ല. ഇവിടെ ഉന്നയിച്ച തന്തയില്ലാത്ത രണ്ട് ആരോപണങ്ങൾ അടിസ്ഥാനരഹിതമായ ആരോപ ണങ്ങൾ........................(ബഹളം).....................ആ പദപ്രയോഗം ഞാൻ പിൻവലിക്കുന്നു.

മി. സ്പീക്കർ : അദ്ദേഹം പിൻവലിച്ചുവെന്നു പറഞ്ഞില്ലേ?

ശ്രീ. പി. ശങ്കരൻ : സർ, ഞാൻ ആ പദപ്രയോഗം പിൻവലിക്കുന്നു.

(ബഹളം......................)

മി. സ്പീക്കർ : അദ്ദേഹം പിൻവലിച്ചുവെന്ന് പറഞ്ഞില്ലേ? (ബഹളം..................) "തന്തയില്ലാത്ത ആരോപണം" എന്നാണ് പറഞ്ഞത്. അത് അദ്ദേഹം പിൻവലിച്ചു. പിന്നെ എന്തുവേണം. അദ്ദേഹം പിൻവലിച്ചു. പിന്നെ ഞാൻ എന്തുവേണം ? അത ല്ലാതെ ബഹുമാനപ്പെട്ട എം. എൽ. എ.മാർക്ക് ആർക്കും തന്തയില്ല എന്ന് അദ്ദേഹം പറഞ്ഞില്ല. തന്തയില്ലാത്ത ആരോപണം എന്നാണ് പറഞ്ഞത്. അത് രണ്ടും രണ്ടല്ലേ?

ശ്രീ. പി. ശങ്കരൻ : ആ പദപ്രയോഗം ഞാൻ പിൻവലിക്കുന്നു. ഞാൻ ഉദ്ദേശി ച്ചത്...............(ബഹളം).............. ഞാൻ അങ്ങനെ പറഞ്ഞുപോയതാണ്. ഞാൻ പിൻവ ലിച്ചിരിക്കുന്നു. ഞാൻ പറഞ്ഞത് ഈ ആരോപണത്തിന് അടിസ്ഥാനമില്ല എന്നുള്ള അർത്ഥത്തിലാണ്. അല്ലാതെ അതിന് മറ്റ് യാതൊരു അർത്ഥവുമില്ല. ഞാൻ പറഞ്ഞ തിന്റെ അർത്ഥം ഈ പറഞ്ഞ കാര്യങ്ങൾക്ക് അടിസ്ഥാനമില്ല എന്നുള്ളതാണ്. ഒരു പ്രസംഗ ഭാഷയിൽ അങ്ങനെ പറഞ്ഞുപോയി എന്നേയുള്ളൂ. വികാരപരമായിട്ട് അങ്ങനെ പറഞ്ഞുപോയി എന്നേയുള്ളൂ. അത് ആരെയെങ്കിലും വേദനിപ്പിച്ചുവെങ്കിൽ ഞാൻ മാപ്പു ചോദിക്കുന്നു. എനിക്ക് അതിൽ അൽപ്പംപോലും പ്രയാസമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രംഗത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. ഞാൻ അത് ആവർത്തിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അഞ്ച് മെഡിക്കൽ കോളേജുകൾ, 3 ആയുർവ്വേദ മെഡിക്കൽ കോളേജുകൾ, 19 നേഴ്സിംഗ് കോളേജുകൾ അതുപോലെ ഈ രംഗത്തുണ്ടായ ഒട്ടനവധി നേട്ടങ്ങളെ ക്കുറിച്ച് ഇവിടെ പറഞ്ഞു. അതുപോലെതന്നെ ഞാൻ ഈ ചുരുങ്ങിയ കാലത്തി നിടയ്ക്ക് 44 ആശുപത്രികൾ സന്ദർശിച്ചു. ആ ആശുപത്രികളിലൊന്നും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല എന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ഗവൺമെന്റിനെ സംബന്ധിച്ചിട ത്തോളം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ഇന്നത്തെ സാമ്പത്തിക പരിധി യിൽ നിന്നുകൊണ്ട് ആവുന്ന എല്ലാ പരിശ്രമങ്ങളും ചെയ്തു. ഡോക്ടർമാർ ഇല്ലാത്ത ആശുപത്രികൾ ഏതൊക്കെയാണെന്ന് ഐഡന്റിഫൈ ചെയ്തു കഴിഞ്ഞാൽ ഉടനെ



LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഡോക്ടർമാരെ എത്തിക്കാനുള്ള സംവിധാനങ്ങൾ ചെയ്യുന്നുണ്ട്. 141-ഓളം പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. ആ പോസ്റ്റുകളിലേക്ക് പി. എസ്. സി. മുഖേന നിയമനം നടത്തണമെന്ന് പി. എസ്. സി.-യോടും ആവശ്യപ്പെട്ടിരിക്കുകയാണ്. എല്ലാ കാര്യത്തിലും സുതാര്യത ഉറപ്പുവരുത്തിക്കൊണ്ടുള്ള നീക്കങ്ങളാണ് ആരോഗ്യ വകുപ്പിൽ നടക്കുന്നത്. ആ കാര്യത്തിൽ ആർക്കും സംശയം വേണ്ട. ഭരണപക്ഷത്തുള്ള വരായാലും പ്രതിപക്ഷത്തുള്ളവരായാലും അവരെ രണ്ടായി കാണാതെ ന്യായമായ കാര്യങ്ങളാണെങ്കിൽ അത് സാധിച്ചു കൊടുക്കുക എന്നുള്ളതാണ് എന്റെ സമീപനം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. പി. കെ. കെ. ബാവ സൂചിപ്പിച്ചു, മഞ്ചേരി ആശുപത്രി മാതൃകയായിരിക്കണമെന്ന്. ആ മഞ്ചേരി ആശുപത്രിയിൽ ആദ്യം പോയി അവിടുത്തെ സ്ഥിതി കണ്ട ആളാണ് ഞാൻ. അതിനുശേഷം അവിടുത്തെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരെ വിളിച്ചു. എം. എൽ. എ. മാരെ വിളിച്ചു. അവരോട് കാര്യങ്ങൾ പറഞ്ഞു. ജനപ്രതിനിധികളുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു യോഗം വിളിച്ച് എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്യണമെന്ന് പറഞ്ഞു. അത് അവിടെ ആദ്യം നടപ്പിലാക്കി. അതേ പരിപാടി തിരുവനന്തപുരത്തു നടപ്പിലാക്കാൻ ഹിന്ദുസ്ഥാൻ ലാറ്റക്സ് 50 ലക്ഷം രൂപ തന്നു. കേരളാ ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 50 ലക്ഷം രൂപ തന്നു. Alumni കമ്പനി 26 ലക്ഷം രൂപ തന്നു. അതിനു പുറമേ പത്തിരുപത് ലക്ഷം രൂപ പല സംഘടനകളും തന്നു. ഏതാണ്ട് ഒന്നരക്കോടിയോളം രൂപ പിരിച്ചുകൊണ്ട് ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ ഇപ്പോൾ പ്രവർത്തിച്ചു വരികയാണ്. ചികിൽസാഫീസ് പിൻവലിച്ചു എന്ന് ഞാൻ ഖേദത്തോടുകൂടി പറയുന്നു. ഇപ്പോഴും അതിൽ എനിക്ക് ഖേദമുണ്ട്. വേറൊന്നുംകൊണ്ടല്ല, മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏതാണ്ട് 50,000 രൂപ ഔട്ട് പേഷ്യന്റിൽ നിന്നും ഇൻപേഷ്യന്റിൽനിന്നുമായി ഒരു ദിവസംകൊണ്ട് ലഭിക്കുന്നു. അങ്ങനെ 30 ദിവസം ലഭിക്കുകയാണെങ്കിൽ ഏതാണ്ട് 15 ലക്ഷം രൂപ കിട്ടും. ഒരു കൊല്ലമാകുമ്പോൾ 1 കോടി 80 ലക്ഷം രൂപ കിട്ടും. ഈ പരിപാടി അനുസരിച്ച് ഇപ്പോഴത്തെ ഡി. എച്ച്. എസ്. ഡോക്ടർ വി. കെ. രാജൻ സൂപ്രണ്ട് ആയിരുന്ന കാലത്ത് മാനന്തവാടിയിൽ 28 ലക്ഷം രൂപ ചെലവാക്കി ഒരു കാഷ്വാലിറ്റി പണിതു. വെറും ഇങ്ങനെയുള്ള ചികിൽസാ ഫീസിൽക്കൂടി ഒരു രൂപയും രണ്ട് രൂപയും കിട്ടിയതാണ്. ഈ രംഗത്ത് ഏറ്റവും മാറ്റം ഉണ്ടാക്കാൻ പര്യാപ്തമായ ഒരു നടപടിയായിരുന്നു അത്. അതുകൊണ്ടാണ് ഞാൻ ദുഃഖമുണ്ട് എന്ന് പറഞ്ഞത്. എന്തായാലും ചികിൽസാ ഫീസ് പിൻവലിച്ചു. 1994-ലെ നിരക്കിലേക്ക് കൊണ്ടുവന്നു. നേരത്തെ 30 ശതമാനം ആൾക്കാർക്ക് മാത്രമായിരുന്നു സൗജന്യ ചികിൽസ ലഭിച്ചിരുന്നത്. ഇപ്പോൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും സൗജന്യ ചികിൽസ നടപ്പാക്കുന്ന ഒരു ഏർപ്പാട് ഗവൺമെന്റ് ചെയ്തു. അതുപോലെതന്നെ ബഹുമാനപ്പെട്ട എം. എൽ. എ. മത്തായി ചാക്കോയെ എച്ച്. ഡി. സി-യിൽ നിന്നും ഒഴിവാക്കിയത് ശരിയല്ല എന്ന് പറഞ്ഞു. അപ്പോൾ അത് പരിശോധിക്കാമെന്ന് ഞാൻ മറുപടിയും പറഞ്ഞു. അതിനുള്ള ഓർഡർ ഗവൺമെന്റ് ഇഷ്യൂ ചെയ്തു കഴിഞ്ഞു. ഓർഡർ വായിക്കാനുള്ള സമയം ഇല്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പറഞ്ഞാൽ മതി.

ശ്രീ. പി. ശങ്കരൻ : അഞ്ച് മെഡിക്കൽ കോളേജുകളിലും എല്ലാ എം. എൽ. എ. മാരേയും എം. പി.മാരേയും കമ്മിറ്റിയിൽ മെമ്പർമാരാക്കാനുള്ള ഓർഡർ ആണ് പുറപ്പെടുവിച്ചിരിക്കുന്നത്. പിന്നെ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള കെ. എച്ച്. ആർ. ഡബ്ലിയു. എസ്. ഏതാണ്ട് 32 ലക്ഷം രൂപ പ്രതിമാസം നഷ്ടം വരുത്തിക്കൊണ്ടിരുന്നു. ഇന്ന് ആ സ്ഥാപനത്തിന്റെ കീഴിലുള്ള പേവാർഡുകളെല്ലാം റിപ്പയർ ചെയ്തു. ഇപ്പോൾ നഷ്ടം വളരെ കുറഞ്ഞിരിക്കുകയാണ്. 10 കോടി രൂപ അതിന് കടമായി നൽകാമെങ്കിൽ ഏതാണ്ട് 3 മാസംകൂടി കഴിഞ്ഞാൽ 15 ലക്ഷം രൂപയോളം മാസത്തിൽ വരുമാനം ഉണ്ടാക്കാൻ സാധിക്കും എന്നാണ് പറയുന്നത്. നന്നാക്കാനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ആറുമാസംകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലായി. പല ആശുപത്രികളോടും അനുബന്ധിച്ചുള്ള പേവാർഡുകളും ഇപ്പോൾ പ്രവർത്തനക്ഷമമായി. ഇനിയും പത്തുമുപ്പത് പേവാർഡുകൾകൂടി പ്രവർത്തനക്ഷമമാകാനുണ്ട്. 88-ഓളം പേവാർഡുകളാണ് ഉള്ളത്. അൻപതോളം ഇപ്പോൾ പ്രവർത്തനക്ഷമമായി. ബാക്കികൂടി പ്രവർത്തനക്ഷമമായിക്കഴിഞ്ഞാൽ അതിന്റെ ലാഭം മെച്ചപ്പെടും എന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ തന്നെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക്സിന്റെ പ്രവർത്തനോദ്ഘാടനം കഴിഞ്ഞു എങ്കിലും ഞാൻ ഉദ്ദേശിച്ച അത്ര വേഗത്തിൽ അതിന്റെ പ്രവർത്തനം നടന്നില്ല. എന്തായാലും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഹെൽത്ത് ഫൗണ്ടേഷന് 1 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രൈവറ്റ് പാർട്ടിസിപ്പേഷനെക്കുറിച്ച് തെറ്റിദ്ധാരണയുണ്ട്. വാസ്തവത്തിൽ അതിന് അടിസ്ഥാനമില്ല. പ്രൈവറ്റ് പാർട്ടി എന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്, സംഘടനകളോ വ്യക്തികളോ ആർക്ക് വേണമെങ്കിലും പാർട്ടിസിപ്പേഷനായിട്ട് യൂണിറ്റുകൾ തുടങ്ങാം. അതല്ലെങ്കിൽ മെഷീൻ വാങ്ങിച്ചു വയ്ക്കാം. ആ മെഷീൻ വാങ്ങിച്ചുവച്ചു കഴിഞ്ഞാൽ അതിന്റെ ലാഭ വിഹിതം തീരുമാനിക്കുന്നത് ആശുപത്രി വികസന സമിതികളാണ്. ആ ആശുപത്രി വികസന സമിതി തീരുമാനിച്ചശേഷം ഗവൺമെന്റിലേക്ക് അയച്ചാൽ ഗവൺമെന്റിന്റെ ഒരു സമിതി പരിശോധിച്ചതിനുശേഷം മാത്രമേ അതിന് അംഗീകാരം നൽകുകയുള്ളൂ. അതു മാത്രമല്ല, ഒരു കാലയളവ് വച്ച് (10-25 കൊല്ലത്തിനുള്ളിൽ) അത് ഗവൺമെന്റിന്റേതാകും.

ശ്രീ. ബിനോയ് വിശ്വം : മന്ത്രി ഇവിടെ സ്വകാര്യ പങ്കാളിത്തത്തെപ്പറ്റി പറഞ്ഞു. യാതൊരു ഉപാധികളും ഇല്ലാതെ അമേരിക്കയിലെ മലയാളികൾ കേരളത്തിലെ ആരോഗ്യ രംഗത്തെ സഹായിക്കാൻവേണ്ടി നമുക്ക് അയച്ചുതന്ന കോടിക്കണക്കിനു രൂപ വിലവരുന്ന ഉപകരണങ്ങൾ ഇവിടെ കെട്ടിക്കിടപ്പുണ്ട്. അത് ഒന്ന് വാങ്ങിക്കാനുള്ള നീക്കം നടത്തുമോ?

ശ്രീ. പി. ശങ്കരൻ : ഇത്തരം ഒരു വിവരം ഗവൺമെന്റിന് കിട്ടിയാൽ ആവശ്യമായ നടപടി സ്വീകരിക്കാം. ഫൊക്കാന എടുത്ത് അയച്ചുതന്ന ഉപകരണങ്ങൾ വാങ്ങാൻ വേണ്ടിയുള്ള നടപടികൾ ചെയ്തു കഴിഞ്ഞു. ഇപ്പോൾ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഗവൺമെന്റിന് പല പരിമിതികളും ഉണ്ടെങ്കിലും ഗവൺമെന്റ് പ്രീമിയം 293 രൂപ ആയിരുന്നത് 250 ആയി കുറച്ചു. നാല് കമ്പനി

Page 82 of 94

കളാണ് അതിൽ ക്വാട്ട് ചെയ്തത്. അതിൽ ഒരു കമ്പനിയെ തെരഞ്ഞെടുത്തു. യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയാണത്. 250 രൂപ പ്രീമിയമാണ്. ഇതിൽ 20,000 രൂപ വരെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് സൗജന്യ ചികിൽസ നൽകുന്ന പദ്ധതിയാണ്. ഈ പദ്ധതി വിജയിപ്പിക്കാൻ സാധിക്കും എന്നാണ് എന്റെ വിശ്വാസം.

അതുപോലെ ട്രോമാ കെയർ യൂണിറ്റ്, നാഷണൽ ഹൈവേയിലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ട്രോമാ കെയർ ബൂത്തുകൾ റോട്ടറി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. എന്റെ ഓർമ്മ ശരിയാണെങ്കിൽ 15-ഓളം ബൂത്തുകൾ ഇതിനകം തുടങ്ങിക്കഴിഞ്ഞു. 27 ബൂത്തുകൾ സ്ഥാപിക്കും എന്നാണ് പറഞ്ഞത്. പിന്നെ Karolinska Institute, സ്വീഡനിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഇൻസ്റ്റിറ്റ്യൂട്ടാണ്. അവിടെ നിന്നുള്ള ഡോക്ടർമാർ കേരളത്തിലേക്കും, കേരള ത്തിൽനിന്നുള്ള ഡോക്ടർമാർ അങ്ങോട്ടേക്കും പോകാനുള്ള ഒരു എക്സ്ചേഞ്ച് പ്രോഗ്രാമിന് ഗവൺമെന്റ് തുടക്കം കുറിച്ചു കഴിഞ്ഞു. അതനുസരിച്ച് ഡോക്ടർമാർ അവിടെപ്പോയി പഠനം നടത്തുന്നു, അവിടെയുള്ള ഡോക്ടർമാരും നേഴ്സുമാരും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വന്ന് പഠനം നടത്തുന്നു. അതിനുള്ള ചെലവ് മുഴുവനും വഹിക്കുന്നത് Karolinska Institute-ഉം സ്വീഡിഷ് ഗവൺമെന്റു മാണ്. ഇവിടെ 104 കെട്ടിടങ്ങൾ നിർമ്മിച്ചു, അത് പ്രവർത്തനക്ഷമമല്ല എന്നുപറ ഞ്ഞു. ശരിയാണ് 104 കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. എന്തുചെയ്യാനാണ് സാമ്പത്തിക പ്രതിസന്ധി തന്നെയാണ് കാരണം. അതിന് എല്ലാവരും സഹകരിച്ചുകഴിഞ്ഞാൽ ആശുപത്രി വികസനസമിതിയും മറ്റു പൊതുജന പങ്കാളിത്തത്തോടുകൂടിയും പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ അക്കാര്യത്തിൽ മുന്നോട്ടുപോകാൻ നമുക്കു സാധിക്കും എന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്. തൃശ്ശൂർ മെഡിക്കൽ കോളേ ജിൽ കഴിഞ്ഞവർഷം ഈ സാമ്പത്തിക പരാധീനതകളൊക്കെ ഉണ്ടായിട്ടും, രണ്ടരക്കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ അനുവദിച്ചതെങ്കിലും കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുവേണ്ടി, 9 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്ത് അതിന്റെ പണികൾ ത്വരിതഗതിയിലാക്കാനുള്ള നടപടികൾ കഴിഞ്ഞ വർഷംതന്നെ സ്വീകരിച്ചതാണ്. പിന്നെ 45,000-നും, 50,000-നും ഇടയ്ക്ക് ജീവനക്കാരുള്ള ഒരു സ്ഥാപനത്തിൽ സാധാരണഗതിയിൽ ഒഴിവുണ്ടാകുക സ്വാഭാവികം മാത്രമാണ്. ആ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് ഇതിനകം സ്വീക രിച്ചിട്ടുണ്ട്. എഴുതിത്തന്ന ആരോപണങ്ങൾക്ക് മറുപടി പറയാനാണ് ഞാൻ ബാക്കി സമയം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. സമയം കുറവായതുകൊണ്ട് പല കാര്യ ങ്ങളെക്കുറിച്ചും ഇപ്പോൾ പറയാൻ സാധിക്കാതെ വന്നിരിക്കുകയാണ്.

മി. സ്പീക്കർ : എഴുതി തന്നതാണെങ്കിലും ഇവിടെ ഉന്നയിച്ച ആരോപണ ത്തിന് മാത്രം മറുപടി പറഞ്ഞാൽ മതി.

ശ്രീ. പി. ശങ്കരൻ : ഈ ആരോപണങ്ങളെ ആദ്യമായിട്ടുതന്നെ ഞാൻ നിഷേധി ക്കുകയാണ്. അതിൽ ശ്രീ. രാജൻ ഉന്നയിച്ചതിനും, അതുപോലെ ശ്രീ. തോമസ് ഐസക് ഉന്നയിച്ച ആരോപണങ്ങൾക്കും ഞാൻ വലിയ പ്രാധാന്യം നൽകുന്നില്ല. കാരണം ആരോപണത്തിനുവേണ്ടി മാത്രം ഉന്നയിച്ച ആരോപണമായിട്ടു മാത്രമേ ഞാൻ അവയെ കാണുന്നുള്ളൂ. ആശുപത്രിയിൽ കണ്ണൂരും കോഴിക്കോട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഡി. എം. ഒ.-ക്കു പുറമേ രണ്ട് ആൾക്കാരെ നിയമിച്ചു എന്നു പറഞ്ഞു. ഈ രണ്ട് ആൾക്കാരെ നിയമിച്ച കാര്യം ശരിയാണ്, അവിടെ ഇന്റർവ്യൂ നടത്തിയപ്പോൾ ആ രണ്ട് ആൾക്കാരെയും, അടിച്ചു പുറത്താക്കി. ഈ രണ്ട് ആൾക്കാരും ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരായി റിട്ടയർ ചെയ്തവരാണ്. കോഴിക്കോട് സത്യനാഥ് എന്നു പറയുന്ന ആള് ഏറ്റവും നല്ല സത്യസന്ധനും, നീതിമാനും ഒരുതരത്തിലും ഒരു അഴിമതിക്കും കൂട്ടു നിൽക്കാത്ത ആളുമാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഇടതുപക്ഷത്തുള്ള ആളുകൾക്കുപോലും അറിയാം. എന്റെ സ്നേഹിതൻ ശ്രീ. മത്തായി ചാക്കോവിനറിയാം, ശ്രീ. ബിനോയ് വിശ്വത്തിനറിയാം, ടി. പി. രാമകൃഷ്ണനറിയാം, എല്ലാവർക്കും അറിയാം. ടി. വി. രാമചന്ദ്രനെ കുറിച്ചും അറിയാം. പക്ഷേ ഇവരെ അവിടെ അടിച്ചു പുറത്താക്കി എന്നുള്ള വാർത്ത കിട്ടിയപ്പോൾ, എന്നാൽ പിന്നെ പുറത്തുള്ള ആൾക്കാർ വേണ്ട, ഇവർക്കും രാഷ്ട്രീയം ഉണ്ട്, നമുക്കും രാഷ്ട്രീയം ഉണ്ട്, ഇപ്പുറത്തിരിക്കുന്ന ഞങ്ങൾക്കും രാഷ്ട്രീയം ഉണ്ട്. അപ്പോൾ സർവ്വീസിലുള്ള ആൾക്കാരെത്തന്നെ വയ്ക്കാം എന്ന് തീരുമാനിച്ച ആ ഓർഡർ പിൻവലിച്ചിട്ട് പുതിയ ഒരു ഓർഡർ ഇറക്കി. അതിൽ ഇപ്പോൾ സർവ്വീസിലുള്ള ഡി. എം. ഒ. വിന്റെ അതേ സ്റ്റാറ്റസ് ഉള്ള രണ്ട് ആൾക്കാരെ വയ്ക്കാൻ തീരുമാനിച്ചു. അത് തെറ്റാണെന്ന് ആരും പറയില്ല, കാരണം പൊതുമേഖലാ സ്ഥാപനങ്ങളിലൊക്കെ യാതൊരു മാനദണ്ഡവുമില്ലാതെ ഒരു നോംസും പാലിക്കാതെ നിയമനം നടത്തിയ ആൾക്കാരാണ് ഇപ്പോൾ ഇത് പറയുന്നത്. അപ്പോൾ ഇക്കാര്യത്തിൽ ഒരു മറുപടി അർഹിക്കുന്നില്ല. എന്നാലും ഞാൻ മറുപടി പറഞ്ഞു എന്നേയുള്ളൂ. പിന്നെ അടുത്ത ആരോപണമാണ്, അതിനെക്കുറിച്ച് വളരെ വ്യക്തമായി പറയണം എന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ട്. ഈ സി. പി. സി. എന്നു പറയുന്നത് 1984-ൽ തുടങ്ങിയ കമ്മിറ്റിയാണ് (സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റി). ഈ വർഷം 169 കമ്പനികളാണ് അപ്ലൈ ചെയ്തത്. ആദ്യം തന്നെ ഞാൻ ചെയ്ത കാര്യം ഇവർക്ക് രജിസ്ട്രേഷൻ നടത്തണം, 25,000 രൂപ രജിസ്ട്രേഷൻ ഫീസ് നിശ്ചയിച്ചു. ഇതുവരെ ഫീസ് ഉണ്ടായിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എട്ടേമുക്കാൽ കോടി രൂപയുടെ ആരോപണം ഈ സഭയിൽ ഉന്നയിക്കപ്പെട്ടതാണ്, പക്ഷേ ഇപ്പോൾ ഒരു ആരോപണവും ഇതിനെക്കുറിച്ച് ഈ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടില്ല. 40 ലക്ഷം രൂപ അവരിൽനിന്ന് കിട്ടിയ സംഖ്യ ട്രഷറിയിൽ അടച്ചു. അതിനുശേഷം കമ്പനികളുടെ അപേക്ഷകൾ സ്ക്രൂട്ടിനൈസ് ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഡി. എച്ച്. എസ്., ഡി. എം. ഇ., ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ ബന്ധപ്പെട്ട ആൾക്കാരാണ് ഈ കമ്മിറ്റിയിൽ ഉള്ളത്. ആ കമ്മിറ്റി സ്ക്രൂട്ടിനൈസ് ചെയ്തിട്ട് 129 കമ്പനികളെ മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുത്തു. അതിനുശേഷം എസ്. എസ്. ഐ. യൂണിറ്റുകളും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ Indian Immunologicals എന്നു പറയുന്ന സ്ഥാപനവും അവരുടെ അപേക്ഷകളും പരിഗണിക്കപ്പെട്ടിട്ടില്ല എന്നു പറഞ്ഞു. സി. പി. സി. ഈ ഏഴ് ആൾക്കാരേയും കൂടി പരിഗണിക്കണമെന്നു പറഞ്ഞ് നോട്ട് എഴുതി ഇങ്ങോട്ടു വിട്ടു. എനിക്ക് ഇതിന്റെ സാങ്കേതികത്വം ഒന്നും അറിയാത്തതുകൊണ്ട് ഞാൻ അതിന്റെ മുകളിൽ തൊടാൻ തയ്യാറായില്ല. ഞാൻ അതുപോലെതന്നെ ആ നോട്ട് മുന്നോട്ടേക്കയച്ചു. അതിനുശേഷം ഇത് പരിശോധിക്കാമോ എന്ന് സി. പി. സി. ചോദിച്ചു. ഗവൺമെന്റ്



LIBRARY ARCHIVES Kerala Legislative Assembly

അക്കാര്യത്തെക്കുറിച്ച് പരിശോധിക്കാൻ വേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി അവരുടെ പരാതി കേട്ടു, അവർക്ക് പറയാനുള്ള കാര്യങ്ങൾ കേട്ടു. "സാധാരണഗതിയിൽ മുൻപ് ഞങ്ങൾ ഉണ്ടായിരുന്നു, ഇപ്രാവശ്യം ഞങ്ങൾ ഇല്ല, പുതിയ മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ്. അഞ്ചുകൊല്ലത്തെ എക്സ്പീരിയൻസ് ഉള്ള ആളുകൾക്കു മാത്രമേ കിട്ടു, പക്ഷേ കഴിഞ്ഞ വർഷം ഞങ്ങൾ ഉണ്ടായിരുന്നു, ഈ വർഷം ഞങ്ങളില്ല. കഴിഞ്ഞ വർഷം ഞങ്ങൾ ഉള്ളതുകൊണ്ട് ഈ വർഷവും കൂടി ഞങ്ങളെ പരിഗണിക്കണം എന്നു പറഞ്ഞു." കമ്മിറ്റി അത് പരിശോധിച്ചു, കമ്മിറ്റി അത് പരിശോധിച്ചതിനുശേഷം ഇവരെ ഏഴ് ആളെയും കൂടി ചേർക്കാൻവേണ്ടി ഗവൺമെന്റിലേയ്ക്ക് നിർദ്ദേശം വച്ചു. ആ നിർദ്ദേശം ഗവൺമെന്റ് അംഗീകരിക്കുകമാത്രമാണ് ചെയ്തത്. അതു മാത്രമല്ല, കഴിഞ്ഞവർഷത്തെ അതേ മരുന്നുകൾ ഈ പ്രാവശ്യം വാങ്ങിച്ചപ്പോൾ 5 കോടി രൂപ ലാഭം ഉണ്ടായി. അതാണ് മനസ്സിലാക്കേണ്ടത്. ഇവർ ഈ പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചു എന്ന് സ്വയം അവകാശപ്പെടുന്ന ആൾക്കാർ വാങ്ങിച്ച മരുന്നിനെക്കാൾ കൂടുതൽ 5 കോടി രൂപ ലാഭം അതേ മരുന്നുകൾക്ക് ഇപ്രാവശ്യം ഉണ്ടായി. പ്രോട്ടോക്കോളും, നോംസും മാത്രം നോക്കിയാൽ പോരാ, അത് സുതാര്യമാണോ എന്നുകൂടി നോക്കണം. ഇവിടെ സുതാര്യമായിട്ടാണ് നടത്തിയത്, അതുകൊണ്ടുതന്നെ ഈ ആരോപണം ആരോപണത്തിനുവേണ്ടി ഉന്നയിച്ചതാണ്. ഇത് എവിടേയും തെളിയിക്കാൻ സാധിക്കും, ഇത് ഒരു തുറന്ന പുസ്തകമാണ്. ഇതിന്റെ റിക്കോർഡ്സ് എല്ലായിടത്തും ഉണ്ട്. ഇതാർക്കും പരിശോധിക്കാം. ഒരുപക്ഷേ എനിക്ക് കിട്ടുന്നതിനേക്കാൾ വേഗത്തിൽ ഇതിന്റെ റിക്കോർഡ്സ് കിട്ടുന്ന ആൾക്കാർ അവരായിരിക്കും. അതും എനിക്കറിയാം. അതുകൊണ്ടുതന്നെ കാര്യങ്ങളെല്ലാം ചെയ്തു തീർത്ത് വളരെ സൂക്ഷ്മദൃക്കോടുകൂടി ഓരോ ഫയലും നോക്കി, പഠിച്ച് അതിന്റെ നിയമങ്ങളൊക്കെ മനസ്സിലാക്കിയിട്ടാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ ആരോപണങ്ങൾക്ക് അടിസ്ഥാനമില്ല. ഈ ആരോപണങ്ങളെ പൂർണ്ണമായിട്ട് ഞാൻ നിഷേധിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് വിനീതമായി ഞാൻ അപേക്ഷിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ചട്ടത്തിനും റൂളിനുമെല്ലാം വിരുദ്ധമായിട്ടുള്ള നിലയിൽ പ്രായോഗിക സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ 5 കോടി രൂപ കൂടുതലാണെന്ന് തോന്നി. അതനുസരിച്ച് ചെയ്തു എന്നു പറയുന്നത് ന്യായമാണെന്ന് അംഗീകരിക്കാൻ ഒക്കില്ല. അതാണ് ഇപ്പോൾ പറഞ്ഞത്. നിങ്ങൾക്ക് അങ്ങനെയെല്ലാം തോന്നിക്കാണും. അതുപോലെതന്നെ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി കൂപ്പൺ കാണിച്ചു. കേരള കോൺഗ്രസ്സിൽ ഉള്ളതുപോലെതന്നെ സി. പി. എം. ന്റെ കാലത്തും ഉണ്ടെന്നു പറഞ്ഞു. ഇവിടെ രണ്ടുംകൂടി വച്ചിട്ട് ഒരു അന്വേഷണം നടത്താൻ തയ്യാറാണോയെന്ന് ഞാൻ ചോദിക്കുകയാണ്. ഇതിനെപ്പറ്റി ചോദിച്ചത് ശ്രദ്ധിച്ചായിരുന്നുവോ ആ രണ്ട് രസീതുംകൂടി വച്ചുകൊണ്ട്.

മി. സ്പീക്കർ: ആ രസീത് മേശപ്പുറത്ത് വച്ചാലും മതി.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ്കുമാർ): സർ, അങ്ങനെ ഒരു രസീത് ആർ. ടി. ഒ. കൊടുത്തോ എന്ന് അറിയാൻ വേണ്ടി അന്വേഷണം നടക്കുന്നുണ്ട്. വ്യാജമായി അടിച്ചുണ്ടാക്കിയതാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അയാളെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും പുറത്താക്കി. ഞാൻ വയ്ക്കുന്ന രസീത് കൊടുത്ത ആളിനെ അങ്ങ് പുറത്താക്കുമോ ?

മി. സ്പീക്കർ: ധനാഭ്യർത്ഥന നമ്പർ IX. പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് ഇവിടെ മൂവ് ചെയ്തിരിക്കുന്ന കട്ട് മോഷനുകൾ പ്രസ് ചെയ്യുന്നുണ്ടോ ? (................ബഹളം...........) അതിന് സമാധാനം പറഞ്ഞില്ലേ. വേണ്ടന്നേ മത്തായി ചാക്കോ. പ്രതിപക്ഷ നേതാവ് ചോദിച്ചതിന് അദ്ദേഹം മറുപടിയും പറഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് ചോദിച്ചുകൊണ്ട് തന്നെയാണ്. അയാൾ പറഞ്ഞ മറുപടി എന്താണ് എന്ന് കേട്ടില്ല.

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞു. പറഞ്ഞല്ലോ. എന്നാലും ഒന്നുകൂടി പറ.

ശ്രീ. കെ. ബി. ഗണേഷ്കുമാർ: സർ, ഇത്തരത്തിലുള്ള ഒരു കൂപ്പൺ ഉണ്ടോ എന്ന് അന്വേഷിച്ചപ്പോൾ വ്യാജമായി ജില്ലാ കമ്മിറ്റിയിലെ ഒരാൾ അടിച്ചിറക്കിയതാണെന്നറിയുകയും ആ ജില്ലാ അംഗത്തെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും പാർട്ടി ചെയർമാൻ പുറത്താക്കുകയും ചെയ്തു. അത് ഞാൻ വ്യക്തമാക്കി. ഞാൻ മേശപ്പുറത്തുവയ്ക്കുന്ന കൂപ്പൺ അടിച്ചിറക്കിയ ആളെ പുറത്താക്കാൻ അങ്ങ് തയ്യാറാണോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ആ കൂപ്പൺ കാണട്ടെ.

മി. സ്പീക്കർ: ആ കൂപ്പൺ ഒന്ന് മേശപ്പുറത്ത് വച്ചേരെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ആ കൂപ്പൺ ബഹുമാനപ്പെട്ട സ്പീക്കർ വാങ്ങുക. അത് ബഹുമാനപ്പെട്ട സ്പീക്കറുടെ കയ്യിൽ എത്തിക്കുക.

(പ്രസ്തുത കൂപ്പൺ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ചെയറിനെ ഏൽപ്പിച്ചു.)

## ധനാഭ്യർത്ഥന നമ്പർ IX വാഹന നികുതികൾ

മി. സ്പീക്കർ: സർവ്വശ്രീ. കെ. പി. മോഹനൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, കെ.കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത്കോയ, പിരപ്പൻകോട് മുരളി, കെ. രാധാകൃഷ്ണൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ്ചന്ദ്രൻ, സാജു പോൾ, മഞ്ഞളാംകുഴി അലി, സി. കെ. നാണു, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, എൻ. രാജൻ, പി. എസ്. സുപാൽ, പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ,

LIBRARY ARCHIVES Kerala Legislative Assembly

വി. സി. കബീർ, ഡോക്ടർ തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ...................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2002-03 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

## അനുകൂലിക്കുന്നവർ—70

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽ കുമാർ
4. ,, എ. കെ. ആന്റണി
5. ,, എൻ. ഡി. അപ്പച്ചൻ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, ആർ. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ
11. ,, എം. എ. ചന്ദ്രശേഖരൻ
12. ,, ഡൊമിനിക് പ്രസന്റേഷൻ
13. ,, കെ. ബി. ഗണേഷ് കുമാർ
14. ,, എം. പി. ഗംഗാധരൻ
15. ,, പി. പി. ജോർജ്ജ്
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. ടി. എം. ജേക്കബ്ബ്
19. ,, ജോസഫ് എം. പുതുശ്ശേരി
20. ,, പി. ജെ. ജോയി
21. ,, കെ. എൻ. എ. ഖാദർ
22. ,, കെ. കെ. നായർ
23. ഡോ. എം. എ. കുട്ടപ്പൻ
24. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
25. ശ്രീ. ലൂഡി ലൂയിസ്
26. ,, സി. മമ്മൂട്ടി
27. ,, കെ. മുഹമ്മദാലി
28. ,, ഇ. ടി. മുഹമ്മദ് ബഷീർ
29. ,, കെ. മോഹൻ കുമാർ
30. ,, എ. കെ. മണി
31. ,, സി. മൊയിൻകുട്ടി
32. ,, ആര്യാടൻ മുഹമ്മദ്
33. ,, സി. പി. മുഹമ്മദ്
34. ,, എം. കെ. മുനീർ
35. ,, ഉമ്മൻചാണ്ടി
36. ,, എം. കെ. പോൾസൺ മാസ്റ്റർ
37. ,, വി. ജെ. പൗലോസ്
38. ,, അടൂർ പ്രകാശ്
39. ,, ടി. എൻ. പ്രതാപൻ
40. ,, ജി. പ്രതാപവർമ്മ തമ്പാൻ
41. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
42. ,, ടി. യു. രാധാകൃഷ്ണൻ
43. ശ്രീമതി രാധാരാഘവൻ
44. ശ്രീ. എം. വി. രാഘവൻ
45. ,, യു. സി. രാമൻ
46. ,, തമ്പാനൂർ രവി
47. ,, എൻ. ശക്തൻ
48. ,, പി. ശങ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

Page 87 of 94

49. ശ്രീ. കെ. ശങ്കരനാരായണൻ
50. ശ്രീമതി മാലേത്ത് സരളാദേവി
51. ശ്രീ. വി. ഡി. സതീശൻ
52. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
53. ശ്രീ. കെ. കെ. ഷാജു
54. „ കടവൂർ ശിവദാസൻ
55. ശ്രീമതി ശോഭനാ ജോർജ്ജ്
56. ശ്രീ. നാലകത്ത് സൂപ്പി
57. „ സ്റ്റീഫൻ ജോർജ്ജ്
58. „ കെ. സുധാകരൻ
59. „ ഡി. സുഗതൻ
60. ശ്രീ. എ. സുജനപാൽ
61. „ എൻ. സുന്ദരൻ നാടാർ
62. „ സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. „ തോമസ് ചാഴികാടൻ
66. „ ഉമേഷ് ചള്ളിയിൽ
67. „ എം. എ. വാഹിദ്
68. „ കെ. സി. വേണുഗോപാൽ
69. „ ബി. വിജയകുമാർ
70. „ കെ. പി. വിശ്വനാഥൻ

## പ്രതികൂലിക്കുന്നവർ—30

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. „ മഞ്ഞളാംകുഴി അലി
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ എ. കെ. ബാലൻ
5. „ ടി. കെ. ബാലൻ
6. „ ബിനോയ് വിശ്വം
7. „ വി. കെ. ചന്ദ്രൻ
8. „ വി. ചെന്താമരാക്ഷൻ
9. „ ടി. കെ. ദേവകുമാർ
10. „ കെ. കെ. ജയചന്ദ്രൻ
11. „ എം. വി. ജയരാജൻ
12. „ പി. ജയരാജൻ
13. „ വി. സി. കബീർ
14. „ എം. കുമാരൻ
15. „ കെ. വി. കുഞ്ഞിരാമൻ
16. ശ്രീ. കോവൂർ കുഞ്ഞുമോൻ
17. „ വി. കെ.സി. മമ്മത്കോയ
18. „ മത്തായി ചാക്കോ
19. „ കെ. പി. മോഹനൻ
20. „ സി. കെ. നാണു
21. „ പി. നാരായണൻ
22. „ കെ. രാധാകൃഷ്ണൻ
23. „ മാങ്കോട് രാധാകൃഷ്ണൻ
24. „ എൻ. രാജൻ
25. „ കെ. പി. രാജേന്ദ്രൻ
26. „ ടി. പി. രാമകൃഷ്ണൻ
27. „ സാജു പോൾ
28. „ കെ. പി. സതീശ്ചന്ദ്രൻ
29. „ പി. എസ്. സുപാൽ
30. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .. 70

പ്രതികൂലിക്കുന്നവർ .. 30

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

## ധനാഭ്യർത്ഥന നമ്പർ XVIII — വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

മി. സ്പീക്കർ : സർവ്വശ്രീ കെ. രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, പിരപ്പൻകോട് മുരളി, ടി. പി. രാമകൃഷ്ണൻ, വി. കെ. സി. മമ്മത് കോയ, മത്തായി ചാക്കോ, കെ. വി. കുഞ്ഞിരാമൻ, പി. ജയരാജൻ, കെ. കെ. ജയചന്ദ്രൻ, ടി. കെ. ദേവകുമാർ, വി. ചെന്താമരാക്ഷൻ, വി. കെ. ചന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, ടി. കെ. ബാലൻ, കെ. പി. രാജേന്ദ്രൻ, പി. എസ്. സുപാൽ, പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, എൻ. രാജൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. മോഹനൻ, സി. കെ. നാണു, വി. സി. കബീർ, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2002-03 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

### അനുകൂലിക്കുന്നവർ—71

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, എ. പി. അനിൽകുമാർ
4. ,, എ. കെ. ആന്റണി
5. ,, എൻ. ഡി. അപ്പച്ചൻ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, ആർ. ബാലകൃഷ്ണപിള്ള
9. ,, പി. കെ. കെ. ബാവ
10. ,, ടി. വി. ചന്ദ്രമോഹൻ
11. ,, എം. എ. ചന്ദ്രശേഖരൻ
12. ,, ഡൊമിനിക് പ്രസന്റേഷൻ
13. ശ്രീ. കെ. ബി. ഗണേഷ് കുമാർ
14. ,, എം. പി. ഗംഗാധരൻ
15. ,, പി. പി. ജോർജ്ജ്
16. ,, പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. ടി. എം. ജേക്കബ്ബ്
19. ,, ജോസഫ് എം. പുതുശ്ശേരി
20. ,, പി. ജെ. ജോയി
21. ,, വർക്കല കഹാർ
22. ,, കെ. എൻ. എ. ഖാദർ
23. ,, കെ. കെ. നായർ
24. ഡോ. എം. എ. കുട്ടപ്പൻ

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
26. „ ലൂഡി ലൂയിസ്
27. „ സി. മമ്മൂട്ടി
28. „ കെ. മുഹമ്മദാലി
29. „ ഇ. ടി. മുഹമ്മദ് ബഷീർ
30. „ കെ. മോഹൻ കുമാർ
31. „ എ. കെ. മണി
32. „ സി. മൊയിൻകുട്ടി
33. „ ആര്യാടൻ മുഹമ്മദ്
34. „ സി. പി. മുഹമ്മദ്
35. „ എം. കെ. മുനീർ
36. „ ഉമ്മൻചാണ്ടി
37. „ എം. കെ. പോൾസൺ മാസ്റ്റർ
38. „ വി. ജെ. പൗലോസ്
39. „ അടൂർ പ്രകാശ്
40. „ ടി. എൻ. പ്രതാപൻ
41. „ ജി. പ്രതാപവർമ്മ തമ്പാൻ
42. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
43. „ ടി. യു. രാധാകൃഷ്ണൻ
44. ശ്രീമതി രാധാരാഘവൻ
45. ശ്രീ. എം. വി. രാഘവൻ
46. „ യു. സി. രാമൻ
47. „ തമ്പാനൂർ രവി
48. „ എൻ. ശക്തൻ
49. ശ്രീ. പി. ശങ്കരൻ
50. „ കെ. ശങ്കരനാരായണൻ
51. ശ്രീമതി മാലേത്ത് സരളാദേവി
52. ശ്രീ. വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. „ കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്ജ്
57. ശ്രീ. നാലകത്ത് സൂപ്പി
58. „ സ്റ്റീഫൻ ജോർജ്ജ്
59. „ കെ. സുധാകരൻ
60. „ ഡി. സുഗതൻ
61. „ എ. സുജനപാൽ
62. „ എൻ. സുന്ദരൻ നാടാർ
63. „ സി. എഫ്. തോമസ്
64. പ്രൊഫ. കെ. വി. തോമസ്
65. ശ്രീ. പി. ടി. തോമസ്
66. „ തോമസ് ചാഴികാടൻ
67. „ ഉമേഷ് ചള്ളിയിൽ
68. „ എം. എ. വാഹീദ്
69. „ കെ. സി. വേണുഗോപാൽ
70. „ ബി. വിജയകുമാർ
71. „ കെ. പി. വിശ്വനാഥൻ

<u>പ്രതികൂലിക്കുന്നവർ—30</u>

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. „ മഞ്ഞളാംകുഴി അലി
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ എ. കെ. ബാലൻ
5. „ ടി. കെ. ബാലൻ
6. „ ബിനോയ് വിശ്വം
7. „ വി. കെ. ചന്ദ്രൻ
8. „ വി. ചെന്താമരാക്ഷൻ
9. „ ടി. കെ. ദേവകുമാർ
10. „ കെ. കെ. ജയചന്ദ്രൻ
11. „ എം. വി. ജയരാജൻ
12. ശ്രീ. പി. ജയരാജൻ
13. „ വി. സി. കബീർ
14. „ എം. കുമാരൻ
15. „ കെ. വി. കുഞ്ഞിരാമൻ
16. „ കോവൂർ കുഞ്ഞുമോൻ
17. „ വി. കെ. സി. മമ്മത്കോയ
18. „ മത്തായി ചാക്കോ
19. „ കെ. പി. മോഹനൻ
20. „ സി. കെ. നാണു
21. „ പി. നാരായണൻ
22. „ കെ. രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

Page 90 of 94

23. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
24. ,, എൻ. രാജൻ
25. ,, കെ. പി. രാജേന്ദ്രൻ
26. ,, ടി. പി. രാമകൃഷ്ണൻ
27. ശ്രീ. സാജു പോൾ
28. ,, കെ. പി. സതീശ്ചന്ദ്രൻ
29. ,, പി. എസ്. സുപാൽ
30. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .. 71

പ്രതികൂലിക്കുന്നവർ .. 30

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം

മി. സ്പീക്കർ : സർവ്വശ്രീ സി. കെ. നാണു, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, എൻ. രാജൻ, പി. എസ്. സുപാൽ, പി. നാരായണൻ, എം. കുമാരൻ, മാങ്കോട് രാധാകൃഷ്ണൻ, വി. സി. കബീർ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, പി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, കെ. കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത് കോയ, പിരപ്പൻകോട് മുരളി, കെ. രാധാകൃഷ്ണൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, സാജുപോൾ, മഞ്ഞളാംകുഴി അലി, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ........................

പ്രതികൂലിക്കുന്നവർ........................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2002-03 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

## അനുകൂലിക്കുന്നവർ—69

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. „ സി. ടി. അഹമ്മദ് അലി
3. „ എ. പി. അനിൽകുമാർ
4. „ എ. കെ. ആന്റണി
5. „ എൻ. ഡി. അപ്പച്ചൻ
6. „ ഇ. എം. അഗസ്തി
7. „ കെ. ബാബു
8. „ ആർ. ബാലകൃഷ്ണപിള്ള
9. „ പി. കെ. കെ. ബാവ
10. „ ടി. വി. ചന്ദ്രമോഹൻ
11. „ എം. എ. ചന്ദ്രശേഖരൻ
12. „ ഡൊമിനിക് പ്രസന്റേഷൻ
13. „ കെ. ബി. ഗണേഷ് കുമാർ
14. „ എം. പി. ഗംഗാധരൻ
15. „ പി. പി. ജോർജ്ജ്
16. „ പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. ടി. എം. ജേക്കബ്ബ്
19. „ ജോസഫ് എം. പുതുശ്ശേരി
20. „ പി. ജെ. ജോയി
21. „ വർക്കല കഹാർ
22. „ കെ. എൻ. എ. ഖാദർ
23. „ കെ. കെ. നായർ
24. ഡോ. എം. എ. കുട്ടപ്പൻ
25. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
26. „ ലൂഡി ലൂയിസ്
27. „ സി. മമ്മൂട്ടി
28. „ കെ. മുഹമ്മദാലി
29. „ ഇ. ടി. മുഹമ്മദ് ബഷീർ
30. „ കെ. മോഹൻ കുമാർ
31. „ എ. കെ. മണി
32. „ സി. മൊയിൻകുട്ടി
33. „ സി. പി. മുഹമ്മദ്
34. „ എം. കെ. മുനീർ
35. „ ഉമ്മൻചാണ്ടി
36. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ
37. „ വി. ജെ. പൗലോസ്
38. „ അടൂർ പ്രകാശ്
39. „ ജി. പ്രതാപവർമ്മ തമ്പാൻ
40. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
41. „ ടി. യു. രാധാകൃഷ്ണൻ
42. ശ്രീമതി രാധാരാഘവൻ
43. ശ്രീ. എം. വി. രാഘവൻ
44. „ യു. സി. രാമൻ
45. „ തമ്പാനൂർ രവി
46. „ എൻ. ശക്തൻ
47. „ പി. ശങ്കരൻ
48. „ കെ. ശങ്കരനാരായണൻ
49. ശ്രീമതി മാലേത്ത് സരളാദേവി
50. ശ്രീ. വി. ഡി. സതീശൻ
51. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
52. ശ്രീ. കെ. കെ. ഷാജു
53. „ കടവൂർ ശിവദാസൻ
54. ശ്രീമതി ശോഭനാ ജോർജ്ജ്
55. ശ്രീ. നാലകത്ത് സൂപ്പി
56. „ സ്റ്റീഫൻ ജോർജ്ജ്
57. „ കെ. സുധാകരൻ
58. „ ഡി. സുഗതൻ
59. „ എ. സുജനപാൽ
60. „ എൻ. സുന്ദരൻ നാടാർ
61. „ സി. എഫ്. തോമസ്
62. പ്രൊഫ. കെ. വി. തോമസ്
63. ശ്രീ. പി. ടി. തോമസ്
64. „ തോമസ് ചാഴികാടൻ
65. „ ഉമേഷ് ചള്ളിയിൽ
66. „ എം. എ. വാഹിദ്
67. „ കെ. സി. വേണുഗോപാൽ
68. „ ബി. വിജയകുമാർ
69. „ കെ. പി. വിശ്വനാഥൻ



LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—30

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. „ മഞ്ഞളാംകുഴി അലി
3. „ കോടിയേരി ബാലകൃഷ്ണൻ
4. „ എ. കെ. ബാലൻ
5. „ ടി. കെ. ബലൻ
6. „ ബിനോയ് വിശ്വം
7. „ വി. കെ. ചന്ദ്രൻ
8. „ വി. ചെന്താമരാക്ഷൻ
9. „ ടി. കെ. ദേവകുമാർ
10. „ കെ. കെ. ജയചന്ദ്രൻ
11. „ എം. വി. ജയരാജൻ
12. „ പി. ജയരാജൻ
13. „ വി. സി. കബീർ
14. „ എം. കുമാരൻ
15. „ കെ. വി. കുഞ്ഞിരാമൻ
16. ശ്രീ. കോവൂർ കുഞ്ഞുമോൻ
17. „ വി. കെ. സി. മമ്മത്കോയ
18. „ മത്തായി ചാക്കോ
19. „ കെ. പി. മോഹനൻ
20. „ സി. കെ. നാണു
21. „ പി. നാരായണൻ
22. „ കെ. രാധാകൃഷ്ണൻ
23. „ മാങ്കോട് രാധാകൃഷ്ണൻ
24. „ എൻ. രാജൻ
25. „ കെ. പി. രാജേന്ദ്രൻ
26. „ ടി. പി. രാമകൃഷ്ണൻ
27. „ സാജു പോൾ
28. „ കെ. പി. സതീശ്ചന്ദ്രൻ
29. „ പി. എസ്. സുപാൽ
30. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ . . ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ . . 69

പ്രതികൂലിക്കുന്നവർ . . 30

നിഷ്പക്ഷത പാലിക്കുന്നവർ . . ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI — ഗതാഗതം

മി. സ്പീക്കർ : സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, എൻ. രാജൻ, പി. നാരായണൻ, മാങ്കോട് രാധാകൃഷ്ണൻ, ടി. കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എ. കെ. ബാലൻ, വി. കെ. ചന്ദ്രൻ, ടി. കെ. ദേവകുമാർ, എം. വി. ജയരാജൻ, പി. ജയരാജൻ, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, മഞ്ഞളാംകുഴി അലി, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, സി. കെ. നാണു, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ് ചന്ദ്രൻ, കെ. കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, വി. കെ. സി. മമ്മത് കോയ, പിരപ്പൻകോട് മുരളി, സാജുപോൾ, വി. ചെന്താമരാക്ഷൻ, ഡോ. തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടിക യിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2002-03 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്ന തിനായി അനുവദിക്കണമെന്ന പ്രമേയത്തെ.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെക്കാണുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—71

1. ശ്രീ. പി. കെ. അബ്ദുറബ്ബ്
2. „ സി. ടി. അഹമ്മദ് അലി
3. „ എ. പി. അനിൽകുമാർ
4. „ എ. കെ. ആന്റണി
5. „ എൻ. ഡി. അപ്പച്ചൻ
6. „ ഇ. എം. അഗസ്തി
7. „ കെ. ബാബു
8. „ ആർ, ബാലകൃഷ്ണപിള്ള
9. „ പി. കെ. കെ. ബാവ
10. „ ടി. വി. ചന്ദ്രമോഹൻ
11. „ എം. എ. ചന്ദ്രശേഖരൻ
12. „ ഡൊമിനിക് പ്രസന്റേഷൻ
13. „ കെ. ബി. ഗണേഷ് കുമാർ
14. „ എം. പി. ഗംഗാധരൻ
15. „ പി. പി. ജോർജ്ജ്
16. „ പ്രയാർ ഗോപാലകൃഷ്ണൻ
17. ശ്രീമതി കെ. ആർ. ഗൗരിയമ്മ
18. ശ്രീ. ടി. എം. ജേക്കബ്ബ്
19. „ ജോസഫ് എം. പുതുശ്ശേരി
20. „ പി. ജെ. ജോയി
21. „ വർക്കല കഹാർ
22. „ കെ. എൻ. എ. ഖാദർ
23. „ കെ. കെ. നായർ
24. ഡോ. എം. എ. കുട്ടപ്പൻ
25. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
26. „ ലൂഡി ലൂയിസ്
27. „ സി. മമ്മൂട്ടി
28. „ കെ. മുഹമ്മദാലി
29. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
30. „ കെ. മോഹൻ കുമാർ
31. „ എ. കെ. മണി
32. „ സി. മൊയിൻകുട്ടി
33. „ ആര്യാടൻ മുഹമ്മദ്
34. „ സി. പി. മുഹമ്മദ്
35. „ എം. കെ. മുനീർ
36. „ ഉമ്മൻചാണ്ടി
37. „ എം. കെ. പോൾസൺ മാസ്റ്റർ
38. „ വി. ജെ. പൗലോസ്
39. „ അടൂർ പ്രകാശ്
40. „ ടി. എൻ. പ്രതാപൻ
41. „ ജി. പ്രതാപവർമ്മ തമ്പാൻ
42. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
43. „ ടി. യു. രാധാകൃഷ്ണൻ
44. ശ്രീമതി രാധാരാഘവൻ
45. ശ്രീ. എം. വി. രാഘവൻ
46. „ യു. സി. രാമൻ
47. „ തമ്പാനൂർ രവി
48. „ എൻ. ശക്തൻ
49. „ പി. ശങ്കരൻ
50. „ കെ. ശങ്കരനാരായണൻ
51. ശ്രീമതി മാലേത്ത് സരളാദേവി
52. ശ്രീ. വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. „ കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്ജ്

LIBRARY ARCHIVES Kerala Legislative Assembly

57. ശ്രീ. നാലകത്ത് സൂപ്പി
58. " സ്റ്റീഫൻ ജോർജ്ജ്
59. " കെ. സുധാകരൻ
60. " ഡി. സുഗതൻ
61. " എ. സുജനപാൽ
62. " എൻ. സുന്ദരൻ നാടാർ
63. " സി. എഫ്. തോമസ്
64. പ്രൊഫ. കെ. വി. തോമസ്
65. ശ്രീ. പി. ടി. തോമസ്
66. " തോമസ് ചാഴികാടൻ
67. " ഉമേഷ് ചള്ളിയിൽ
68. " എം. എ. വാഹീദ്
69. " കെ. സി. വേണുഗോപാൽ
70. " ബി. വിജയകുമാർ
71. " കെ. പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ—30

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. " മഞ്ഞളാംകുഴി അലി
3. " കോടിയേരി ബാലകൃഷ്ണൻ
4. " എ. കെ. ബാലൻ
5. " ടി. കെ. ബാലൻ
6. " ബിനോയ് വിശ്വം
7. " വി. കെ. ചന്ദ്രൻ
8. " വി. ചെന്താമരാക്ഷൻ
9. " ടി. കെ. ദേവകുമാർ
10. " കെ. കെ. ജയചന്ദ്രൻ
11. " എം. വി. ജയരാജൻ
12. " പി. ജയരാജൻ
13. " വി. സി. കബീർ
14. " എം. കുമാരൻ
15. " കെ. വി. കുഞ്ഞിരാമൻ
16. ശ്രീ. കോവൂർ കുഞ്ഞുമോൻ
17. " വി. കെ. സി. മമ്മത്കോയ
18. " മത്തായി ചാക്കോ
19. " കെ. പി. മോഹനൻ
20. " സി. കെ. നാണു
21. " പി. നാരായണൻ
22. " കെ. രാധാകൃഷ്ണൻ
23. " മാങ്കോട് രാധാകൃഷ്ണൻ
24. " എൻ. രാജൻ
25. " കെ. പി. രാജേന്ദ്രൻ
26. " ടി. പി. രാമകൃഷ്ണൻ
27. " സാജു പോൾ
28. " കെ. പി. സതീശ് ചന്ദ്രൻ
29. " പി. എസ്. സുപാൽ
30. ഡോ. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ .. 71

പ്രതികൂലിക്കുന്നവർ .. 30

നിഷ്പക്ഷത പാലിക്കുന്നവർ .. ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2002 ജൂൺ മാസം 12-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.55-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly